# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഫെബ്രുവരി 2015 വാല്യം 41 ലക്കം 10 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


**ശാസ്ത്ര കോൺഗ്രസ്സും മോദി അജണ്ടയും**

## പാരമ്പര്യത്തിന്റെ പൊള്ളയായ മഹത്വവൽക്കരണം രാജ്യത്തിന് അപമാനം

**എ**ല്ലാ വർഷവും സംഘടിപ്പിക്കപ്പെടുന്ന ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്, ഇന്ത്യയിലേയും പലപ്പോഴും വിദേശത്തേയും ശാസ്ത്രജ്ഞർക്ക് തങ്ങളുടെ കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കാനും, പരസ്പരം സംവദിക്കുവാനും, രാജ്യത്തെ ശാസ്ത്രസാങ്കേതിക ഗവേഷണത്തിന് കുറച്ചൊക്കെ ദിശാബോധം നൽകി സഹായിക്കുവാനും ഉതകുന്ന വലിയ വേദികളിലൊന്നാണ്. ആഗ്രഹിക്കുന്നതു പോലെ അതെപ്പോഴും കടമകൾ നിർവ്വഹിച്ചിട്ടില്ല എന്നത് സത്യമാണ്. പ്രത്യേകിച്ചും അടുത്തകാലങ്ങളിലായി, ശാസ്ത്രത്തിന്റെ സൈദ്ധാന്തികമോ വൈജ്ഞാനികമോ ആയ തലങ്ങളെ കൈകാര്യം ചെയ്യാൻ ശ്രമിക്കാതെ, സാങ്കേതികവിദ്യയുമായും വ്യവസായങ്ങളുമായും ഒക്കെ ബന്ധപ്പെട്ട പ്രശ്നങ്ങളിലേക്ക് അത് ഏറെക്കുറേ പരിമിതപ്പെടുകയാണ് ഉണ്ടായത്.

എങ്കിൽപ്പോലും, വിവിധശാസ്ത്ര ശാഖകളിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അദ്ധ്യാപകർക്കും ഒരുമിച്ചു കൂടി ശാസ്ത്ര സംബന്ധിയായ വിനിമയങ്ങൾ നടത്താനുള്ള ചർച്ചാവേദിയായിരുന്നു അത്. ഇതേ വേദിയാണ് അനവധി ഉന്നതരായ ശാസ്ത്രജ്ഞരുടെ ചരിത്രപ്രസിദ്ധങ്ങളായ അധ്യക്ഷപ്രസംഗങ്ങൾക്ക് ചെവികൊടുത്തിരുന്നത്. ഈ വേദിയിലാണ് ആചാര്യ പ്രഫുല്ലചന്ദ്ര റേ, 1920-ൽ 'ആധുനിക ഇന്ത്യയിലെ ശാസ്ത്രത്തിന്റെ ഉദയം' എന്ന വിഷയത്തിൽ സംസാരിച്ചത്. (ആചാര്യ തന്റെ കഠിനപ്രയത്നം നിറഞ്ഞ ഗവേഷണത്തിലൂടെ ഹിന്ദു രസതന്ത്രം, അതായത് പുരാതനഭാരതത്തിലെ രസതന്ത്രം, എന്ന അമൂല്യമായ ലേഖനവും രചിച്ചിരുന്നു) തന്റെ വാക്കുകളിലൂടെ, പുരാതനഭാരതത്തിലെ ശാസ്ത്രനേട്ടങ്ങൾക്ക് അർഹമായ അംഗീകാരം നൽകുന്നതോടൊപ്പം, ജനങ്ങളെ ശരിയായ ശാസ്ത്ര അവബോധത്താൽ സുശക്തരാക്കാനും അദ്ദേഹം ലക്ഷ്യം വെച്ചിരുന്നു. ഇതേ വേദി തന്നെയാണ്, ഈ വർഷം മഹാരാഷ്ട്രയിലെ മുംബൈ സർവ്വകലാശാലയിൽ നടന്ന അതിന്റെ 102-ാം സമ്മേളനത്തിൽ വെച്ച് ദുരുപയോഗം ചെയ്യപ്പെട്ടതെന്നത് വളരെ വേദനാകരമാണ്. സന്ദർഭവശാൽ, കേന്ദ്രത്തിൽ അധികാരത്തിലേറുകയും, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ സംസ്ഥാനത്ത് ഭരണം നേടിയെടുക്കുകയും ചെയ്ത ആർഎസ്എസ്-ബിജെപി കൂട്ടുകെട്ടാണ് ശാസ്ത്ര കോൺഗ്രസ് അവിടെ നടത്താൻ മുൻകൈയെടുത്തതെന്നതും പ്രാധാന്യമർഹിക്കുന്നു.

### ശാസ്ത്രത്തോട് വിട പറഞ്ഞ ശാസ്ത്രകോൺഗ്രസ്

ഇക്കൊല്ലത്തെ ശാസ്ത്ര കോൺഗ്രസിൽ, "പ്രാചീനശാസ്ത്രങ്ങൾ സംസ്കൃതത്തിലൂടെ" എന്ന പ്രമേയം കേന്ദ്രമാക്കിയുള്ള സിമ്പോസിയം ഉൾപ്പെടുത്തിയിരുന്നു. ഉദ്ഘാടനം നിർവ്വഹിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെ പ്രമേയത്തിന്റെ ധ്വനി മുൻകൂട്ടി ഉറപ്പിച്ചിരുന്നു. ശാസ്ത്രത്തെയും ഇന്ത്യൻ

*(ശേഷം 6-ാം പേജിൽ)*

## യുഡിഎഫ് ഗവണ്മെന്റിന് അധികാരത്തിൽ തുടരാൻ ധാർമ്മികാവകാശമില്ല

**ഭീ**മമായ ബാർ കോഴ ഇടപാടിലും, തുടർന്ന് ഇന്നോളം കേട്ടുകേഴ്വിയില്ലാത്ത തരത്തിൽ ബജറ്റിൽ അവിഹിതമായ ഇളവനുവദിക്കുന്നതിനായി നടത്തിയ കോടാനുകോടി രൂപയുടെ അഴിമതി ആരോപണത്തിലും പെട്ട്, സത്യപ്രതിജ്ഞാ ലംഘനമുൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നടത്തിയ ധനമന്ത്രി കെ.എം. മാണിയെ പുറത്താക്കുകയും, അദ്ദേഹത്തിനെതിരെ നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതിനു പകരം, നിർലജ്ജം കുറ്റവാളിയെ സംരക്ഷിക്കുന്ന ഉമ്മൻചാണ്ടി സർക്കാരിന് അധികാരത്തിൽ തുടരാൻ ധാർമ്മികാവകാശമില്ല. മന്ത്രിമാർക്ക് കോഴ നൽകി അതിന്റെ തെളിവ് വച്ച് ഗവണ്മെന്റിനെ ബ്ലാക്ക്മെയിൽ ചെയ്യുന്ന മാഫിയകൾ വരച്ച കളത്തിൽ കളിക്കുന്ന രാഷ്ട്രീയ ജീർണ്ണതയാണ് ഉമ്മൻചാണ്ടി സർക്കാർ കാട്ടുന്നത്. മദ്യനയത്തിൽ നടത്തിയ മലക്കം മറിച്ചിലിലൂടെ അത് പകൽപോലെ വ്യക്തമായിരിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ തുടരുന്ന ഓരോ നിമിഷവും ജനതാല്പര്യത്തിന് വിരുദ്ധമായി മാഫിയകളുടെ താല്പര്യത്തിനനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്ന് ന്യായമായും ശങ്കിക്കേണ്ടിയിരിക്കുന്നു. അതിനാൽ എത്രയും വേഗം ഈ ഗവണ്മെന്റിനെ താഴെയിറക്കേണ്ടത് ജനാധിപത്യവിശ്വാസികളുടെ കർത്തവ്യമാണ്. അതിന് വേണ്ടി ജനാധിപത്യപരമായ ബഹുജനസമരം വളർത്തിയെടുക്കാൻ തയ്യാറാകുന്നതിന് പകരം നിയമസഭയിൽ കൂറുമാറ്റവും കുതികാൽവെട്ടും പ്രോത്സാഹിപ്പിച്ച് രാഷ്ട്രീയമുതലെടുപ്പിന് വേണ്ടി ചരടുവലി നടത്തുന്ന പ്രതിപക്ഷനിലപാട് രാഷ്ട്രീയരംഗത്തെ സദാചാരമൂല്യത്തകർച്ചയ്ക്ക് ആക്കം കൂട്ടുകയേയുള്ളൂ.

കോടികൾ കൈക്കൂലി വാങ്ങി ബാറുകൾ തുറ

*(ശേഷം 2-ാം പേജിൽ)*

## കൊൽക്കത്തയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രക്ഷോഭത്തിനുനേരെ പോലീസ് തേർവാഴ്ച

**കോ**ർപ്പറേറ്റുകളെ വാനോളമുയർത്തുന്ന മോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കും പശ്ചിമ ബംഗാൾ സംസ്ഥാനത്തെ രാഷ്ട്രീയത്തിന്റെ കുറ്റവൽക്കരണത്തിനുമെതിരെ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 4 ന് കൊൽക്കത്തയിൽ നിയമം ലംഘിച്ചുകൊണ്ടുനടന്ന ഗവർണേഴ്സ് പാലസ് മാർച്ചിനുനേരെ പോലീസ് മൃഗീയമായ ലാത്തിച്ചാർജ് നടത്തി. ഇരുന്നൂറ്റമ്പതോളം എസ്‌യുസിഐ(സി) പ്രവർത്തകർക്ക് പരിക്കേറ്റു. 33 പേരെ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു പ്രവർത്തകന്റെ കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ടു.

കേന്ദ്രസർക്കാരിന്റെ ഭൂമി പിടിച്ചെടുക്കൽ ഓർഡിനൻസ് പിൻവലിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നത് ഉടൻ അവസാനിപ്പിക്കുക, പശ്ചിമബംഗാൾ സംസ്ഥാനത്ത് അനുദിനം തകർന്നുകൊണ്ടിരിക്കുന്ന ക്രമസമാധാനം പുനഃസ്ഥാപിക്കുക, സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങളും രാഷ്ട്രീയത്തിന്റെ കുറ്റവൽക്കരണവും തടയുക, വിലക്കയറ്റം തടയുക, വൈദ്യുതി ചാർജ്ജ് പിൻവലിക്കുക തുടങ്ങിയ 18 ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് നടന്ന നിയമലംഘന സമരത്തിൽ മുപ്പതിനായിരത്തോളം പേർ അണിനിരന്നു. മാർച്ച് കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സൗമൻബോസ് ഉദ്ഘാടനം ചെയ്തു. ഡോ.തരുൺമണ്ഡൽ, പ്രൊഫ. തരുൺ നസ്കർ തുടങ്ങിയ സംസ്ഥാന നേതാക്കൾ സമരത്തിന് നേതൃത്വം നൽകി. ●



വനിതാ പ്രവർത്തകർക്കുനേരെയുള്ള പോലീസ് അതിക്രമം



ഫെബ്രുവരി 4 ന് കൊൽക്കത്തയിൽ എസ്‌യുസിഐ(സി) പ്രവർത്തകർ നടത്തിയ ഗവർണേഴ്സ് പാലസ് മാർച്ച് പോലീസ് തടഞ്ഞപ്പോൾ.

# പ്രതിപക്ഷം സങ്കുചിതമായ പാർലമെന്ററി രാഷ്ട്രീയം വെടിയുക ജനസമരങ്ങളിലൂടെ യുഡിഎഫിന്റെ അഴിമതി ഭരണത്തെ പുറത്താക്കുക

**യുഡിഎഫ് ഗവൺമെന്റിന് ധാർമ്മികാവകാശമില്ല....**

*(1-ാം പേജിൽ നിന്ന്)*

ന്നുകൊടുക്കുകവഴി യുഡിഎഫ് സർക്കാർ കേരളത്തിലെ ജനങ്ങളെ നിഷ്കരുണം ചതിച്ചിരിക്കുകയാണ്. നെടുങ്കൻ ആദർശപ്രസംഗങ്ങളുടെ അകമ്പടിയോടെ അവതരിപ്പിച്ച മദ്യനയം അപ്പാടേ മദ്യമാഫിയയുടെ സമ്മർദ്ദതന്ത്രങ്ങൾക്കു കീഴ്‌വഴങ്ങി വെള്ളംതൊടാതെ വിഴുങ്ങേണ്ടിവന്ന നാണംകെട്ട പ്രതിച്ഛായയാണ് ഉമ്മൻചാണ്ടി സർക്കാരിനിന്നുള്ളത്. കോഴവാങ്ങി, കേരളത്തെ ബാർ മുതലാളിമാർക്ക് അടിയറ വച്ച ഈ സർക്കാരിന് അധികാരത്തിൽ തുടരാൻ ധാർമ്മികമായി യാതൊരു അർഹതയുമില്ല. ഗുരുതരമായ അഴിമതി ആരോപണം നേരിടുന്ന ധനമന്ത്രി കെ.എം. മാണിയും അധികാരത്തിൽ കടിച്ചുതൂങ്ങാതെ രാജിവച്ച് സത്യസന്ധവും നീതിപൂർവ്വകവുമായ അന്വേഷണത്തിന് അവസരമൊരുക്കണം. എല്ലാമേഖലയിലും നടമാടുന്ന അഴിമതി കേരള രാഷ്ട്രീയാന്തരീക്ഷത്തിന്റെ അന്തമറ്റ ജീർണ്ണതയുടെ ചിത്രമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്.

സോളാർ കേസും മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെട്ട വ്യാജഇടപാടുകളും തുടങ്ങി ഇപ്പോൾ ഒടുവിൽ പാറ്റൂർ ഫ്ളാറ്റ് നിർമ്മാണവും ദേശീയ ഗയിംസ് നടത്തിപ്പും ആറന്മുള ഭൂമി ഇടപാടും വരെ എണ്ണിയാലൊടുങ്ങാത്ത വിഷയങ്ങളിൽ ഉന്നതസ്ഥാനീയർക്കു വ്യക്തമായ പങ്കുള്ള അവിഹിത ഏർപ്പാടുകളും, ഒപ്പം നിർത്തലില്ലാതെ തുടരുന്ന ജനദ്രോഹ നടപടികളും എല്ലാംകൊണ്ട് സഹികെട്ട അവസ്ഥയിലാണ് ജനങ്ങൾ ഇന്ന്. പൂർവ്വാധികം ശക്തിയോടെ മടങ്ങിവരുന്ന മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും കുത്തൊഴുക്കു കൂടിയായപ്പോൾ കേരളം തകർച്ചയുടെ വക്കോളമെത്തിയിരിക്കുന്നു.

മദ്യത്തിന്റെ കുത്തൊഴുക്ക് തടയണം എന്നത് ജനങ്ങൾ ദീർഘകാലമായി ഉയർത്തുന്ന ആവശ്യമാണ്. മാറി മാറി അധികാരത്തിലിരുന്ന സർക്കാരുകൾ കക്ഷിഭേദമെന്യേ മദ്യമുതലാളിമാർക്കുവേണ്ടി നടത്തിയ ഭരണം കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക അന്തരീക്ഷത്തെ മുച്ചൂടും തകർത്തുകളഞ്ഞു. ലോകത്ത് ഏറ്റവും കൂടുതൽ മദ്യപന്മാരുള്ള നാടാക്കി കേരളത്തെ മാറ്റിയെടുത്തത് ഇക്കൂട്ടരാണ്. ലോകത്തുതന്നെ ചെറുപ്രായത്തിൽ കുടിതുടങ്ങുന്ന ആളുകളുടെ നാടാക്കിയും ഇവർ കേരളത്തെ മാറ്റിത്തീർത്തു. അങ്ങനെ കേരളം കുറ്റകൃത്യങ്ങളുടെ സ്വന്തം നാടായി മാറി. സ്ത്രീകളുടെയും കുട്ടികളുടെയും മേൽ അതിക്രമങ്ങൾക്കുമേൽ അതിക്രമങ്ങൾ അരങ്ങേറപ്പെടുന്നു. അവരുടെ കണ്ണുനീർ തോരാതെയായി.

418 ബാറുകൾ സുപ്രീംകോടതിയുടെ ഇടപെടലിനെത്തുടർന്നാണെങ്കിലും പൂട്ടിയപ്പോൾ അത്രയുമാശ്വാസം എന്ന് ജനങ്ങൾ കരുതി. 418 ബാറുകൾ പൂട്ടപ്പെട്ടപ്പോൾ കേരളീയസമൂഹത്തിലുണ്ടായ ഗുണപരമായ മാറ്റം ജനങ്ങളിൽ കൂടുതൽ ആത്മവിശ്വാസമുണ്ടാക്കി. ഘട്ടംഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കണം എന്ന ആവശ്യം ശക്തമായി. കെപിസിസി പ്രസിഡന്റും ഈ ആവശ്യത്തിനൊപ്പം നിന്നു. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ജനാഭിലാഷത്തിന്റെ ഉത്തമ കാവൽക്കാരന്റെ പരിവേഷമണിഞ്ഞ് മുഖ്യമന്ത്രി പ്രഖ്യാപിച്ച മദ്യനയത്തിൽ ബാക്കി ബാറുകളും പൂട്ടപ്പെട്ടു. ബിവറേജസ് ഔട്‌ലെറ്റുകൾ കുറച്ചുകൊണ്ടുവരാൻ തീരുമാനമായി. എല്ലാ ഞായറാഴ്ചകളും ഡ്രൈ ഡേ ആയി. കേരളത്തിന്റെ സാഹചര്യം മനസ്സിലാക്കി മുഖ്യമന്ത്രി അവസരത്തിനൊത്തുയർന്നു എന്നാണ് സദ്ബുദ്ധികൾ കരുതിയത്. എന്നാൽ അതൊരു നെറികെട്ട വിലപേശലായിരുന്നു എന്നാണ് പിന്നാലെ വന്ന നടപടികളും വാർത്തകളും തെളിയിക്കുന്നത്.

ബാർ കോഴക്കേസിലൂടെ പുറത്തുവന്നിരിക്കുന്നത് കേരളം കണ്ട വലിയ അഴിമതികളിലൊന്നാണ്. വമ്പിച്ച അഴിമതി നടന്നിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. അല്ലാത്തപക്ഷം സർക്കാർ ഇത്രമേൽ നാണംകെട്ട് വച്ചകാൽ പിന്നോട്ടുവയ്ക്കില്ലായിരുന്നു. തുകയെത്ര എന്ന കാര്യത്തിൽ മാത്രമാണ് തർക്കം ബാക്കി നിൽക്കുന്നത്. 30 കോടിയാണ് ആവശ്യപ്പെട്ടതെന്നും 5 കോടി കൈമാറിയെന്നും ആരോപണമുയരുമ്പോൾ മറുപടി പറയാൻ വിഷമിക്കുന്ന യുഡിഎഫിനെയും കെ.എം. മാണിയെയുമാണ് നാം കാണുന്നത്. നാലു കോൺഗ്രസ് മന്ത്രിമാരുംകൂടി ഇപ്പോൾ പ്രതിസ്ഥാനത്താണ്. അത് സംഭവ്യമാണുതാനും. മന്ത്രി മാണിക്ക് മാത്രമായി കോഴ കൊടുത്തിട്ട് കാര്യമില്ല എന്നത് അറിയാത്തവരല്ലല്ലോ ബാർ മുതലാളിമാർ. 418 ബാറുകൾ അടഞ്ഞുകിടന്നപ്പോൾ അവശേഷിച്ച 312 ബാറുകളുടെ വരുമാനം കൂടിയത്രേ! അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത് എന്നാവശ്യപ്പെട്ട് തുറന്നിരുന്ന ബാറുകളുടെ മുതലാളിമാർ ആദ്യം കോടികൾ നൽകി. തുറന്നിരുന്ന 312 ഉം അടയ്ക്കുമെന്ന ഘട്ടം വന്നപ്പോൾ തുറന്നിരുന്നത് അടയ്ക്കാതിരിക്കാനും നൽകി കോടികൾ. എന്തൊരു സ്ഥിതിവിശേഷമാണ് എന്ന് ആലോചിച്ചു നോക്കുക.

മന്ത്രി കെ.എം.മാണി രാജിവയ്ക്കണം എന്ന ആവശ്യത്തോട് ധിക്കാരപരമായാണ് യുഡിഎഫ് ഒന്നാകെ പ്രതികരിക്കുന്നത്. ഒരു അഴിമതി ആരോപണം ഉയരുമ്പോൾ രാജിവയ്ക്കേണ്ടതാണ് എന്ന് തോന്നണമെങ്കിൽ അതിന് ഒരു മിനിമം ധാർമ്മിക നിലവാരം ആവശ്യമാണ്. അഴിമതി ഇന്ന് സാർവ്വത്രികമായ ഒരു പ്രതിഭാസമാണ്. കൈമാറുന്നത് കോഴയല്ല, കമ്മീഷനാണ്. കമ്മീഷനില്ലാത്ത ഇടപാടുകളില്ല. കമ്മീഷനുകളിലാണ് രാഷ്ട്രീയക്കാരുടെ കണ്ണ് എപ്പോഴും. ഇത് രാജിയുടെ മാത്രം പ്രശ്നവുമല്ല, എന്തുപേരിലായാലും കൈക്കൂലി വാങ്ങിയവർ ആരൊക്കെത്തന്നെയായാലും അവർ മാതൃകാപരമായി ശിക്ഷിക്കപ്പെട്ടേ മതിയാകൂ.

ബിജു രമേശ് എന്ന അബ്കാരി കോൺട്രാക്ടർ കോടികൾ കൊടുത്തത് ജനതാൽപര്യത്തെയും മറികടന്ന് ബാറുകൾ തുറന്നുകിട്ടാൻവേണ്ടിയായിരുന്നു. സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവന ആയിരുന്നില്ല അത്. കൈക്കൂലി കൊടുക്കുന്നതും വാങ്ങുന്നതും ഒന്നുപോലെ കുറ്റകരമായിരിക്കുമ്പോൾ എന്തുകൊണ്ട് ബിജുരമേശിനെ അറസ്റ്റുചെയ്യുന്നില്ല? കോഴ കൊടുത്തതായി കൂസലെന്യേ പറയുന്ന ബിജുരമേശും മറ്റ് ബാർ ഉടമകളും നിയമാനുസൃതമായ ശിക്ഷയ്ക്ക് അർഹർ തന്നെയാണ്. ഇതു മറന്നുകൊണ്ടാണ് ബിജു രമേശിന്റെ അഴിമതി വിരുദ്ധ പോരാട്ടങ്ങൾ(!)ക്ക് പിന്തുണയുമായി ബിജെപിയും ഇടതുമുന്നണിയുമടക്കം പലരും രംഗത്തെത്തിയിരിക്കുന്നത്. ഇത് അങ്ങേയറ്റം അപഹാസ്യമാണ്. ധാർമ്മികതയല്ല, മറിച്ച് കേവലമായ സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങളാണ് കക്ഷിഭേദമെന്യേ ഏവരെയും നയിക്കുന്നത് എന്നത് ഒരിക്കൽകൂടി തെളിയിക്കപ്പെടുകയാണ്.

ബാർമുതലാളിമാർക്ക് അനുകൂലമായി വിധിപ്രഖ്യാപനം നടത്തിയ കോടതിയുടെ നിലപാടും ദുരൂഹമാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിയും സുപ്രീംകോടതിയും സ്വീകരിച്ചിരിക്കുന്നത് ഒരേ നിലപാടാണ്. വിവേചനം അനുവദിക്കില്ല എന്ന് പേർത്തും പേർത്തും പറയുന്ന കോടതി 418 ബാറുകൾ അടച്ചുപൂട്ടുക വഴി കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിലുണ്ടായ ഗുണപരമായ വ്യത്യാസത്തിനുനേരെ ബോധപൂർവ്വം കണ്ണടയ്ക്കുകയാണ്. അത് കാണാൻ കോടതിക്ക് താൽപര്യമില്ല. ജനതാൽപര്യമല്ല പരിഗണിക്കേണ്ടത് എന്ന് കേരള ഹൈക്കോടതി ഈ വിഷയം ചർച്ചയ്ക്കെടുക്കപ്പെട്ട തുടക്കത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്. സംസ്ഥാന സർക്കാരിന്റെ മദ്യനയത്തെ പരിഹസിക്കുന്ന കോടതി എന്തേ ഇതിന്റെ പിന്നിൽ മറിയുന്ന കോടികളെക്കുറിച്ച് യാതൊരു പരാമർശവും നടത്തിയില്ല? മാത്രമല്ല വിധിപ്രഖ്യാപനത്തിന് മുമ്പ് ബാർ മുതലാളിമാർ നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ, കോടതി തങ്ങൾക്കനുകൂലമാകും എന്ന് പ്രസ്താവിക്കാനുള്ള ധൈര്യം കാണിക്കുന്നുണ്ട്. കോടതി തങ്ങൾക്കനുകൂലമായിരിക്കും എന്ന് മുൻകൂട്ടി ബാർമുതലാളിമാർ മനസ്സിലാക്കിയത് എങ്ങനെയാണ്? ഫലത്തിൽ ബാർമുതലാളിമാരും സർക്കാരും ആഗ്രഹിച്ച വിധിപ്രഖ്യാപനം തന്നെയാണ് കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. ഇടതുവലതുമുന്നണികളും അബ്കാരി മാഫിയയും കോടതിയുമൊക്കെ ചേർന്നുള്ള ഒരു വാണിയനും വാണിയത്തിയും നാടകമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സർക്കാരും പ്രതിപക്ഷവും അബ്കാരികളും കോടതിയും ഉദ്ദേശിച്ചയിടങ്ങളിൽ തന്നെയാണ് കാര്യങ്ങൾ ഒടുവിൽ എത്തിനിൽക്കുന്നത് എന്നതുതന്നെയാണ് ഇതിനുള്ള തെളിവ്.

ദിനേന ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ വെളിപ്പെടുത്തലുകൾ സർക്കാരിനെ കൂടുതൽ പ്രതിക്കൂട്ടിലാക്കുകയാണ്. ബിജു രമേശുമായി ബാലകൃഷ്ണപിള്ളയും പിസി ജോർജ്ജും നടത്തിയ ഫോൺ സംഭാഷണം പുറത്തായതാണ് യുഡിഎഫിൽ പുതിയ പ്രതിസന്ധിക്ക് വഴിയൊരുക്കിയിരിക്കുന്നത്. ഫോൺ സംഭാഷണം പുറത്തായതിനെത്തുടർന്ന് ബാലകൃഷ്ണപിള്ളയെ മുന്നണിയിൽനിന്നു പുറത്താക്കണം എന്ന് കെ.എം. മാണി ആവശ്യപ്പെട്ടു. പുറത്തുപോകുന്ന പ്രശ്നമില്ല വേണമെങ്കിൽ പുറത്താക്കട്ടെയെന്നും പുറത്താക്കിയാൽ വിവരം അറിയുമെന്നുമായി ബാലകൃഷ്ണപിള്ള. ബിജു രമേശിനെപ്പോലെ ആർ.ബാലകൃഷ്ണ പിള്ളയും പെട്ടെന്ന് അഴിമതി വിരുദ്ധനായി. മുന്നോക്ക ക്ഷേമകോർപ്പറേഷൻ ചെയർമാൻസ്ഥാനം രാജിവയ്ക്കുകയും ചെയ്തു. മുന്നണി തന്നെ വിട്ടുകളയും എന്ന പ്രതീതിയും സൃഷ്ടിക്കാതെയിരുന്നില്ല. മറ്റൊന്ന് കാണാതെ കയ്യിൽകിട്ടിയത് കളയാൻ ബാലകൃഷ്ണപിള്ള തയ്യാറാകില്ല എന്നത് പിള്ളയെ അറിയുന്ന ഏതൊരാളും സമ്മതിക്കും. മുന്നണിയുംകൂടെ വിട്ടാൽ പിന്നെയെങ്ങോട്ട് എന്നതും നോക്കണം. ബാലകൃഷ്ണപിള്ളയ്ക്ക് പിന്തുണയുമായി ആദ്യം രംഗത്തുവന്നത് ബിജെപി. അതിൽ അപകടം മണത്ത പിണറായി വിജയൻ ഉടനടി പിന്തുണയുമായി രംഗത്തുവന്നു. അച്ചുതാനന്ദനും ബാലകൃഷ്ണപിള്ളയെ പിന്തുണച്ചപ്പോൾ ഞെട്ടിയത് കേരളത്തിലെ ജനങ്ങളൊന്നാകെ. ഇടമലയാർ കേസും ബാലകൃഷ്ണപിള്ളയുടെ ജയിൽവാസവും മറന്നേക്കുക. ഇപ്പോൾ പിള്ള യുഡിഎഫിനകത്താണോ പുറത്താണോ അത് വ്യക്തമല്ല, എൽഡിഎഫ് തള്ളുമോ കൊള്ളുമോ അതും പറയാറായിട്ടില്ല. തള്ളാനും കൊള്ളാനും മൂന്നാമത് ആരെങ്കിലുമുണ്ടോ അതും വ്യക്തമായിട്ടില്ല. എന്തായാലും കാര്യങ്ങളിൽ തൽക്കാലത്തേയ്ക്ക് സമവായമായി എന്നു കുരുതുന്നതിൽ തെറ്റില്ല.

അഴിമതി വിവാദം മറ്റൊരു തന്ത്രമാണ്. ഇപ്പോൾ അഴിമതിയാണ് ചർച്ചാവിഷയം, മദ്യനയമല്ല. 718 ബാറുകളും തുറന്നുകിട്ടുക എന്നതിൽ കുറഞ്ഞ യാതൊന്നുകൊണ്ടും ബാർ മുതലാളിമാർ തൃപ്തിപ്പെടാൻ തയ്യാറായി എന്നുവരില്ല. ബിയർ വൈൻ പാർലറുകൾ തുറന്നു കിട്ടുന്നതുകൊണ്ടോ 10 ബാറുകൾക്ക് മാത്രമായി ലൈസൻസ് പുതുക്കിക്കിട്ടുന്നതുകൊണ്ടോ അവർ തൃപ്തരാകില്ല. അത് യുഡിഎഫ് നേതാക്കന്മാർക്കും അറിയാം. ബാറുകൾ എല്ലാം തുറന്നുകിട്ടുന്നതുവരെ കാര്യങ്ങൾ ഇങ്ങനെ തുടർന്നേക്കാം. കോടതിയുടെ പിന്തുണ നിർല്ലോഭവുമാണ്.

ഇത് നാടകമാണ്. കെ.എം.മാണി പറഞ്ഞപാലെ ഇതിനകം എത്രയോ അഴിമതി ആരോപണങ്ങൾ വന്നിരിക്കുന്നു. തടുത്തിരിക്കുന്നു, അത്രയേയുള്ളൂ. സോളാർ പോലെയും മറ്റു പലതുപോലെയും അൽപ്പായുസ്സായി ഇതും ഒടുങ്ങിയേക്കാം. മാണിയുടെ രാജിവരെയും സമരം എന്ന പഴയമട്ട് ഗീർവ്വാണങ്ങളും അധികം ഏശില്ല. ദേശീയ ഗയിംസിലെ കോടികളുടെ അഴിമതിയെച്ചൊല്ലിയുള്ള വിവാദങ്ങൾ ഇതിനകം ഉയർന്നു കഴിഞ്ഞു. എന്നാൽ ഈ വിവാദങ്ങളുടെ മറവിൽ വീണ്ടും ജനങ്ങൾ കബളിപ്പിക്കപ്പെടുന്നു എന്നതാണ് സത്യം. ജനശ്രദ്ധ തിരിച്ചുവിടാനുള്ള തന്ത്രംകൂടെയാണ് ഈ വിവാദങ്ങൾ. അഴിമതിക്കെതിരെ നടക്കുന്ന സമരങ്ങളും പ്രഹസനങ്ങളാണ്. വഴിപാടിനപ്പുറമുള്ള ആത്മാർത്ഥതയൊന്നും പാർട്ടിയേതായാലും മുന്നണിയേതായാലും ആരും കാണിക്കാൻ ഉദ്ദേശിക്കുന്നില്ല. സെക്രട്ടേറിയറ്റിനുമുന്നിലുള്ള പതിവു കലാപരിപാടികൾക്കപ്പുറം അതിനൊന്നും ആയുസ്സില്ല.

ഇതിന്റെയെല്ലാം മറവിൽ ജനങ്ങൾക്കെതിരായ ഭരണം തകൃതിയായി തന്നെ നടക്കുന്നുണ്ട്. പെട്രോളിന് വിലയെക്കാളേറെ നികുതി കൊടുക്കുന്ന കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വിലയിടിഞ്ഞ് ബാരലിന് 40 ഡോളറിലെത്തി. പെട്രോളിന്റെ മേൽ സംസ്ഥാന സർക്കാരിന്റെ നികുതിയെങ്കിലും കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചനയില്ല. ഭീമമായ ബസ് ചാർജ്ജ് കുറയ്ക്കുന്നതിനെക്കുറിച്ചും ആലോചനയില്ല. പ്രതിപക്ഷം അത് ആവശ്യപ്പെടുന്നുമില്ല. ഇതിനിടയിൽ വൈദ്യുതി ചാർജ്ജ് വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. വീട്ടുകരം സാധാരണക്കാരന് താങ്ങാവുന്നതിനുമപ്പുറമായിരിക്കുന്നു. ഒരു മുന്നറിയിപ്പും കൂടാതെ തോന്നുന്ന പടിയാണ് ചാർജ്ജ്‌വർദ്ധനവുകളെല്ലാം. ദേശീയ പാത വികസനത്തിന്റെ പേരിലുള്ള നടപടികളും സ്വകാര്യവൽക്കരണ നീക്കങ്ങളും ത്വരിതഗതിയിൽത്തന്നെ. പൊതുമേഖലാ സ്ഥാപനങ്ങളും സേവനരംഗങ്ങളുമെല്ലാം അന്യാധീനമാക്കപ്പെടുന്നു. കെ.എസ്.ആർ.ടി.സിയെ തകർക്കാൻ തന്നെയാണ് ഉന്നം. ജീവനക്കാർക്ക് സമയത്തിന് ശമ്പളമില്ല. മാസങ്ങളോളം പെൻഷൻ നൽകാതെ കുടുംബങ്ങളെ വലയ്ക്കുന്നു. അവരിൽ ആത്മഹത്യ ചെയ്തവരുടെ എണ്ണം 20 ആയി. വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരും ആത്മഹത്യയുടെ വഴിയിലൂടെ തന്നെയാണ്.

സപ്ലൈകോ, നീതി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, റേഷൻ കടകൾ എല്ലാം തകർക്കപ്പെടുകയാണ്. വിലക്കയറ്റവും അതിന്റെ പാരമ്യത്തിലാണ്. ഇടതുപക്ഷത്തിന്റെ കാലത്ത് ഏറെ വിവാദമുണ്ടാക്കിയതാണ് ചക്കിട്ടപ്പാറ ഖനനാനുമതി. വിവാദങ്ങൾക്കുവിട, അതേ കമ്പനിക്കുതന്നെ യുഡിഎഫിന്റെ എൻഒസി, അതാണ് ഇപ്പോൾ നാം കേൾക്കുന്നത്. ഇങ്ങനെ പോകുന്നു സർക്കാർ നടപടികൾ. ആധാർ കാർഡ്, റേഷൻ കാർഡു പുതുക്കൽ അങ്ങനെയങ്ങനെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നയനടപടികൾ അനുസ്യൂതം മുന്നേറുകയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം ദൈനംദിന ജീവിതം വഴിമുട്ടുന്നു എന്നതാണ് കാതലായ പ്രശ്നം.

അഴിമതി മുതലാളിത്ത ജീർണ്ണതയുടെ പാരമ്യത്തെയാണ് കാണിക്കുന്നത്. സ്വാർത്ഥതാൽപര്യത്തിനപ്പുറം മറ്റൊന്നും ഭരണാധികാരികളുടെ ശ്രദ്ധയിലില്ല. ബാറുകൾ ഖജനാവിന് എന്നതിലുപരി നേതാക്കളുടെ വ്യക്തിപരമായ ധനാഗമമാർഗ്ഗമാണെന്നതാണ് ബാർകോഴ കേസ് തെളിയിക്കുന്നത്. അഴിമതിക്കെതിരെ ജനദ്രോഹ നയനടപടികൾക്കെതിരെ കക്ഷി രാഷ്ട്രീയത്തിനുപരിയായി ജനങ്ങൾ ഒരുമിക്കുകയാണ് അടിയന്തിരാവശ്യകത. ●

## ഇന്ത്യൻ സയൻസ് കോൺഗ്രസ്സ് - ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ഇ - പെറ്റീഷൻ സമർപ്പിച്ചു

മുംബൈയിൽ നടന്ന ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ **പൗരാണികശാസ്ത്രങ്ങൾ സംസ്കൃതത്തിലൂടെ** എന്ന സെഷൻ, ശാസ്ത്രീയ സമീപനത്തിന്റെ മാനദണ്ഡങ്ങൾ തീർത്തും പരിഗണിക്കാതെ ഉൾപ്പെടുത്തിയതിൽ വിയോജിച്ചുകൊണ്ട് പ്രമുഖ ശാസ്ത്രജ്ഞരും അദ്ധ്യാപകരും ഉൾപ്പെടെ 1255 പേർ ഒപ്പിട്ട ഇ-പെറ്റീഷൻ 102-ാമത് ഇന്ത്യൻസയൻസ് കോൺഗ്രസ്സിന്റെ ജനറൽ പ്രസിഡന്റ് എസ്. ബി നിംസെയ്ക്ക് സമർപ്പിച്ചു. ●

# നേതാജിയുടെ തിരോധാനം

## ബിജെപി സൃഷ്ടിക്കുന്ന പുതിയ വിവാദത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ത്?



**നേ**താജി സുഭാഷ്ചന്ദ്രബോസിന്റെ മരണത്തെ സംബന്ധിച്ച് ബിജെപി നേതാവ് സുബ്രഹ്മണ്യം സ്വാമി അടുത്തയിടെ നടത്തിയ പ്രസ്താവന വിവാദം സൃഷ്ടിച്ചിരിക്കുകയാണല്ലോ. നേതാജി വിമാനാപകടത്തിൽ മരിച്ചിട്ടില്ല; മറിച്ച് അദ്ദേഹം സോവിയറ്റ് യൂണിയനിലെ ഒരു ജയിലിൽ വച്ച് സ്റ്റാലിന്റെ നിർദ്ദേശപ്രകാരം വധിക്കപ്പെടുകയായിരുന്നു; ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആവശ്യപ്പെട്ടതനുസരിച്ചാണ് സ്റ്റാലിൻ അത് ചെയ്തത്; ഇത് സംബന്ധിച്ചുള്ള ഔദ്യോഗികരേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടും വെളിപ്പെടുത്താൻ ഇൻഡ്യാഗവണ്മെന്റ് തയ്യാറായിട്ടില്ല, വിദേശരാജ്യങ്ങളുമായുള്ള നമ്മുടെ ബന്ധത്തെ പ്രതികൂലമായി ബാധിക്കും എന്നാണ് അതിന് കാരണമായി സർക്കാർ പറയുന്നത് – ഇതാണ് സ്വാമി പറഞ്ഞതിന്റെ ചുരുക്കം. ജനുവരി 10-ന് കൊൽക്കത്തയിൽ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി സംഘടിപ്പിച്ച ഒരു പരിപാടിയിൽ പ്രസംഗിക്കുമ്പോഴാണ് സ്വാമി ഇങ്ങനെ പറഞ്ഞത്.

ഒരു മലയാളം പത്രം നേതാജി ജയന്തിദിനമായ ജനുവരി 23-ന് തന്നെ *നേതാജി മരിച്ചത് സ്റ്റാലിന്റെ തടവറയിൽ* എന്ന വലിയ തലക്കെട്ടോടെ സ്തോഭജനകമായ ഒരു ലേഖനമായി അത് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഭയാനകമായ ധാർമ്മികാപചയത്തിൽപ്പെട്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിന് മുന്നിൽ രാഷ്ട്രനായകനായ നേതാജിയുടെ മഹനീയ ജീവിതമാതൃകയും ആദർശവും അവതരിപ്പിക്കേണ്ടത് തികച്ചും പ്രസക്തമായിരിക്കുന്ന സാഹചര്യത്തിൽ, അതിന് ഏറ്റവും ഉചിതമായ ഒരവസരം അവർ അതിൽ നിന്നെല്ലാം ശ്രദ്ധയകറ്റാനും മഹാനായ സ്റ്റാലിനെതിരായ അപവാദപ്രചാരണത്തിന് വേണ്ടിയും അങ്ങനെ വിനിയോഗിച്ചു.

നേതാജിയുടെ മരണത്തെപ്പറ്റി സുബ്രഹ്മണ്യം സ്വാമി പറഞ്ഞ കഥയിൽ പുതുമയൊന്നുമില്ല. ലോകത്ത് എന്ത് തിന്മ നടന്നിട്ടുണ്ടെങ്കിലും, അതിന് പിന്നിൽ സ്റ്റാലിന്റെ കരങ്ങളാണെന്ന് പറയുന്ന പ്രതിലോമകാരികളുടെ പ്രചാരണത്തിലും പുതുമയൊന്നുമില്ല. പക്ഷെ, ബിജെപി നേതാവ് ഇപ്പോൾ കൊൽക്കത്തയിൽ ഇങ്ങനെയൊരു പ്രസ്താവന നടത്തിയതിന് പിന്നിൽ കൃത്യമായ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്. പത്രങ്ങൾ തന്നെ അതിലൊന്ന് ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. പശ്ചിമബംഗാളിൽ സ്വാധീനമുറപ്പിക്കാൻ ബിജെപി കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബംഗാളിലെ ജനതയ്ക്ക് നേതാജിയോട് തീവ്രമായ സ്നേഹാദരങ്ങൾ ഇന്നുമുണ്ട് എന്ന വസ്തുതയെ മുതലെടുക്കാനാണ് ബിജെപി ശ്രമിക്കുന്നത്. നെഹ്റുവിന്റെ ആവശ്യപ്രകാരം സ്റ്റാലിൻ നേതാജിയെ വധിച്ചു എന്നാകുമ്പോൾ കോൺഗ്രസ്സിനെയും കമ്മ്യൂണിസ്റ്റുകാരെയും പ്രതിക്കൂട്ടിലാക്കാം. അവർ രണ്ടുകൂട്ടർക്കുമെതിരായ വികാരം ബിജെപിക്ക് അനുകൂലമായ വോട്ടാക്കി മാറ്റാം. ഇതാണവരുടെ ലക്ഷ്യം. പക്ഷെ, ഇത് മാത്രമല്ല ബിജെപി ഉന്നം വയ്ക്കുന്നത്. അതിലേയ്ക്ക് വരുന്നതിന് മുമ്പ് ഈ പ്രശ്നത്തിന്റെ നിജസ്ഥിതിയെപ്പറ്റി ചിലത് സൂചിപ്പിക്കാനുണ്ട്.

നേതാജിയുടെ മരണത്തെപ്പറ്റിയുള്ള ദുരൂഹതകൾ തുടക്കം മുതലേ നിലവിലുണ്ട്. ബ്രിട്ടീഷ് ഗവണ്മെന്റ് ഏർപ്പെടുത്തിയ വീട്ടുതടങ്കലിൽ നിന്ന് രക്ഷപ്പെട്ട് അതിസാഹസികമായി ആദ്യം ജർമ്മനിയിലും പിന്നീട് ജപ്പാനിലുമെത്തി ഇൻഡ്യൻ ദേശീയ സൈന്യം രൂപീകരിച്ചും, സ്വതന്ത്ര ഇൻഡ്യയുടെ താല്ക്കാലിക ഗവണ്മെന്റിന് ജന്മം നൽകിയും നേതാജി നടത്തിയ പ്രവർത്തനങ്ങൾ അതിമാനുഷമെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന തരത്തിൽ ഉള്ളവയായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹം വിമാനാപകടത്തിൽ മരിച്ചു എന്ന് വിശ്വസിക്കാൻ ആദ്യം പലർക്കും കഴിഞ്ഞില്ല. നേതാജിയോട് തീവ്രമായ ആരാധനയുണ്ടായിരുന്ന പലരും അദ്ദേഹം മരിച്ചുവെന്ന് അംഗീകരിച്ചില്ല. നേതാജിയുടെ തിരോധാനത്തെപ്പറ്റി പലതരം കഥകൾ പ്രചരിക്കാൻ ഇതിടയാക്കി. ഈ സാഹചര്യത്തിൽ അന്നത്തെ ദക്ഷിണപൂർവ്വേഷ്യൻ സുപ്രീം അലൈഡ് കമാന്റ് ഈ വിഷയം അന്വേഷിക്കാനായി കേണൽ ജോൺ ഫിഗസിനെ നിയോഗിച്ചു. 1946 ജൂലൈ 25-ന് ഫിഗസ് സമർപ്പിച്ച റിപ്പോർട്ടിൽ സുഭാഷ്ചന്ദ്രബോസ് 1945 ആഗസ്റ്റ് 18 ന് വൈകിട്ട് 5-നും 8-നും ഇടയിൽ മരിച്ചുവെന്നും, ഗുരുതരമായ പൊള്ളലും ആഘാതവും മൂലമുണ്ടായ ഹൃദയസ്തംഭനമാണ് മരണകാരണമെന്നും പറഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് കേന്ദ്രഗവണ്മെന്റ് 1956-ൽ ഒരു മൂന്നംഗ അന്വേഷണക്കമ്മിറ്റിയെ നിയോഗിച്ചു. ഐഎൻഎ-യിൽ ലെഫ്റ്റനന്റ് കേണലും അന്ന് പാർലമെന്റംഗവുമായിരുന്ന ഷാനവാസ് ഖാനായിരുന്നു കമ്മിറ്റി ചെയർമാൻ. എസ്.എൻ.മിത്ര ഐസിഎസ്-ഉം സുഭാഷ്ചന്ദ്രബോസിന്റെ സഹോദരൻ സുരേഷ്ചന്ദ്രബോസുമായിരുന്നു കമ്മിറ്റിയിലെ ഇതര അംഗങ്ങൾ. ഈ കമ്മിറ്റി ഭൂരിപക്ഷ തീരുമാനപ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നേതാജി 1945 ആഗസ്റ്റ് 18-ന് വിമാനാപകടത്തിൽ മരിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സുരേഷ്ചന്ദ്രബോസ് ഈ നിഗമനത്തോടു വിയോജിച്ചു. അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിനെപ്പറ്റി ചരിത്രകാരനായ ലിയോനാർഡ് എ.ഗോർഡൻ ഇങ്ങനെ പറയുന്നു: "181 പേജുള്ള ആ രേഖയിൽ, തെളിവുകളെ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള തത്ത്വം, ഒരു സംഭവത്തെപ്പറ്റി രണ്ടോ അതിലേറെയോ സാക്ഷികൾ നൽകുന്ന വിവരണങ്ങൾ തമ്മിൽ പൊരുത്തക്കേടുണ്ടെങ്കിൽ ആ സാക്ഷികൾ നൽകിയ സത്യവാങ്മൂലത്തെ അപ്പാടെ അവിശ്വസനീയമെന്ന നിലയിൽ തള്ളിക്കളയേണ്ടതാണ് എന്നുള്ളതത്രേ. ഈ തത്ത്വം പ്രയോഗിച്ചതിലൂടെ ബോസിന് വിമാനാപകടം തന്നെ നടന്നിട്ടില്ലെന്നും തന്റെ സഹോദരൻ ജീവിച്ചിരിക്കുന്നുവെന്നും കണ്ടെത്താൻ കഴിഞ്ഞു." (Gordon Leonard : Legend and Legacy - Subhashchandra Bose 2006, Quoted in Wikipedia)

1970-ൽ ഇൻഡ്യാ ഗവണ്മെന്റ് ജസ്റ്റിസ് ജി.ഡി.ഖോസ്ലയെ ഏകാംഗ കമ്മിഷനായി നിയോഗിച്ചു. 1974-ൽ സമർപ്പിച്ച റിപ്പോർട്ടിൽ അദ്ദേഹം ഫിഗസ് റിപ്പോർട്ടിന്റെയും ഷാനവാസ് കമ്മിറ്റിയുടെയും നിഗമനങ്ങൾ ശരിവച്ചു. ഈ റിപ്പോർട്ടുകളെല്ലാം വന്നതിന് ശേഷവും നേതാജിയെപ്പറ്റി പലതരത്തിലുള്ള കഥകളും അഭ്യൂഹങ്ങളും പ്രചരിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ 1999-ൽ പുതിയൊരു കമ്മിഷൻ നിയമിക്കപ്പെട്ടു. മുഖർജി കമ്മിഷൻ. നേതാജിയുടെ മരണകാരണമായി പറയപ്പെടുന്ന വിമാനാപകടം തന്നെ നടന്നിട്ടില്ല എന്ന നിഗമനമാണ് ഈ കമ്മിഷന്റെ റിപ്പോർട്ടിലുള്ളത്. ഒരു രഹസ്യപദ്ധതിയനുസരിച്ച് നേതാജി സോവിയറ്റ് യൂണിയനിലേയ്ക്ക് പോയി എന്നും അക്കാര്യം ജാപ്പനീസ് അധികൃതർക്കും ഹബീബുർ റഹ്മാനും അറിയാവുന്നതാണെന്നും കമ്മിഷൻ അഭിപ്രായപ്പെട്ടു. റങ്കോജി ക്ഷേത്രത്തിൽ നേതാജിയുടെ തന്നെ പേരിൽ സൂക്ഷിച്ചിരിക്കുന്ന ചിതാഭസ്മം അദ്ദേഹത്തിന്റേതല്ലെന്നും മുഖർജി കമ്മിഷൻ പറഞ്ഞു. 2005-ൽ സമർപ്പിക്കപ്പെട്ട ഈ റിപ്പോർട്ട് ഗവണ്മെന്റ് അംഗീകരിച്ചിട്ടില്ല.

നേതാജിയുടെ തിരോധാനവുമായി ബന്ധപ്പെട്ട ഫയലുകൾ പ്രസിദ്ധപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, സുഭാഷ്അഗർവാൾ എന്നയാൾ വിവരാവകാശനിയമപ്രകാരം പ്രധാനമന്ത്രിയുടെ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിന് കിട്ടിയ മറുപടി, വിവരാവകാശനിയമത്തിന്റെ സെക്ഷൻ 8(1) (a)യും 8(2) -ഉം അനുസരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടവയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഫയലുകളാണിവയെന്നായിരുന്നു. ആ ഫയലുകളിലെ രേഖകൾ പ്രസിദ്ധപ്പെടുത്തുന്നത് വിദേശരാജ്യങ്ങളുമായുള്ള ഇൻഡ്യയുടെ ബന്ധത്തെ പ്രതികൂലമായി ബാധിക്കുമെന്നും പറഞ്ഞിരിക്കുന്നു. ഈ വിഷയത്തിലുള്ള 41 ഫയലുകളിൽ രണ്ടെണ്ണം മാത്രമേ പരസ്യപ്പെടുത്തിയിട്ടുള്ളു. ആദ്യത്തെ മൂന്ന് അന്വേഷണക്കമ്മിഷനുകളും അസന്ദിഗ്ദ്ധമായി പ്രസ്താവിച്ച വിഷയത്തിൽ ദുരൂഹത അവശേഷിപ്പിക്കുന്ന നിലപാടാണ് അധികാരികൾ സ്വീകരിച്ചിരിക്കുന്നതെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

(ശേഷം 4-ാം പേജിൽ)

# സംസ്ഥാനമെമ്പാടും നേതാജി ജയന്തി ആചരിച്ചു



തിരുവനന്തപുരത്ത് നേതാജി പ്രതിമയ്ക്കുമുമ്പിൽ നടന്ന നേതാജി അനുസ്മരണ പരിപാടിയിൽ ഡോ.നന്ദിയോട് രാമചന്ദ്രൻ പ്രഭാഷണം നടത്തുന്നു

**ഇ**ന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അനനുരഞ്ജന സമരധാരയുടെ ഏറ്റവും സമുന്നതനായ നേതാവായ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 118-ാം ജയന്തി എഐഡിഎസ്ഒ, എഐഡിവൈഒ, നേതാജി ഫോറം എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമെമ്പാടും വിവിധങ്ങളായ പരിപാടികളോടെ ആചരിച്ചു.

തിരുവനന്തപുരത്ത് നേതാജി ഫോറം ജില്ലാഘടകത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 23 ന് പി.എം.ജിയിലുള്ള നേതാജി പ്രതിമയ്ക്കുമുമ്പിൽ പുഷ്പാർച്ചനയും അനുസ്മരണപ്രഭാഷണവും നടന്നു. ജില്ലാ പ്രസിഡന്റ് ഡോ.നന്ദിയോട് രാമചന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തി. സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ, വി.കെ.സദാനന്ദൻ, ആർ.ബിജു, ബെന്നി ജോസഫ്, എം.ഷാജർഖാൻ, എസ്.മിനി, വിദ്യ ആർ.ശേഖർ, എസ്.ശ്രീകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

എറണാകുളത്ത് കാലടി ടൗണിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 118-ാം ജയന്തി സാമ്രാജ്യത്വ വിരുദ്ധ ജനകീയൈക്യദിനമായി ആചരിച്ചുകൊണ്ട് എഐഡിവൈഒ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച സമ്മേളനം സംസ്ഥാന പ്രസിഡന്റ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു.

നേതാജിയുടെ അന്ത്യത്തെക്കുറിച്ച് വാസ്തവ വിരുദ്ധമായ അഭിപ്രായങ്ങൾ പുതുതായി പ്രചരിപ്പിക്കുന്നതിനു പിന്നിൽ ഗൂഢോദ്ദേശമാണ് ഉള്ളതെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നിന്നും ഹിന്ദുരാഷ്ട്ര വാദമുയർത്തിക്കൊണ്ട് വിട്ടുനിന്ന ജനസംഘത്തിന്റെ പിൻതലമുറക്കാരാണിന്നത്തെ ഭരണക്കാർ. ചില കേന്ദ്രങ്ങളിൽ നിന്നുള്ള വോട്ടു ലാക്കാക്കിക്കൊണ്ടാണ് ബി.ജെ.പിയുടെ ഈ അധമമായ കപടപ്രചാരണം.

ലോകജനതക്കാകെ കൊടിയനാശം വിതക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അമരക്കാരനായ ബരാക് ഒബാമയെ റിപ്പബ്ലിക് ദിനത്തിൽ മുഖ്യാതിഥിയായി കേന്ദ്ര സർക്കാർ പങ്കെടുപ്പിക്കുകയാണ്. അതുവഴി നേതാജി അടക്കമുള്ള സ്വാതന്ത്ര്യസമരപ്പോരാളികളുടെ സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യത്തെ മോദി സർക്കാർ അപകീർത്തിപ്പെടുത്തുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ്ചന്ദ്രബോസിന്റെയും ഐ.എൻ.എയുടേയും യഥാർത്ഥ പങ്ക് അവതരിപ്പിച്ചുകൊണ്ട് വിദ്യാലയങ്ങളിലെ ചരിത്ര പാഠപുസ്തകങ്ങൾ തിരുത്തിയെഴുതുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ആർ.പാർത്ഥസാരഥി വർമ്മ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പി.പി.പ്രശാന്ത്കുമാർ, കെ.കെ.ശോഭ (മഹിളാ സാംസ്കാരിക സംഘടന), കെ.പി. സാൽവിൻ(എ.ഐ.ഡി.എസ്.ഒ), പി.പി. അഗസ്റ്റിൻ, കെ.ഒ. സുധീർ എന്നിവരും പ്രസംഗിച്ചു. നേതാജിയുടെ ചിത്രങ്ങളേന്തിക്കൊണ്ടുള്ള പ്രകടനത്തിനും പുഷ്പാർച്ചനയ്ക്കും ഇ.വി.പ്രകാശ്, എം.കെ. ഉഷ, ബെന്നി ബോണിഫസ്, ജോണി ജോസഫ്, എം.വി. വിജയകുമാർ, പി.വി.രജീഷ് എന്നിവർ നേതൃത്വം നൽകി.

(ശേഷം 4-ാം പേജിൽ)

# സ്റ്റാലിൻ നയിച്ച സോവിയറ്റ് യൂണിയൻ സ്വാതന്ത്ര്യസമരങ്ങൾക്ക് കലവറയില്ലാത്ത പിന്തുണ നൽകി

**നേതാജി തിരോധാനം...**

*(3-ാം പേജിൽ നിന്ന്)*

മുഖർജികമ്മിഷന്റെ സർക്കാർ തള്ളിക്കളഞ്ഞ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് സുബ്രഹ്മണ്യം സ്വാമി തന്റെ കഥ മെനഞ്ഞെടുത്തിരിക്കുന്നത്. പക്ഷെ, ഈ റിപ്പോർട്ടിൽപ്പോലും സ്റ്റാലിൻ നേതാജിയെ കൊലപ്പെടുത്തിയെന്ന് പറയുന്നില്ല.

സ്റ്റാലിന് നേതാജിയെ കൊലപ്പെടുത്തേണ്ട എന്താവശ്യമാണുണ്ടായിരുന്നത്? ലോകത്തെവിടെയുമുള്ള സ്വാതന്ത്ര്യസമരങ്ങൾക്ക് കലവറയില്ലാത്ത പിന്തുണ നൽകിയിരുന്ന ശക്തിയാണ് സ്റ്റാലിൻ നയിച്ചിരുന്ന സോവിയറ്റ് യൂണിയൻ. സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റേതുമായ ഈ യുഗത്തിൽ കോളണികളുടെ വിമോചനസമരങ്ങൾ ലോകതൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ ഭാഗമാണെന്ന ലെനിന്റെ പാഠമായിരുന്നു അതിന്റെ അടിസ്ഥാനം. അപ്പോൾ, ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലെ വീരനായകനായിരുന്ന നേതാജി സോവിയറ്റ്യൂണിയന്റെ ശത്രുവാകുന്നതെങ്ങനെ? രണ്ടാം ലോകയുദ്ധകാലത്തെ സവിശേഷസാഹചര്യത്തിൽ തന്ത്രപരമായ കാരണങ്ങളാൽ സോവിയറ്റ്യൂണിയന് നേതാജിയുടെ പോരാട്ടത്തെ പ്രത്യക്ഷത്തിൽ സഹായിക്കാനാവുമായിരുന്നില്ല എന്നല്ലാതെ ഒരിക്കൽപ്പോലും സ്റ്റാലിൻ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിനെതിരെ നിലപാടെടുത്തിട്ടില്ല. നേതാജിയും സോവിയറ്റ് യൂണിയനെ എക്കാലത്തും പ്രതീക്ഷയോടെയാണ് കണ്ടിരുന്നത്. 1939-ൽ ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: "ഇന്നത്തെ ലോകത്തെ നിരവധിയായ പ്രവാഹങ്ങളെയും പ്രതിപ്രവാഹങ്ങളെയും രണ്ട് വിഭാഗങ്ങളായി തരംതിരിക്കാം. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, സാമ്രാജ്യത്വശക്തികളും അവയ്ക്കെതിരെ ഉണർത്തപ്പെട്ട കമ്മ്യൂണിസത്തിന്റെ ശക്തികളും. ഹിറ്റ്ലറിസത്തിന്റെ പരാജയം എന്നതിന് കമ്മ്യൂണിസത്തിന്റെ സംസ്ഥാപനം എന്ന അർത്ഥം വരുന്നത് അതുകൊണ്ടാണ്." (സ.പ്രൊവാഷ്ഘോഷ് ഇടതുപക്ഷരാഷ്ട്രീയം നേരിടുന്ന പ്രതിസന്ധിയും ഫാസിസ്റ്റ് വിപത്തും മുതലാളിത്തവിരുദ്ധ വിപ്ലവപ്പോരാട്ടവും എന്ന കൃതിയിൽ ഉദ്ധരിച്ചിരിക്കുന്നത്) രണ്ടാം ലോകയുദ്ധത്തിൽ ഐഎൻഎ-യുടെ പോരാട്ടം പരാജയമടഞ്ഞുകൊണ്ടിരുന്ന സമയത്ത് അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി: സ്റ്റാലിൻ ജീവിച്ചിരിപ്പുണ്ട്. അദ്ദേഹം മനുഷ്യരാശിക്ക് മാർഗ്ഗം കാട്ടും. നേതാജി നയിച്ചിരുന്ന സ്വതന്ത്ര ഇൻഡ്യയുടെ താല്ക്കാലിക ഗവണ്മെന്റ് ജപ്പാന്റെ പക്ഷത്തുനിന്നുകൊണ്ട് ബ്രിട്ടണെതിരെ യുദ്ധം പ്രഖ്യാപിച്ചുവെങ്കിലും, യുദ്ധത്തിൽ ജപ്പാന്റെ ശത്രുപക്ഷത്തുണ്ടായിരുന്ന സോവിയറ്റ് യൂണിയനെതിരെ യുദ്ധം പ്രഖ്യാപിച്ചില്ല. അങ്ങനെ ഒരർത്ഥത്തിലും നേതാജി സോവിയറ്റ് യൂണിയന്റെ ശത്രുവായിരുന്നില്ല. അതിനാൽ സ്റ്റാലിന്റെ നിർദ്ദേശപ്രകാരം സുഭാഷ്ചന്ദ്രബോസ് വധിക്കപ്പെട്ടുവെന്ന് പറയുന്നതിന് ചരിത്രയുക്തിയുടെ പിൻബലമില്ല.

സോവിയറ്റ് യൂണിയനിലെ ജയിലിൽ കിടന്നിരുന്ന ഒരാൾ താൻ അവിടെ വച്ച് നേതാജിയെ കണ്ടു എന്ന് പറഞ്ഞതായി മറ്റൊരാൾ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ ദുരാരോപണം. പക്ഷെ, നേതാജിയെ ഇൻഡ്യയിൽ പലയിടത്തുവച്ചും കണ്ടതായി തറപ്പിച്ചു പറഞ്ഞിരുന്ന നിരവധിയാളുകളുണ്ടായിരുന്നുവെന്നത് പരിഗണിക്കുമ്പോൾ ഈ വാദം എത്ര ദുർബ്ബലമാണെന്ന് മനസ്സിലാകും. യുപിയിലെ ഫൈസാബാദിൽ താമസിച്ചിരുന്ന ഗുംനമിബാബ എന്ന സന്യാസി സുഭാഷ്ബോസ് അല്ലാതെ മറ്റാരുമല്ലെന്ന് പലരും തറപ്പിച്ച് പറഞ്ഞതിനെത്തുടർന്ന് അന്വേഷണക്കമ്മിഷൻ അദ്ദേഹത്തിന്റെ രക്തസാമ്പിൾ പരിശോധിച്ച് അദ്ദേഹം സുഭാഷ് ബോസ് അല്ലെന്ന് തിട്ടപ്പെടുത്തിയ സംഭവം ഇവിടെ സ്മരണീയമാണ്. സന്യാസിയായും, ചൈനീസ് സൈന്യത്തിലെ പോരാളിയായും, മംഗോളിയൻ ട്രേഡ്യൂണിയൻ നേതാവായും ഒക്കെ നേതാജിയെ കണ്ടുവെന്ന് തറപ്പിച്ചുപറഞ്ഞിരുന്ന പലരുമുണ്ടായിരുന്നു. അത്തരത്തിലൊരു കഥയാണ് ഇപ്പോൾ പുതിയ കണ്ടുപിടിത്തമായി ബിജെപി നേതാവ് അവതരിപ്പിച്ചിരിക്കുന്നത്. തല്പരകക്ഷികൾക്ക് ഇത്തരത്തിലുള്ള കിംവദന്തികൾ പ്രചരിപ്പിക്കാൻ സാധിക്കുന്നതരത്തിൽ ഈ പ്രശ്നത്തിൽ സന്ദിഗ്ദ്ധത നിലനിർത്തിയിരിക്കുകയാണ് സർക്കാർ.

ബിജെപി ഇപ്പോൾ ഈ വിവാദം കുത്തിപ്പൊക്കിയത് മുമ്പ് സൂചിപ്പിച്ചതുപോലെ പശ്ചിമബംഗാളിൽ തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കാനുള്ള കൗശലമെന്ന നിലയിൽ മാത്രമല്ല. യഥാർത്ഥത്തിൽ സ്വന്തം പാതകങ്ങൾ മറച്ചുവയ്ക്കുക എന്ന ലക്ഷ്യവും അവർക്കുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സർവ്വവും സമർപ്പിച്ചയാളാണ് നേതാജി. ബിജെപിയുടെ തറവാടായ സംഘപരിവാർ സ്വാതന്ത്ര്യസമരത്തെ തള്ളിപ്പറയുകയാണ് ചെയ്തത്. അവരുടെ പ്രത്യയശാസ്ത്രകാരനായ ഗോൾവർക്കർ ബ്രിട്ടീഷ്വിരുദ്ധസമരത്തെ ദേശസ്നേഹവും ദേശീയവാദവുമായി അവതരിപ്പിക്കുന്നത് പിന്തിരിപ്പൻ കാഴ്ചപ്പാടാണെന്ന് പറഞ്ഞ് നമ്മുടെ സ്വാതന്ത്ര്യസമരത്തെ എതിർക്കുകയാണ് ചെയ്തത്. നേതാജി ഒരു ആധുനിക മതേതര രാഷ്ട്രം കെട്ടിപ്പടുക്കാൻ വേണ്ടി പൊരുതി. സംഘപരിവാർ ഹിന്ദുരാഷ്ട്രത്തിനുവേണ്ടിയും. ഹിന്ദുമഹാസഭയുടെ ചെയ്തികളെ വിമർശിച്ചുകൊണ്ട് അക്കാലത്ത് നേതാജി പറഞ്ഞു: "ഹിന്ദുമഹാസഭ വോട്ടഭ്യർത്ഥിക്കാനായി ഹിന്ദുസന്യാസിമാരെയും സന്യാസിനിമാരെയും കൈയിൽ ത്രിശൂലവും നൽകി അയയ്ക്കുകയുണ്ടായി. കാവി വസ്ത്രവും ത്രിശൂലവും കാണുമ്പോൾ ഏതൊരു ഹിന്ദുവും ശിരസ്സ് നമിക്കുന്നു. മതത്തെ മുതലെടുത്തുകൊണ്ടും അവഹേളിച്ചുകൊണ്ടുമാണ് ഹിന്ദുമഹാസഭ രംഗത്തുവന്നിരിക്കുന്നത്. ഈ വഞ്ചകരെ ദേശീയ ജീവിതത്തിൽ നിന്ന് ഒറ്റപ്പെടുത്തണം. അവർക്ക് ചെവികൊടുക്കരുത്. സ്വാതന്ത്ര്യസ്നേഹികളായ എല്ലാ സ്ത്രീപുരുഷന്മാരും ഒറ്റക്കെട്ടായും ഏകാഗ്രമായും രാജ്യത്തെ സേവിക്കണം എന്നതാണ് നമ്മുടെ ആവശ്യം"(ആനന്ദബസാർ പത്രിക, 14.05.1940. സ.പ്രൊവാഷ്ഘോഷ് ഇടതുപക്ഷ രാഷ്ട്രീയം നേരിടുന്ന പ്രതിസന്ധിയും ഫാസിസ്റ്റ് വിപത്തും മുതലാളിത്തവിരുദ്ധ വിപ്ലവപ്പോരാട്ടവും എന്ന കൃതിയിൽ ഉദ്ധരിച്ചിരിക്കുന്നത്). നേതാജിയുടെ നേതൃത്വത്തിൽ ഇൻഡ്യൻ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനം ലോകത്തെങ്ങുമുള്ള വിമോചനപ്പോരാട്ടങ്ങളോട് ഐക്യദാർഢ്യം പുലർത്തി. ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനെതിരെ നടന്ന സമരവും ഐറിഷ് സ്വാതന്ത്ര്യപ്രസ്ഥാനവും ചൈനീസ് വിമോചനപ്പോരാട്ടവും പോലുള്ള സമരങ്ങൾക്ക് നേതാജി ക്രിയാത്മക പിന്തുണ നൽകി. എന്നാൽ സംഘപരിവാർ ജനാധിപത്യത്തിന്റെ കൊടിയ ശത്രുക്കളായ ഫാസിസ്റ്റുകളുമായി ചങ്ങാത്തം പുലർത്തുകയും അവരെ മാതൃകയാക്കുകയുമാണ് ചെയ്തത്. ഇന്ന് അധികാരത്തിലിരിക്കുന്ന ബിജെപി ഗവണ്മെന്റിന്റെ ചെയ്തികളും വ്യത്യസ്തമല്ല. ലോകജനതയുടെ മുഖ്യശത്രുവായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കാര്യദർശിയായ ബരാക് ഒബാമയെ റിപ്പബ്ലിക് ദിനത്തിൽ വിശിഷ്ടാതിഥിയായി കൊണ്ടുവന്നതും, പാലസ്തീൻ ജനതയ്ക്ക് ഇൻഡ്യ നൽകിവന്ന പിന്തുണ പിൻവലിക്കാൻ തീരുമാനിച്ചതും, സയണിസ്റ്റ് ഇസ്രയേലുമായി അടുത്ത ചങ്ങാത്തം സ്ഥാപിക്കുന്നതുമൊക്കെ ഉദാഹരണങ്ങൾ. കുത്തകമൂലധനത്തിന്റെ താല്പര്യാർത്ഥം ഇൻഡ്യൻ ജനതയുടെ ഉജ്ജ്വലമായ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തെ അവഹേളിക്കുന്ന ഈ ദുഷ്ചെയ്തികളിൽ നിന്ന് ജനശ്രദ്ധയകറ്റുക എന്നതാണ് ഈ വിവാദത്തിന് പിന്നിലുള്ള ബിജെപിയുടെ ലക്ഷ്യം. ഈ കുടില തന്ത്രത്തിന് ഇരകളാകരുതെന്നും നേതാജി സുഭാഷ്ചന്ദ്രബോസിന്റെ മഹത്തായ പാരമ്പര്യത്തെ കളങ്കപ്പെടുത്താനുള്ള ഈ ഫാസിസ്റ്റ് തന്ത്രത്തെ പരാജയപ്പെടുത്തണമെന്നും എല്ലാ ജനാധിപത്യവിശ്വാസികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

# നേതാജി ജയന്തി ആചരണ പരിപാടികൾ

*(3-ാം പേജിൽ നിന്ന്)*

### വിദ്യാർത്ഥികളുടെ അവകാശവാരാചരണം

നേതാജിയുടെ 118-ാം ജയന്തിയോടനുബന്ധിച്ച് എഐഡിഎസ്ഒ അഖിലേന്ത്യാ കമ്മിറ്റി ആഹ്വാനം ചെയ്ത വിദ്യാർത്ഥികളുടെ അവകാശവാരാചരണം സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികളോടെ ആചരിച്ചു.

എറണാകുളത്ത് ആലുവ യു.സി.കോളേജിനുമുന്നിൽ ജനുവരി 22 നു നടന്ന പൊതുയോഗം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് കെ.പി. സാൽവിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി രശ്മി രവി, നേതാക്കളായ അകിൽ മുരളി, രേവതി തോമസ്, നിഖിൽ സജി തോമസ്, അഞ്ജലി സുരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

പ്രചോദന കുട്ടികളുടെ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മുളന്തുരുത്തി, അരയൻകാവ്, എരപ്പാംകുഴി തുടങ്ങിയ സ്ഥലങ്ങളിൽ നേതാജി ജയന്തി ആചരിച്ചു.

കോഴിക്കോട് നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 118-ാം ജന്മദിനാചരണത്തിന്റെ ഭാഗമായി എഐഡിവൈഒയുടെയും എഐഡിഎസ്ഒയുടെയും സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് പബ്ലിക് ലൈബ്രറിക്കു സമീപം പൊതുയോഗം നടന്നു.എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ. ബിജു സമ്മേളനം ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനു ബേബി, പി.എം. ശ്രീകുമാർ, പി.കെ.പ്രഭാഷ് എന്നിവർ പ്രസംഗിച്ചു.ടി.ജെ. ഡിക്സൻ അദ്ധ്യക്ഷനായി. കെ. റഹീം സ്വാഗതവും സൂര്യകുമാർ നന്ദിയും പറഞ്ഞു.

ആലപ്പുഴയിൽ എഐഡിഎസ്ഒയുടേയും എഐഡിവൈഒയുടെയും സംയുക്താഭിമുഖ്യത്തിൽ ചമ്പക്കുളം ബസ് സ്റ്റാന്റിനു സമീപം നേതാജി സുഭാഷ് ചന്ദ്രബോസ് ജന്മദിനാചരണ സമ്മേളനം നടന്നു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബിജു സമ്മേളനം ഉദ്ഘാടനം ചെയ്തു. നേതാജി എന്നും ബഹുമാനപുർവ്വം വീക്ഷിച്ചിരുന്ന സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെയും സ്റ്റാലിനെയും അപകീർത്തിപ്പടുന്ന വർഗ്ഗീയ ഫാസ്സിസ്റ്റ് ശക്തികളുടെ നീക്കം അപലനീയമാണ്. സ്വാതന്ത്ര്യസമരത്തിൽ യാതോരു പങ്കും വഹിക്കാതിരുന്ന ജനസംഘത്തിന്റെ പിൻമുറക്കാരും അർഎസ്എസും നടത്തുന്ന കപടപ്രചാരണങ്ങൾ നേതാജി ഉയർത്തിയ മതേതര കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാണ്-അദ്ദേഹം പറഞ്ഞു. എഐഡിഎസ്ഒ ജില്ലാ കൗൺസിൽ അംഗം അഖിൽമോൻ.എസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി കെ.ആർ.ശശി, എഐഡിഎസ്ഒ ജില്ലാട്രഷറർ ആർഅപർണ, നേതാജിഫോറം കുട്ടനാട് ചാപ്റ്റർ ഇൻചാർജ് എൻ.ടി.കുഞ്ഞുമോൻ, എഐഡിഎസ്ഒ കുട്ടനാട് മേഖലാ കമ്മിറ്റി അംഗങ്ങളായ മെർവിൻ ആന്റണി, അമൽദാസ് എന്നിവർ പ്രസംഗിച്ചു. നേതാജി ആന്റ് ഫ്രീഡം സ്ട്രഗിൾ എന്ന ഡോക്യുമെന്ററി പ്രദർശനവും നടന്നു.




*എഐഡിവൈഒ കാലടിയിൽ സംഘടിപ്പിച്ച നേതാജി ജയന്തി ആചരണപരിപാടി സംസ്ഥാനപ്രസിഡന്റ് സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ കെ.കെ.ശോഭ, പി.പി.അഗസ്റ്റിൻ, ആർ.പാർത്ഥസാരഥിവർമ്മ, പി.പി.പ്രശാന്ത്കുമാർ, എം.കെ.ഉഷ, എം.വി.വിജയകുമാർ, എൻ.ആർ.ബിനു എന്നിവർ*

എഐഡിഎസ്ഒ, എഐഡിവൈഒ സംഘടനകളുടെ സംയുക്ത നേതൃത്വത്തിൽ മാമ്പുഴക്കരിയിൽ നടന്ന ജയന്തി ആചരണ സമ്മേളനത്തിൽ എൻ.ടി.കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. എഐഡിഎസ്ഒ സംസ്ഥാന വൈസ്പ്രസിഡന്റ് കെ.ബിമൽജി, ബിജു സേവ്യർ എന്നിവരും പ്രസംഗിച്ചു. എഐഡിവൈഒ ആഭിമുഖ്യത്തിൽ മാവേലിക്കര പനിച്ചിമൂടിൽ നടന്ന പൊതുയോഗത്തിൽ അനീഷ്കുമാർ ആർ. അദ്ധ്യക്ഷത വഹിച്ചു. സഖാവ് എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. പ്രവീൺകുമാറും പ്രസംഗിച്ചു.

മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽ നടന്ന ജയന്തി ആചരണ സമ്മേളനത്തിൽ എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി.

എഐഡിഎസ്ഒ, എഐഡിവൈഒ സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിൽ വാഹനപ്രചാരണ ജാഥ സംഘടിപ്പിച്ചു.

കൊല്ലത്ത് കൊട്ടാരക്കര പ്രൈവറ്റ്സ്റ്റാൻഡിൽ നടന്ന ആചരണ സമ്മേളനത്തിൽ എസ്.ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. പി.പി. പ്രശാന്ത്കുമാർ, കെ.മഹേഷ്, ഇ.കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു. ●

**സൈദ്ധാന്തിക പാഠങ്ങൾ**

# അധിഭൗതികവാദം, വൈരുദ്ധ്യദർശനം, വൈരുദ്ധ്യാത്മകഭൗതികവാദം

## ഫ്രെഡറിക് ഏംഗൽസിന്റെ ആന്റി ഡ്യൂറിംഗിൽനിന്ന്

പ്രകൃതിയെ ആകമാനമോ മനുഷ്യരാശിയുടെ ചരിത്രമോ നമ്മുടെ തന്നെ ബൗദ്ധിക പ്രവർത്തനമോ പരിശോധിക്കുമ്പോൾ ഒന്നാമതായി നാം കാണുന്നത് അന്തമറ്റ ബന്ധങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും കെട്ടുപിണയലുകളാണ്. നിറുത്തലില്ലാത്ത പരസ്പര മാറ്റങ്ങളും സംയോജനങ്ങളുമാണ്. ഇവിടെ ഒന്നും സ്ഥിരമായി നിൽക്കുന്നില്ല. അതുതന്നെയായി, നിന്നിടത്ത്, സ്ഥായിയായി ഒന്നുമില്ല. എല്ലാം ചലിക്കുന്നു, മാറുന്നു, വരുന്നു, പോകുന്നു. അതിനാൽ നമുക്കുമുന്നിൽ പ്രാഥമികമായി തെളിയുന്നത് ഒരു ആകമാനചിത്രമാണ്, ചലിക്കുന്ന, രൂപാന്തരപ്പെട്ടുക്കൊണ്ടേയിരിക്കുന്ന, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന മൊത്തത്തിലുള്ള ഒരു ചിത്രം. അതിന്റെ ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഘടകങ്ങളോരോന്നും പശ്ചാത്തലത്തിൽ വർത്തിക്കുന്നു. ആദിമവും ലളിതവും ആന്തരികമായി ശരിയുമായ ഈ ലോകസങ്കൽപ്പം പ്രാചീന ഗ്രീക്ക് തത്ത്വചിന്തയുടേതാണ്. ഹെറാക്ലീറ്റസ് ആണ് ഇതാദ്യമായി വ്യക്തമായി ആവിഷ്കരിച്ചത്; എല്ലാം ഉണ്ട്, ഇല്ല. എല്ലാം പ്രവാഹത്തിലാണ്. നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. നിരന്തരം ഉളവാകുന്നു, ഇല്ലാതാകുന്നു.

പക്ഷേ, ഈ ധാരണ, മൊത്തത്തിൽ പ്രതിഭാസങ്ങളുടെ ചിത്രത്തിന്റെ പൊതുസ്വഭാവം ശരിയായി നൽകുമെങ്കിലും വിശദാംശങ്ങൾ ഗ്രഹിക്കാൻ പര്യാപ്തമല്ല. നമുക്കത് ഗ്രഹിക്കാൻ കഴിയാത്തിടത്തോളം മുഴുവൻ ചിത്രവും നമുക്ക് വ്യക്തമല്ല. ഈ വിശദാംശങ്ങൾ മനസ്സിലാക്കുന്നതിന് നാം അവയെ അവയുടെ പ്രകൃതിദത്തമായ, ചരിത്രപരമായ ബന്ധത്തിൽനിന്ന് വേർപെടുത്തണം. ഓരോന്നിനെയും അതാതിന്റെ സ്വഭാവം, സവിശേഷ കാരണങ്ങൾ, കാര്യങ്ങൾ തുടങ്ങിയവയ്ക്കനുസരിച്ച് പരിശോധിക്കണം... യഥാർത്ഥ പ്രകൃതിശാസ്ത്രം 15-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതലാണ് തുടങ്ങുന്നത്. അന്നുമുതൽ അത് അതിവേഗം മുന്നേറിയിട്ടുണ്ട്. ഒറ്റയൊറ്റ ഭാഗങ്ങളായി പ്രകൃതിയെ വിശകലനം ചെയ്യുക, വ്യത്യസ്ത പ്രകൃതി പ്രക്രിയകളെയും വസ്തുക്കളെയും വിഭജിക്കുക, ജൈവരൂപങ്ങളുടെ ആന്തരിക ശരീരശാസ്ത്രം പഠിക്കുക - ഇവയായിരുന്നു നമ്മുടെ പ്രകൃതി വിജ്ഞാനത്തിലെ, കഴിഞ്ഞ നാനൂറ് വർഷങ്ങളായി നടത്തിയ, വൻചുവടുവയ്പ്പുകളുടെ അടിസ്ഥാന ഉപാധികൾ. പക്ഷേ ഇത് നമുക്ക് നൽകിയത് പ്രകൃതിവസ്തുക്കളെയും പ്രക്രിയകളെയും തനിച്ച്, പൊതുസന്ദർഭങ്ങളിൽനിന്ന് വേർപെടുത്തിക്കാണുന്ന ശീലമാണ്. അവയെ ചലനത്തിലല്ലാതെ നിശ്ചലാവസ്ഥയിൽ കാണുന്ന, കാതലായി മാറുന്ന ഘടകങ്ങളായല്ലാതെ സ്ഥായിയായവയായി, ജീവനോടെയല്ലാതെ മൃതമായി കാണുന്ന ശീലം. ഇത്തരത്തിൽ വസ്തുക്കളെ കാണുന്ന രീതി ബേക്കണും ലോക്കും പ്രകൃതിശാസ്ത്രത്തിൽനിന്ന് തത്ത്വചിന്തയിലേക്ക് പറിച്ചുനട്ടപ്പോൾ കഴിഞ്ഞ നൂറ്റാണ്ടുകളുടെ സവിശേഷമായ അധിഭൗതിക (metaphysical) ചിന്താരീതി പിറവിയെടുത്തു.

അതിഭൗതിക വാദിക്ക് വസ്തുക്കളെയും അവയുടെ മാനസിക പ്രതിച്ഛായകളെയും ആശയങ്ങളെയും ഒറ്റപ്പെട്ടവയായി, ഒന്നിനു പിറകെ മറ്റൊന്നായി, പരസ്പരം വേറിട്ടുകാണേണ്ടവയാണ്, എന്നേക്കുമായി ഗവേഷണത്തിനുള്ള സ്ഥിരമായ ഖരവസ്തുക്കളാണ്. അവ അയാൾക്ക് പരസ്പരം പൊരുത്തപ്പെടാത്ത വിരുദ്ധ പക്ഷങ്ങളാണ്. 'ഉവ്വ്, ഉവ്വ്; അല്ല, അല്ല' എന്നേ അയാൾ പറയൂ. 'അതിലേറെയുള്ളതെല്ലാം തിന്മയുടെ സന്തതികളാണ്'! അയാളെ സംബന്ധിച്ചിടത്തോളം ഒരു വസ്തു ഉണ്ട്, അല്ലെങ്കിൽ ഇല്ല. ഒരു വസ്തുവിന് ഒരേ സമയം അതുതന്നെയും മറ്റേന്തിങ്കിലുമോ ആകാൻ സാധ്യമല്ല. പോസിറ്റീവും നെഗറ്റീവും പരസ്പരം പൂർണ്ണമായും തിരസ്കരിക്കുന്നു. കാര്യവും കാരണവും ഉറച്ച വിരുദ്ധ പക്ഷങ്ങളായി വർത്തിക്കുന്നു.

ഒറ്റ നോട്ടത്തിൽ ഈ ചിന്താരീതി തെളിമ ഉറ്റതായി കാണപ്പെടാം. കാരണം ഇത് സാമാന്യബുദ്ധി എന്നു പറയപ്പെടുന്നതിന് നിരക്കുന്നതാണ്... ഒട്ടേറെ മണ്ഡലങ്ങളിൽ നീതിവൽക്കരിക്കാവുന്നതും ചിലപ്പോൾ ആവശ്യവുമാണെങ്കിലും അധിഭൗതിക ചിന്താരീതി താമസിയാതെ അനിവാര്യമായ ഒരു പരിധിയിൽ ചെന്നുനിൽക്കും. അതിനപ്പുറം അത് ഏകപക്ഷീയവും പരിമിതവും അമൂർത്തവും ആകും; അപരിഹാര്യമായ വൈരുദ്ധ്യങ്ങളിൽ പെട്ടുഴലും. കാരണം ഒറ്റയൊറ്റ വസ്തുക്കളുടെ പരിഗണനയിൽ അത് അവയുടെ ബന്ധങ്ങൾ മറന്നുപോവുന്നു. അവയുടെ തുടക്കവും ഒടുക്കവും മറന്നുപോകുന്നു. നിശ്ചലാവസ്ഥ മാത്രം പരിഗണിക്കവേ, ചലനം മറന്നുപോവുന്നു. ഉദാഹരണത്തിന്, ഒരു ജന്തുവിന് ജീവനുണ്ടോ ഇല്ലയോ എന്ന് തൽക്കാലത്തെ ആവശ്യത്തിന് നമുക്കറിയാം; കൃത്യമായി പറയാം. പക്ഷേ സൂക്ഷ്മനിരീക്ഷണത്തിൽ ചിലപ്പോൾ ഇത് അതിസങ്കീർണ്ണമായ പ്രശ്നമാണെന്ന് നാം കാണുന്നു...

അതുപോലെ ഓരോ ജീവിയും ഓരോ നിമിഷവും അതാണ്. പക്ഷേ അതല്ലാതാനും. ഓരോ നിമിഷവും അത് പുറത്തുനിന്നുള്ള വസ്തുക്കളെ സ്വാംശീകരിക്കുന്നു. മറ്റു വസ്തുക്കളെ പുറന്തള്ളുന്നു. ഓരോ നിമിഷവും അതിന്റെ ശരീരത്തിലെ ഏതെങ്കിലും കോശങ്ങൾ മരിക്കുന്നു. പുതിയ കോശങ്ങൾ സ്വയം ഉണ്ടാകുന്നു. അതിന്റെ ശരീരം ദീർഘകാലംകൊണ്ടോ ഹ്രസ്വകാലംകൊണ്ടോ പൂർണ്ണമായും പുതുതാകുന്നു. മറ്റു ഭൗതിക തന്മാത്രകൾ പകരം വരുന്നു. അങ്ങനെ ഓരോ ജീവിയും എപ്പോഴും അതുതന്നെയാണ്, പക്ഷേ അതല്ലാതെ മറ്റെന്തോ ആണ്.

കൂടാതെ സൂക്ഷ്മനിരീക്ഷണത്തിൽ വിരുദ്ധ പക്ഷങ്ങളുടെ രണ്ടു പുറങ്ങൾ, പോസിറ്റീവും നെഗറ്റീവും പോലെ വിരുദ്ധമായിരിക്കുമ്പോൾത്തന്നെ വേർപെടുത്താനാവാത്തവയുമാണ്. എത്ര വൈരുദ്ധ്യമുണ്ടായാലും അവ പരസ്പര പൂരകവുമാണ്. അതേപോലെ കാര്യവും കാരണവും ഒറ്റയൊറ്റയായ സന്ദർഭത്തിൽ മാത്രമാണ് സാധുവാകുന്നത്. എന്നാൽ ഒറ്റയായ അതിനെ മൊത്തത്തിൽ പ്രപഞ്ചവുമായുള്ള സാമാന്യബന്ധത്തിൽ പരിഗണിച്ചാൽ അവ ഒന്നായിത്തീരുന്നു. പ്രാപഞ്ചിക പ്രവർത്തനത്തിലും പ്രതിപ്രവർത്തനത്തിലും ലയിച്ചുപോകുന്നു. അവിടെ കാര്യവും കാരണവും നിരന്തരം സ്ഥാനമാറ്റത്തിന് വിധേയമാണ്. തന്മൂലം ഇവിടെ കാര്യമായത് അവിടെ കാരണമാകുന്നു. നേരെ തിരിച്ചും.

ഈ പ്രക്രിയകളും ചിന്താരീതികളും ഒന്നുംതന്നെ അതിഭൗതികചിന്തയുടെ ചട്ടക്കൂടിന് ചേരുന്നതല്ല. എന്നാൽ വൈരുദ്ധ്യദർശനം (Dialectics) വസ്തുക്കളെയും അവയുടെ ചിന്താപ്രതിച്ഛായകളെയും അടിസ്ഥാനപരമായി അവയുടെ പരസ്പരബന്ധത്തിൽ, അവയുടെ സംഘാതത്തിൽ, അവയുടെ പിറവിയിലും മരണത്തിലും കാണുന്നു. ഈ പറഞ്ഞ പ്രക്രിയകൾ അതിന്റെ തന്നെ വിശകലനപദ്ധതിയുടെ എണ്ണമറ്റ തെളിവുകളാണ്.

പ്രകൃതിയാണ് വൈരുദ്ധ്യദർശനത്തിന്റെ സാക്ഷ്യം. ആധുനികശാസ്ത്രം ഈ സാക്ഷ്യത്തിന് സമ്പന്നവും ദിനംപ്രതി വർദ്ധിച്ചുവരുന്നതുമായ സാമഗ്രികൾ നൽകിയിട്ടുണ്ട്. അങ്ങനെ ആത്യന്തികമായി പ്രകൃതി നിലനിൽക്കുന്നത് വൈരുദ്ധ്യാത്മകമായിട്ടാണ് അതിഭൗതികമായിട്ടല്ലെന്ന് തെളിയിച്ചിട്ടുണ്ട്; അതായത്, പ്രകൃതി അനന്തമായി ഏകതാനവും നിരന്തരം ആവർത്തിക്കുന്നതുമായ വൃത്തത്തിലൂടെയല്ല ചലിക്കുന്നതെന്നും മറിച്ച് യഥാർത്ഥ ചരിത്രപരമായ പരിണാമത്തിലൂടെയാണ് കടന്നുപോവുന്നതെന്നും തെളിയിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഡാർവിന്റെ പേര് മറ്റാരെക്കാളും മുമ്പേ പറയേണ്ടതാണ്. ഇന്നത്തെ ജൈവലോകം — ചെടികൾ, മൃഗങ്ങൾ തന്മൂലം മനുഷ്യനും — കോടിക്കണക്കിന് വർഷങ്ങളിലൂടെ കടന്നുവന്ന പരിണാമപ്രക്രിയയുടെ ഫലമാണെന്ന് അദ്ദേഹം തെളിയിച്ചത് അതിഭൗതികവാദ പ്രകൃതിവീക്ഷണത്തിൽ കനത്ത പ്രഹരമാണ് ഏൽപ്പിച്ചത്...

വൈരുദ്ധ്യവാദ രീതിയിലൂടെ മാത്രമേ പ്രപഞ്ചത്തിന്റെയും അതിന്റെ പരിണാമത്തിന്റെയും, മനുഷ്യരാശിയുടെ പരിണാമത്തിന്റെയും മനുഷ്യമനസ്സുകളിൽ ഈ പരിണാമത്തിന്റെ പ്രതിഫലനത്തിന്റെയും ശരിയായ അവതരണം സാദ്ധ്യമാകൂ. ആവുന്നതിന്റെയും ഇല്ലാതാവുന്നതിന്റെയും സാമാന്യ പ്രക്രിയകളെയും പ്രതിക്രിയകളെയും പുരോഗമനപരമായ മാറ്റങ്ങളെയും അധോഗമനപരമായ മാറ്റങ്ങളെയും നിരന്തരം പരിഗണിക്കുന്നത് വൈരുദ്ധ്യവാദമാണ്... ന്യൂട്ടന്റെ സ്ഥായിയായ സൗരയൂഥത്തെ, അതിന്റെ ശാശ്വതത്വത്തെ, പ്രസിദ്ധമായ ആദ്യചലനം നൽകപ്പെടുന്നതോടെ ഭ്രമണംചെയ്യുന്ന രൂപമില്ലാത്ത വസ്തുവിൽനിന്നും (rotating nebulose mass) സൂര്യനും എല്ലാ ഗ്രഹങ്ങളും രൂപംകൊണ്ടതിനെ, ഒരു ചരിത്രപരമായ പ്രക്രിയയായി പരിഹരിച്ചുകൊണ്ടാണ് കാന്റ് തന്റെ ജോലി തുടങ്ങിവച്ചത്. സൗരയൂഥത്തിന്റെ ഉൽപ്പത്തി ഇപ്രകാരമായിരുന്നിരിക്കെ അതിന്റെ അന്ത്യം അനിവാര്യമാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നിരുന്നു. അരനൂറ്റാണ്ടിനുശേഷം അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ ഗണിതശാസ്ത്രപരമായി ലാപ്ലാസ് തെളിയിച്ചു. വീണ്ടും അരനൂറ്റാണ്ടിനുശേഷം പ്രപഞ്ചവിസ്തൃതിയിൽ സാന്ദ്രീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള അത്തരം വാതക പ്രഭാപടലങ്ങളെ 'സ്പെക്ട്രോസ്കോപ്പ്' കണ്ടെത്തി.

ഈ പുതിയ തത്ത്വചിന്ത ഹെഗലിന്റെ ദാർശനികവ്യവസ്ഥയിൽ മൂർത്തീഭവിച്ചു. പ്രകൃതിദത്തവും ചരിത്രപരവും ബൗദ്ധികവുമായ മുഴുവൻ ലോകവും ഒരു പ്രക്രിയയായി, അതായത് നിരന്തരചലനവും മാറ്റവും പരിവർത്തനവും വികാസവുമായി ആദ്യമായി അവതരിപ്പിക്കപ്പെട്ടു. അതായിരുന്നു അതിന്റെ വലിയ മേന്മ. ഈ ചലനത്തിലും വികാസത്തിലുമുള്ള ആന്തരികമായ പരസ്പരബന്ധങ്ങൾ വെളിവാക്കാനുള്ള ശ്രമങ്ങൾ നടന്നു...

ഹെഗലിയൻ വ്യവസ്ഥ അതുന്നയിച്ച പ്രശ്നം പരിഹരിച്ചില്ലെന്നത് ഇവിടെ അപ്രസക്തമാണ്. പ്രശ്നം ഉന്നയിച്ചു എന്നതാണ് അതിന്റെ ഐതിഹാസികമായ മേന്മ. ഒറ്റപ്പെട്ട ഒരു വ്യക്തിക്ക് ഒരിക്കലും പരിഹരിക്കാൻ കഴിയാത്തതാണ് ഈ പ്രശ്നം. ഹെഗൽ തന്റെ കാലഘട്ടത്തിൽ സാൻസിമോണോടൊപ്പം സർവ്വോന്നതനായിരുന്നുവെങ്കിലും അദ്ദേഹത്തിന് പരിമിതികളുണ്ടായിരുന്നു. ഒന്നാമത്,അദ്ദേഹത്തിന്റെ അറിവിന്റെ അനിവാര്യമായ പരിമിതി. രണ്ടാമത്, അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ പരിമിതി. ഈ പരിമിതിയോടൊപ്പം മൂന്നാമത് ഒന്നുകൂടി ചേർക്കേണ്ടതാണ്. ഹെഗൽ ഒരു ആശയവാദിയായിരുന്നു. അദ്ദേഹം തന്റെ മസ്തിഷ്കത്തിനുള്ളിലെ ചിന്തകളെ യഥാർത്ഥ വസ്തുക്കളുടെയും പ്രക്രിയകളുടെയും സാമാന്യേന അമൂർത്തമായ ബിംബങ്ങളായല്ല കണ്ടത്. നേരെമറിച്ച് വസ്തുക്കളും അവയുടെ വികാസവും ലോകാരംഭത്തിനുമുമ്പ് അനശ്വരതയിലുള്ള ആശയത്തിന്റെ യാഥാർത്ഥീകരിച്ച ബിംബങ്ങളായിരുന്നു അദ്ദേഹത്തിന്. തൽഫലമായി എല്ലാറ്റിനെയും തലകീഴായി നിർത്തി, ലോകത്തിലെ വസ്തുക്കളുടെ യഥാർത്ഥ ബന്ധങ്ങൾ തികച്ചും വിപരീതമായി കണ്ടു. ചില ഒറ്റപ്പെട്ട ബന്ധങ്ങൾ ശരിയായും പ്രതിഭയോടെയും ഹെഗൽ മനസിലാക്കിയിരുന്നുവെങ്കിലും മേൽപ്പറഞ്ഞ കാരണങ്ങളാൽ വിശദാംശത്തിൽ അവ അനിവാര്യമായും വികലവും കൃത്രിമവും കെട്ടിച്ചമച്ചതും, ചുരുക്കത്തിൽ തലതിരിഞ്ഞതുമായി മാറി. അതിനാൽ ഹെഗലിയൻ വ്യവസ്ഥ ഒരു ഭീമാബദ്ധം ആയിരുന്നു. ഇത്തരത്തിൽ അവസാനത്തേതും ആയിരുന്നു. വാസ്തവത്തിൽ അത് ആന്തരികവും അപരിഹാര്യവുമായ വൈരുദ്ധ്യത്തിൽപ്പെട്ടിരുന്നു. ഒരുവശത്ത് മാനവചരിത്രം ഒരു വികാസപ്രക്രിയയാണ് എന്നതായിരുന്നു അതിന്റെ അടിസ്ഥാനസിദ്ധാന്തം. അതുകൊണ്ടുതന്നെ ബൗദ്ധികമായ അവസാനവാക്കെന്ന നിലയിലുള്ള ഏതെങ്കിലും പരമസത്യത്തിന്റെ കണ്ടുപിടുത്തത്തെ അതിന് അംഗീകരിക്കാൻ കഴിയില്ല എന്നതാണ് വാസ്തവം. എന്നാൽ മറിച്ച് പരമസത്യത്തിന്റെ സത്തയാണ് അത് എന്ന അവകാശവാദം അതുന്നയിക്കുകയും ചെയ്യുന്നു! പ്രകൃതിയെയും ചരിത്രത്തെയും സംബന്ധിച്ചുള്ള സർവ്വാശ്ലേഷിയും എക്കാലത്തേക്കും അന്തിമവുമായ വിജ്ഞാന വ്യവസ്ഥയെന്നത് വൈരുദ്ധ്യചിന്തയുടെ അടിസ്ഥാന പ്രമാണത്തിന് നിരക്കാത്തതാണ്. ആ പ്രമാണം പ്രപഞ്ചത്തെ ആകെ സംബന്ധിക്കുന്ന ക്രമീകൃത വിജ്ഞാനത്തിന് യുഗങ്ങൾതോറും കുതിച്ചുചാട്ടങ്ങൾ നടത്താൻ കഴിയുമെന്ന ആശയത്തെ ഒഴിവാക്കുന്നില്ലെന്നതോ പോകട്ടെ, ശക്തമായി ഉൾക്കൊള്ളുകയാണ് ചെയ്യുന്നത്.

ആശയവാദത്തിലെ വൈരുദ്ധ്യം അനിവാര്യമായും ഭൗതികവാദത്തിലേക്കുള്ള മടങ്ങിപ്പോക്കിലേക്ക് നയിച്ചു. എന്നാൽ ഇത് 18ാം നൂറ്റാണ്ടിലെ തികച്ചും അതിഭൗതികവാദപരവും പൂർണ്ണമായും യാന്ത്രികവുമായ ഭൗതികവാദം ആയിരുന്നില്ല. ആധുനിക ഭൗതികവാദം ചരിത്രത്തെ മനുഷ്യരാശിയുടെ വികസന പ്രക്രിയയായാണ് കാണുന്നത്. അതിന്റെ കടമയാകട്ടെ, ഈ പ്രക്രിയകളുടെ ചലനനിയമങ്ങളുടെ കണ്ടുപിടുത്തവും. ന്യൂട്ടൻ പഠിപ്പിച്ചതുപോലെ ശാശ്വതമായ ആകാശഗോളങ്ങൾ ചെറുവൃത്തങ്ങളിൽ ചലിക്കുന്നതും എക്കാലവും നിലനിൽക്കുന്നതും, ലീനസ് പറഞ്ഞതുപോലെ മാറ്റമില്ലാത്ത ജീവിഗണങ്ങളുമുള്ള ഒന്നാണ് പ്രകൃതിയെന്ന സങ്കല്പമാണ് പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ചുകാർക്കും പിന്നീട് ഹെഗലിനുമിടയിൽ നിലനിന്നിരുന്നത്. ഈ ആശയത്തിന് വിരുദ്ധമായി ആധുനിക ഭൗതികശാസ്ത്രം പ്രകൃതിശാസ്ത്രത്തിലുണ്ടായ ഏറ്റവും പുതിയ മുന്നേറ്റങ്ങളെ സ്വാംശീകരിക്കുന്നു. അതുപ്രകാരം പ്രകൃതിയും കാലവുമായി ബന്ധപ്പെട്ട ഒരു ചരിത്രമുണ്ട്. ആകാശഗോളങ്ങളും അനുകൂലസാഹചര്യങ്ങളിൽ അവയിലുണ്ടായ ജീവിഗണങ്ങളും നിലനിൽക്കുന്നതും ഇല്ലാതാകുന്നതും, ആവർത്തിക്കുന്ന ചാക്രികതയിലാണെന്നു ഗണിച്ചാൽത്തന്നെയും അനന്തമായ വിശാലമാനങ്ങൾ കൈവരിക്കുന്നു. രണ്ടിടത്തും ആധുനിക ഭൗതികശാസ്ത്രം അടിസ്ഥാനപരമായി വൈരുദ്ധ്യത്മകമാണ്... ചരിത്രധാരണയിൽ നിർണ്ണായകമാറ്റത്തിന് വഴിതെളിച്ച ചില ചരിത്രസംഭവങ്ങൾ വളരെ മുമ്പ് തന്നെ സാന്നിദ്ധ്യം അറിയിച്ചിരുന്നു. 1831 ൽ ലിയോൺസിൽ ഒന്നാമത്തെ തൊഴിലാളി വർഗ്ഗകലാപം നടന്നു. 1838-നും 1842-നുമിടയിൽ ആദ്യത്തെ ദേശീയ തൊഴിലാളിവർഗ്ഗ പ്രസ്ഥാനമായ ഇംഗ്ലീഷ് ചാർട്ടിസ്റ്റ് പ്രസ്ഥാനം അതിന്റെ ഉച്ചകോടിയിലെത്തി. യൂറോപ്പിലെ ഏറ്റവും മുന്നേറിയ രാജ്യങ്ങളുടെ ചരിത്രത്തിൽ തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും തമ്മിലുള്ള വർഗ്ഗസമരം മുൻനിരയിലെത്തി. അത് ഒരു വശത്ത് ആധുനിക വ്യവസായത്തിന്റെ വികാസത്തിനും മറുവശത്ത് മുതലാളിവർഗ്ഗം സമീപകാലത്ത് നേടിയെടുത്ത രാഷ്ട്രീയാധീശത്വത്തിനും ആനുപാതികവുമായിരുന്നു.

പുതിയ വസ്തുതകൾ വന്നതോടെ കഴിഞ്ഞ കാല ചരിത്രം മുഴുവനും പുതുതായി പഠിക്കണമെന്ന് വന്നു. അപ്പോൾ ആദിമഘട്ടങ്ങളൊഴികെ കഴിഞ്ഞ കാല ചരിത്രം മുഴുവനും വർഗ്ഗസമരങ്ങളുടെ ചരിത്രമാണെന്ന്, പരസ്പരം പോരടിക്കുന്ന ഈ സാമൂഹികവർഗ്ഗങ്ങൾ എല്ലായ്പ്പോഴും ഉത്പാദന, വിനിമയ ബന്ധങ്ങളുടെ ഉല്പന്നങ്ങളാണെന്ന്, ചുരുക്കത്തിൽ, ആ കാലഘട്ടത്തിലെ സാമ്പത്തിക ബന്ധങ്ങളുടെ ഉല്പ്പന്നങ്ങളാണെന്ന് കാണാൻ കഴിയും. തന്മൂലം സമൂഹത്തിന്റെ സാമ്പത്തിക ഘടനയാണ് എല്ലായ്പ്പോഴും യഥാർത്ഥ അടിത്തറ. അന്തിമവിശകലനത്തിൽ ഇതിൽനിന്നാണ് നിശ്ചിതചരിത്രഘട്ടത്തിലെ നിയമ, രാഷ്ട്രീയ സ്ഥാപനങ്ങളുടെയും മതപരവും തത്ത്വചിന്താപരവുമായ

*(ശേഷം 11-ാം പേജിൽ)*

ശാസ്ത്രകോൺഗ്രസ്സും മോദി അജണ്ടയും

# പരീക്ഷണങ്ങൾക്കൊണ്ട് സ്ഥാപിക്കപ്പെടാതെ ഭാവനയുടെ തലത്തിൽ മാത്രം നിലനിൽക്കുന്നത് ആധുനിക ശാസ്ത്രമല്ല

(1-ാം പേജിൽ നിന്ന്)

ശാസ്ത്രജ്ഞരേയും പറ്റിയുള്ള വാചാടോപത്തിനിടയിൽ ശാസ്ത്രത്തിന്റെ ഉദ്ദേശത്തെ വ്യാഖ്യാനിക്കാൻ അദ്ദേഹം വേദങ്ങളേയാണ് ഉദ്ധരിച്ചത്. അദ്ദേഹത്തിന്റെ കാലടികളെ പിന്തുടർന്ന്, കോൺഗ്രസിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ ശാസ്ത്രവിരുദ്ധമായ ആശയങ്ങളും കപടശാസ്ത്രങ്ങളും നിരത്തി, ആധുനികശാസ്ത്രത്തിന്റെ ചില അടിസ്ഥാനരചനകളടക്കമുള്ള കണ്ടുപിടിത്തങ്ങൾ അപ്പാടെ പ്രാചീനഭാരതത്തിൽ നിർമ്മിച്ചവയാണെന്ന അവകാശവാദം പച്ചയായി വിളമ്പി. ഇവയുടെ കർത്താക്കൾ, മൂർത്തമായ ശാസ്ത്രീയ തെളിവുകൾക്കു പകരം ഏതെങ്കിലും മുൻകാല ഗ്രന്ഥങ്ങളിൽ നിന്നും വെറുതെ ഉദ്ധരിക്കുകയോ, അല്ലെങ്കിൽ ഇതിഹാസങ്ങളിലെയോ മിത്തുകളിലേയോ വിവരണങ്ങളെ അവലംബമായി പരാമർശിക്കുകയോ ആണ് ചെയ്തത്. അമ്പരപ്പിക്കുന്ന യാഥാർത്ഥ്യം എന്തെന്നാൽ, ഈ പ്രബന്ധങ്ങൾ അവതരണത്തിനായി ക്ഷണിച്ചത് ഏതെങ്കിലും ശാസ്ത്ര സ്ഥാപനങ്ങളോ ശാസ്ത്ര പഠനവിഭാഗങ്ങളോ ആയിരുന്നില്ല, മറിച്ച് മുമ്പൈ സർവ്വകലാശാലയുടെ സംസ്കൃതപഠനവിഭാഗവും റാംതെക്കിലെ കവി കുലഗുരു കാളിദാസ സർവ്വകലാശാലയും ചേർന്നായിരുന്നു. അതുപോലെ തന്നെ, ഈ പ്രഭാഷകരിൽ ഒരാൾ പോലും ഏതെങ്കിലും തരത്തിൽ ഗൗരവതരമായ ശാസ്ത്രാന്വേഷണത്തിൽ ഏർപെട്ടവരോ, ശാസ്ത്രജ്ഞരോ, അതുമല്ലെങ്കിൽ പുരാതന ഭാരതത്തിലെ ശാസ്ത്രത്തെ സംബന്ധിച്ച എന്തെങ്കിലും ഗണനീയമായ ഗവേഷണം നടത്തിയവരോ അല്ല എന്നതും നമ്മൾ മനസ്സിലാക്കണം. എന്നിട്ടും ഈ സ്വയംപ്രഖ്യാപിത രചയിതാക്കൾ, സംസ്കൃതവിദ്യാർത്ഥികളടക്കം, അതിനൂതനമായ ഗ്രഹാന്തര യാത്രാവിമാനങ്ങൾ വൈദികകാല ഇന്ത്യയിലുണ്ടായിരുന്നുവെന്നും, ഐൻസ്റ്റീനെ മനസ്സിലാക്കണമെങ്കിൽ വേദങ്ങൾ വായിക്കണമെന്നും മറ്റുമുള്ള അവകാശവാദങ്ങൾ ഉന്നയിക്കാൻ ധൈര്യപ്പെട്ടു. ചില രചയിതാക്കളാകട്ടെ, മഹാഭാരത ഇതിഹാസത്തിലെ കുരുക്ഷേത്രയുദ്ധം, ഭൂമി കടന്ന് ചന്ദ്രനിലും പിന്നെ ചൊവ്വയിലേക്കും വരെ വ്യാപിച്ചിരുന്നുവെന്നു വാദിച്ചു. യോദ്ധാക്കൾ വിമാനങ്ങളിൽ ഇവിടെയെല്ലാം എത്തിച്ചേർന്നത്രേ. കൊല്ലപ്പെട്ട ശത്രുക്കളുടെ ശിരോകവചങ്ങൾ ചൊവ്വയിൽ നിന്നു തന്നെ നാസയിലെ ശാസ്ത്രജ്ഞർ വീണ്ടെടുത്തിട്ടുണ്ടു പോലും. പശുക്കൾക്ക്, അവയുടെ ശരീരത്തിലുള്ള ഒരു ബാക്ടീരിയയുടെ സഹായത്തോടെ, ആഹരിക്കുന്ന എന്തിനേയും 24 കാരറ്റ് തങ്കമായി മാറ്റാൻ സാധിക്കുമെന്നാണ് മറ്റൊരു മഹാന്റെ അവകാശവാദം. മുംബൈ സർവ്വകലാശാലയിലെ സംസ്കൃതവിഭാഗത്തിന്റെ മേധാവിയായ ഡോ. ഗൗരി മഹുലിക്കർ അവകാശപ്പെടുന്നത്, പൈത്തഗോറസിനും 300 വർഷങ്ങൾക്കു മുമ്പേ, പൈത്തഗോറസ് സിദ്ധാന്തമെന്ന് ഇന്ന് പ്രസിദ്ധമായ ജ്യാമിതീയ സൂത്രവാക്യം ബൗദ്ധ്യായൻ എഴുതിയിരുന്നുവെന്നാണ്. മാത്രവുമല്ല, അതേ പുസ്തകത്തിൽത്തന്നെയാണ്, ശുൽഭസൂത്രം എന്ന പൈ അനുപാതസംഖ്യ, ഒരു വൃത്തത്തിന്റെ ചുറ്റളവും അതിന്റെ വ്യാസവും തമ്മിലുള്ള അനുപാതം (ഗണിതശാസ്ത്രത്തിലെ ഒരു അടിസ്ഥാന പ്രസ്താവം) ആദ്യമായി കണക്കാക്കപ്പെട്ടതും.

കോൺഗ്രസ് പ്രതിനിധികളിലെ വലിയൊരു വിഭാഗം, ശാസ്ത്രത്തെ കെട്ടുകഥകളും കപടശാസ്ത്രങ്ങളുമായി ഇങ്ങനെ കൂട്ടിക്കലർത്തുന്നതിനെ എതിർക്കുകയും തള്ളിക്കളയുകയും ചെയ്യുന്നതായാണ് തോന്നിയത്. എന്നിട്ടും രസകരമായ കാര്യമെന്തെന്നാൽ, പലരേയും നിരാശപ്പെടുത്തിക്കൊണ്ട് സിമ്പോസിയത്തിന്റെ അദ്ധ്യക്ഷൻ ചോദ്യോത്തരവേള ഒഴിവാക്കുകയാണ് ചെയ്തത്. നമുക്കറിയാം, ശാസ്ത്ര കോൺഗ്രസ് പോലെയൊരു വേദിയിൽ ചോദ്യോത്തരവേള എന്നത് കേവലം ഔപചാരികതയല്ല, മറിച്ച് ആവശ്യകതയാണ്. കാരണം, ശാസ്ത്രജ്ഞർക്കിടയിലുള്ള അഭിപ്രായങ്ങളുടെ വിനിമയവും സംവാദങ്ങളും, ശാസ്ത്രീയ ചിന്തയുടേയും പ്രക്രിയയുടേയും അടിത്തറയൊരുക്കുന്നതാണ്. അതിന്റെ അഭാവം, ഈ രചയിതാക്കൾ ചോദ്യങ്ങളെ നേരിടാൻ ഭയപ്പെട്ടിരുന്നോ, അതോ ശാസ്ത്രീയ യുക്തിക്കു വിധേയമാക്കുന്നതിനു പകരം അന്ധമായ അംഗീകാരം മാത്രമേ അവർ പ്രതീക്ഷിക്കുന്നുള്ളു എന്നാണോ, തുടങ്ങിയ ചോദ്യങ്ങളാണ് ഉയർത്തുന്നത്. ഏറ്റവും ശക്തമായ വിവാദം ഒരുപക്ഷേ ഉയർന്നത്, പൈലറ്റ് പരിശീലനകേന്ദ്രത്തിന്റെ മേധാവിയായി വിരമിച്ച ക്യാപ്റ്റൻ ആനന്ദ് ബോധാസ് (ആനന്ദ് ജെ ബോധ്സേ) എന്നയാളും അമേയ യാദവും ചേർന്ന് അവതരിപ്പിച്ച ഒരു പ്രബന്ധത്തെ സംബന്ധിച്ചാണ്. പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് ക്യാപ്റ്റൻ ബോധാസ് അവകാശപ്പെട്ടത്, ഭരദ്വാജ മഹർഷി രചിച്ച വൈമാനിക ശാസ്ത്രം, അഗസ്ത്യമുനിയുടെ ബൃഹദ് വിമാനശാസ്ത്രം (അതുപോലെ വിമാനസംഗീത എന്ന ഗ്രന്ഥം), തുടങ്ങിയ പ്രാചീനഗ്രന്ഥങ്ങളിൽ, ഏതാണ്ട് 9000 വർഷങ്ങൾക്കു മുമ്പ് (ബിസി 6000നും 7000നും ഇടയിൽ) ഇന്ത്യയിൽ ഗ്രഹാന്തര യാത്രകൾക്കുള്ള വിമാനങ്ങൾ നിലനിന്നുവെന്നതിന് തെളിവുകളുണ്ടത്രേ. ഒപ്പം അദ്ദേഹം അവകാശപ്പെട്ടത്, ഈ പുരാതന ഇന്ത്യൻ വിമാനങ്ങൾ രാജ്യങ്ങൾക്കിടയിലും ഭൂഖണ്ഡങ്ങൾക്കിടയിലും ഗ്രഹങ്ങൾക്കിടയിലും ഒക്കെ മണിക്കൂറിൽ 12800 മൈൽ വേഗത്തിൽ പറന്നുവെന്നാണ്. പശുക്കളുടേയും ആനകളുടേയും മൂത്രത്തിൽ നിന്നും ഉൽപ്പാദിപ്പിച്ച വൈദ്യുതിയായിരുന്നത്രേ അവയുടെ ഇന്ധനം. ആധുനികവിമാനങ്ങൾക്ക് മുന്നോട്ടു മാത്രം പോകാൻ സാധിക്കുമ്പോൾ ഈ പ്രാചീനവിമാനങ്ങൾക്ക് ഇടത്തോട്ടോ വലത്തോട്ടോ പിന്നിലേക്കോ പോലും ചലിക്കാൻ സാധിക്കുമായിരുന്നു പോലും.

### പച്ചക്കള്ളങ്ങളുടേയും വ്യാജ പ്രമാണങ്ങളുടേയും നിറഞ്ഞ പ്രദർശനം

ഉച്ചത്തിൽ ഉയർത്തുന്ന ഇത്തരം അവകാശവാദങ്ങൾ അസംബന്ധങ്ങളാണെന്നു മാത്രമല്ല, അവയിൽ ഉൾക്കൊള്ളുന്നത് പ്രകടമായും വസ്തുതകളുടെ വളച്ചൊടിക്കലും, ബോധപൂർവ്വമായ കള്ളങ്ങളും, മനഃപൂർവ്വം വിളമ്പുന്ന നിരർത്ഥകസാഹിത്യവും, മൂക്കറ്റം നിറയുന്ന കെട്ടിച്ചമയ്ക്കലുകളുമാണ്. അതുകൊണ്ടു തന്നെ, വിഡ്ഢിത്തങ്ങളുടെ മാലിന്യങ്ങളെ കൊണ്ട് ശാസ്ത്രത്തിനു പകരം വെക്കുകയെന്ന ഹീനലക്ഷ്യത്തോടെയുള്ള പ്രഹരമാണിത്. എല്ലാവർക്കുമറിയാം, ഭരദ്വാജമഹർഷിയും അഗസ്ത്യമുനിയുമെല്ലാം വേദകാലഘട്ടത്തിന്റെ അവസാനകാലത്തെ ശ്ലോകങ്ങളിൽ പരാമർശിക്കപ്പെടുന്നവരാണ്, അത് 1000 വർഷങ്ങൾക്കപ്പുറം പഴക്കമുള്ളവയല്ല; ക്യാപ്റ്റൻ ബോധാസ് അവകാശപ്പെടുന്നതോ, അവരുടെ കൃതികൾ 9000 വർഷത്തെ പഴക്കമുള്ളവയാണെന്നാണ്. തീർന്നില്ല, ഭരദ്വാജമഹർഷി എഴുതിയതെന്ന് പറയുന്ന വൈമാനികശാസ്ത്രം ഒരു പുരാതനഗ്രന്ഥവുമല്ല. മൈസൂരിലെ അന്താരാഷ്ട്ര സംസ്കൃത അക്കാദമിയുടെ സ്ഥാപകനായ എ.എം. ജോസിയർ 1951-ൽ പ്രസിദ്ധീകരിച്ച ഈ കൃതി, 1904-നു മുമ്പ് എഴുതപ്പെട്ടതാകാൻ യാതൊരു സാദ്ധ്യതയുമില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഒരു പണ്ഡിറ്റ് സുബ്ബരായ ശാസ്ത്രികളാണ്, ക്യാപ്റ്റൻ ബോധാസ് ഉദ്ധരിച്ച സംസ്കൃതശ്ലോകങ്ങൾ രചിച്ചത് എന്നു പറയപ്പെടുന്നു. പണ്ഡിറ്റ് ശാസ്ത്രികളുടെ അനുയായികളിലൊരാളായ എല്ലപ്പയെന്ന, പ്രാദേശിക എഞ്ചിനീയറിങ്ങ് കോളേജിലെ ഡ്രാഫ്റ്റ്സ്മാനാണ് ഈ പുരാതന ഇന്ത്യൻ വിമാനങ്ങളുടെ രൂപരേഖകൾ വരച്ചുണ്ടാക്കിയത്. പണ്ഡിറ്റ് ശാസ്ത്രികൾക്കു തന്നെയും വൈമാനികശാസ്ത്രത്തിൽ മുന്നോട്ടുവെച്ച ആശയങ്ങളുടെ പ്രായോഗികതയെ സംബന്ധിച്ച് ഉറപ്പില്ലായിരുന്നു. ഈ പുസ്തകത്തിൽ ഉയർത്തിയ അവകാശവാദങ്ങളെത്തന്നെ, 1974-ൽ 'വൈമാനികശാസ്ത്രത്തെപ്പറ്റിയുള്ള വിമർശനാത്മക പഠനം' (Critical study of the work, Vaimanika Shastra) എന്ന ഗവേഷണ പ്രബന്ധത്തിൽ തെറ്റാണെന്നു തെളിയിച്ചതാണ്. ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ എയറോനോട്ടിക്കൽ, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് വിഭാഗങ്ങളിലെ അഞ്ച് യുവ ശാസ്ത്രജ്ഞരുടെ സംഘമാണ് ഈ ഗവേഷണ പ്രബന്ധം സയന്റിഫിക് ഒപ്പീനിയൻ മാസികയിൽ പ്രസിദ്ധീകരിച്ചത്. അവർ കൂട്ടിച്ചേർത്തു, 'വിശദീകരിക്കപ്പെട്ട വിമാനങ്ങൾ (നാലു തരത്തിലുള്ളവയും) മികച്ച കെട്ടിച്ചമക്കലുകൾ മാത്രമാണ്, അല്ലാതെ യഥാർത്ഥത്തിൽ നിലനിൽക്കുന്ന യാതൊന്നിന്റെയും പ്രകാശനമല്ല. ഈ വിമാനങ്ങൾക്കൊന്നിനും പറക്കുവാനുള്ള കഴിവോ ഗുണവിശേഷങ്ങളോ ഇല്ല. പറക്കുക എന്ന വീക്ഷണത്തിൽ നിന്നും നോക്കിയാൽ ഇവയുടെ രേഖാഗണിതം ചിന്തിക്കാവുന്നതിലും ഭയങ്കരമാണ്, ചലനതത്വങ്ങൾ പ്രകാരം പറക്കലിനെ സഹായിക്കുകയല്ല, പ്രതിരോധിക്കുകയാണവ ചെയ്യുക.' അതായത്, സിമ്പോസിയം പ്രബന്ധം വ്യക്തമായ വഞ്ചനയാണ്, അൽപ്പമാത്രമെങ്കിലുമുള്ള ആത്മാർത്ഥതയുടേയും പ്രാമാണികതയുടേയും പോലും അഭാവവുമാണ്. *(ഉറവിടം: ദി ഹിന്ദു - 2015 ജനുവരി 3,4,6; ഇന്ത്യൻ എക്സ്പ്രസ് - ജനുവരി 6 ഡൽഹി എഡിഷൻ പേജ് 2; ഡെക്കാൻ ഹെറാൾഡ് - 2015 ജനുവരി 9; ദി സ്റ്റേറ്റ്സ്മാൻ - കൊൽക്കത്ത എഡിഷൻ 2015 ജനുവരി 11)*

### ശാസ്ത്രത്തിന്റെ രീതിശാസ്ത്രവും കാഴ്ചപ്പാടും

എന്നിരുന്നാലും, ബൗദ്ധികസമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെയും പ്രതികരണം ആശ്വാസകരമായിരുന്നു. സെന്റർ ഫോർ സെല്ലുലാർ ആൻഡ് മോളിക്കുലാർ ബയോളജി ഹൈദരാബാദ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ് ടെക്നോളജി ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ന്യൂഡെൽഹി, എന്നിങ്ങനെ ഇവിടെയും വിദേശത്തുമുള്ള അനവധി ഗവേഷണ സ്ഥാപനങ്ങളിലെ ഉന്നതരായ ശാസ്ത്രജ്ഞരും, ചരിത്രകാരന്മാരും, പണ്ഡിതരും, കൃത്രിമമായ വസ്തുതകളുപയോഗിച്ച് ശാസ്ത്രത്തെ നിന്ദിക്കുകയും വെള്ളം ചേർക്കുകയും ചെയ്യുന്ന ഹീനമായ ശ്രമത്തെ അതിശക്തമായി വിമർശിച്ചു മുന്നോട്ടു വന്നു. ജനങ്ങൾക്കിടയിൽ ശാസ്ത്രമനോഭാവം വളർത്തുവാനായി പരിശ്രമിക്കുന്ന ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി പോലെയുള്ള സംഘടനകൾ, ശാസ്ത്രത്തിന്റെ മേലങ്കിയണിഞ്ഞ് കപടശാസ്ത്രത്തെ പ്രോൽസാഹിപ്പിക്കുവാനുള്ള ഈ നീചശ്രമത്തിനെതിരേ നിശിതമായ എതിർപ്പ് രേഖപ്പെടുത്തി.

എങ്കിലും, അന്വേഷിക്കേണ്ട പല പ്രശ്നങ്ങളും ഈ സിമ്പോസിയം മുന്നോട്ടുവെക്കുന്നുണ്ട്. നമുക്കറിയാം ശാസ്ത്രത്തിന്റെ പരിശ്രമം, പരീക്ഷണ-നിരീക്ഷണങ്ങളിലൂടെയുള്ള തെളിവുകളുടെ സഹായത്തോടെ പ്രകൃതിയിലെ പ്രതിഭാസങ്ങളെ മനസ്സിലാക്കുവാനും വിശദീകരിക്കുവാനുമുള്ള പരിശോധനയാണ്. അതിന്റെ ആത്യന്തികലക്ഷ്യമാകട്ടെ, പ്രകൃതിക്കു മേൽ പ്രവർത്തിച്ച് അതിന്റെ നിയന്ത്രണം നേടി, മനുഷ്യവംശത്തിന്റെയും സമൂഹത്തിന്റെയും ഗുണത്തിനായി ഉപയോഗപ്പെടുത്തുകയെന്നതും. ഇത് സ്ഥിരമായ പുരോഗതി ഉൾക്കൊള്ളുന്ന ചലനാത്മകമായ പ്രക്രിയയാണ്. അതേ സമയം തന്നെ, അത് സമൂഹത്തിലെ വസ്തുനിഷ്ഠസാഹചര്യവുമായി അടുത്ത ബന്ധം പുലർത്തുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നു - വളർച്ചയുടേയും വികസനത്തിന്റെയും ഏതൊരു ഘട്ടത്തിലേയും ഭൗതികവും ആത്മീയവും (മാനസികം) ആയ സാമൂഹിക ഉൽപ്പാദനത്തിന്റെ സാഹചര്യം. അങ്ങനെ ആദിമസമൂഹത്തിൽ, ഭൗതികലോകത്തിലെ മൂർത്തവും വസ്തുനിഷ്ഠവുമായ അനുഭവങ്ങളിലൂടെ, പ്രകൃതിയിലെ വസ്തുക്കൾ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന ചിന്ത മനുഷ്യനിലുണ്ടായിരിക്കാം. എന്നാലത് ചിന്തയുടെ മണ്ഡലത്തിലായിരുന്നു, അതായത്, ഉയർന്ന തലത്തിലുള്ള നിരീക്ഷണങ്ങൾ കൊണ്ടോ, എന്തെങ്കിലും പരീക്ഷണങ്ങൾ കൊണ്ടോ സ്ഥാപിച്ചെടുക്കാൻ സാധിക്കാത്ത ഭാവനയുടെ തലത്തിൽ.അത് ശാസ്ത്രമായിരുന്നുവെന്നതിൽ സംശയമില്ല, എന്നാൽ ആധുനികശാസ്ത്രവുമായി അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടിരിക്കുന്ന പ്രാചീനശാസ്ത്രമായിരുന്നു അത്. പിന്നീട്, ജന്മിത്തസമൂഹത്തിന്റെ ഗർഭപാത്രത്തിനുള്ളിൽ മദ്ധ്യകാലത്തെ അന്ധകാരത്തിനിടയിൽ, ഭരണാധികാരികളുടേയും പുരോഹിതവർഗ്ഗത്തിന്റെയും സമ്പൂർണ്ണ അധികാരത്തിനും, പ്രാമാണികതക്കും, മതഭ്രാന്തിനും, വിജ്ഞാനവിരോധവാദങ്ങൾക്കും, ഏകാധിപത്യ ആശയങ്ങൾക്കും, മറ്റ് പിന്തിരിപ്പൻ ചിന്തകൾക്കും അടിപ്പെട്ട് കഴിഞ്ഞ സമൂഹം, ഭൗതികവും ആത്മീയവുമായ ഉൽപ്പാദനത്തെ ആ ചങ്ങലക്കെട്ടുകളിൽ നിന്നും മോചിപ്പിക്കുന്ന പുതിയൊരു സമൂഹത്തിന്റെ പിറവിക്കായി വിറകൊണ്ടു. രാജവംശങ്ങളുടെയും മതസഭകളുടേയും ഭരണത്തിനു കീഴിൽ, വിശുദ്ധഗ്രന്ഥങ്ങൾക്ക് എതിരാകാൻ സമ്മതിക്കാതെ ചുരുക്കിയ പരിധികൾക്കുള്ളിൽ നിന്നുള്ള വളർച്ചയേ ശാസ്ത്രത്തിനനുവദിച്ചിരുന്നുള്ളു. എന്നാൽ, സാമൂഹികവികാസത്തിന്റെ സഹജമായ നിയമങ്ങൾ കാരണവും, ആ കാലത്തിന്റെ സാമൂഹികാവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള വർദ്ധിക്കുന്ന ത്വരയാലും, വിവിധങ്ങളായ ബുദ്ധിമുട്ടുകളെ അതിജീവിച്ചും ശാസ്ത്രം ആദ്യചുവടുകൾ വെച്ചു. നവോത്ഥാനകാലഘട്ടത്തിൽ, മുതലാളിത്തത്തിന്റെ ആരംഭകാലത്ത്, അന്ധതയെ വിവേകവും യുക്തിപരമായ വീക്ഷണവും കൊണ്ട് പകരം വെച്ച്, മനുഷ്യമനസ്സിനെ യുക്തിചിന്തയിൽ അടിയുറപ്പിച്ച് ലോകത്തെ സംബന്ധിക്കുന്ന ശാസ്ത്രീയവീക്ഷണം സ്വീകരിച്ചപ്പോൾ, ശാസ്ത്രത്തിന്റെ വികാസത്തിന് വലിയൊരു മുന്നേറ്റം നേടിയെടുക്കുവാൻ സാധിച്ചു. ഈ ചരിത്രപശ്ചാത്തലമാണ്, വേദനാനിർഭരമായ നിരീക്ഷണങ്ങളിലും, യുക്തിയിലും, വിശകലനത്തിലും, പരീക്ഷണത്തിലൂടെ തെളിയിക്കുന്നതിലും ഊന്നിയ ആധുനികശാസ്ത്രത്തിന്റെ വളർച്ചക്കും വികാസത്തിനും വഴി തുറന്നത്. ഒന്നിനു പിറകേ ഒന്നായി, ഭൂമിയെ സംബന്ധിക്കുന്ന പുതിയ വീക്ഷണങ്ങൾ ആവിർഭവിച്ചു. പുതിയ സിദ്ധാന്തങ്ങൾ രൂപപ്പെട്ടു, പ്രകൃതിയേയും അതിന്റെ പ്രതിഭാസങ്ങളേയും സംബന്ധിച്ച പുതിയ അറിവുകൾ മനുഷ്യൻ നേടിയെടുത്തു. അങ്ങനെ സ്വയം സമർപ്പിതരായ ശാസ്ത്രജ്ഞരുടെ ദീർഘകാലത്തെ പ്രയത്നത്തിനൊടുവിൽ ആപേക്ഷികതാസിദ്ധാന്തം ജനിച്ചു, അടിസ്ഥാനകണങ്ങളേയും, അവയുടെ ഘടനയും ഊർജ്ജവും സംബന്ധിച്ച, മുൻകാലങ്ങളിലെ ഭാവനാത്മകമായ ധാരണകൾക്കു പകരം, വിപ്ലവകരമായ പുതിയ ധാരണകൾ രൂപപ്പെട്ടു; ഹൈസൻബർഗിന്റെ അനിശ്ചിതത്വസിദ്ധാന്തം രൂപപ്പെട്ടത് അണുക്കളുടെ ഉള്ളിലെ കണങ്ങളെ സംബന്ധിച്ച ആഴത്തിലുള്ള ഉൾക്കാഴ്ചകൾ തന്നു; അങ്ങനെ എത്രയോ മുന്നേറ്റങ്ങൾ. സമൂഹത്തിന്റെയും ആധുനികശാസ്ത്രത്തിന്റെയും വികാസത്തിന്റെ, പുതുതായി ഉയർന്നുവന്ന പശ്ചാത്തലമില്ലാതെ ഈ സിദ്ധാന്തങ്ങളും ആശയങ്ങളും മുൻകാലങ്ങളിൽ ഒരിക്കലും വെളിച്ചം കാണുമായിരുന്നില്ല. അപ്പോൾ, മുൻകാലങ്ങളിൽ നേടിയെടുത്തതിനു മേൽ അസന്ദിഗ്ധമായി സ്ഥാപിക്കപ്പെട്ടതാണ് പിൽക്കാലവികാസമെന്ന് അപഗ്രഥിക്കാൻ കഴിഞ്ഞാൽ മാത്രമേ, 'ഐൻസ്റ്റീനെ മനസ്സിലാക്കണമെങ്കിൽ വേദങ്ങൾ വായിക്കണം' എന്നൊക്കെയുള്ള അവകാശവാദങ്ങൾ ശരിയാവുകയുള്ളു. ഇത് സാങ്കേതികവിദ്യാ നേട്ടങ്ങളെ സംബന്ധിച്ചിടത്തോളവും ശരിയാണ്, അത് വ്യോമയാനരംഗത്താകട്ടെ, പ്ലാസ്റ്റിക് സർജറിയാകട്ടെ, ഇൻവിട്രോ ഫെർട്ടിലൈസേഷനാകട്ടെ, മൂലകോശചികിത്സയാകട്ടെ. ഓരോ

(ശേഷം 7-ാം പേജിൽ)

ശാസ്ത്രകോൺഗ്രസ്സും മോദി അജണ്ടയും

# ശാസ്ത്രത്തിന്റെ പ്രകാശംകൊണ്ട് അസംബന്ധങ്ങളുടെയും വഞ്ചനയുടെയും അന്ധകാരത്തെ അകറ്റുക

(6-ാം പേജിൽ നിന്ന്)

ന്നിനും സവിശേഷമായ, കാതലായ സൈദ്ധാന്തിക എടുപ്പുകളോടുകൂടിയ ഭൗതിക അടിത്തറ സമൂഹത്തിൽ സൃഷ്ടിക്കപ്പെടാതെ ഇവയൊന്നും തന്നെ സാധ്യമാവുകയില്ല. മനുഷ്യന്റെ ആത്മീയലോകം, അവന്റെ ഭൗതിക സാഹചര്യങ്ങളിൽ നിന്നും ഉയിർകൊള്ളുന്ന ചിന്തകളുടേയും ആശയങ്ങളുടേയും ലോകമാണ്. ഒരു കാരണവശാലും മനുഷ്യന്റെ ആത്മീയലോകത്തിന്, അന്നേരത്തെ ഭൗതികസാഹചര്യത്തിന്റെ അതിരുകൾ ലംഘിക്കുവാൻ സാധിക്കില്ല. അതുകൊണ്ടാണ്, മുൻകാലത്തെ മഹാന്മാരായ ധിഷണാശാലികൾക്കുപോലും ആധുനികശാസ്ത്രചിന്തകളെ ഉൾക്കൊള്ളാൻ സാധിക്കാഞ്ഞതും, വിവിധ മേഖലകളിലെ വിവിധങ്ങളായ ശാസ്ത്രീയനിയമങ്ങളെ സംബന്ധിക്കുന്ന കണ്ടുപിടിത്തങ്ങളുമായി മുന്നോട്ടുവരാൻ പറ്റാതിരുന്നതും. ഇതാണ്, ചിന്തകളുടേയും ആശയങ്ങളുടേയും ആവിർഭാവത്തേയും വികാസത്തെയും സംബന്ധിക്കുന്ന ശാസ്ത്രീയ വീക്ഷണം. അതുകൊണ്ട്, ആധുനിക വിമാനങ്ങൾ പോലെയുള്ള കണ്ടുപിടിത്തങ്ങൾ പ്രാചീനഭാരതത്തിൽ നിലനിന്നിരുന്നു എന്നൊക്കെ അവകാശപ്പെടുന്നത്, വ്യാജവും ചരിത്രവിരുദ്ധവും ശാസ്ത്രനൈതികതക്ക് എതിരുമാണെന്നു മാത്രമല്ല, അപകടകരവും വർഗ്ഗീയവികാരങ്ങൾക്ക് തിരികൊളുത്താവുന്നവയുമാണ്. ഡാർവിൻ പറഞ്ഞതുപോലെ, തെറ്റായ വീക്ഷണത്തെക്കാൾ അപകടകരമാണ് തെറ്റായ വസ്തുതകൾ.

**വിജ്ഞാനം മനുഷ്യരാശിയുടെ സാമൂഹ്യഉൽപ്പന്നം**

പല ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും നിഗമനങ്ങളുമുണ്ടാകുന്നത് ബന്ധപ്പെട്ട ശാസ്ത്രജ്ഞരോ, ഉൾപ്പെട്ട വ്യക്തികളോ പരസ്പരം അറിയാതെതന്നെ വ്യത്യസ്തസ്ഥലങ്ങളിൽ സ്വതന്ത്രമായിട്ടാണ്. മനുഷ്യ നാഗരികത ഉദയം ചെയ്ത പുരാതന കാലത്ത് ആ പ്രക്രിയയോട് നേരിട്ട് ബന്ധപ്പെടാതെ ഒറ്റപ്പെട്ടുനിന്ന കേന്ദ്രങ്ങളിലാണ് ശാസ്ത്ര പരീക്ഷണങ്ങൾ നടന്നത്. തെളിവുകളും വളരെ ദുർലഭമായിരുന്നു. ഈജിപ്തിലെ പൾച്ചുരുളുകളിലും മെസപ്പോട്ടേമിയയിലെ കളിമൺഫലകങ്ങളിലും ഇന്ത്യയിൽ ഭൂർജപത്രുറിലെ പനയോലകളിലും മറ്റും ശേഖരിക്കപ്പെട്ടിരുന്ന നിർണ്ണായക വിവരങ്ങൾ എളുപ്പം നശിച്ചുപോകുന്നവയായിരുന്നു. വിപുലമായൊരു വിജ്ഞാനശേഖരം കരഗതമായിട്ടുള്ള ആധുനിക മനുഷ്യൻ ഈ പരിമിതികൾ മനസ്സിലാക്കണം. മനുഷ്യൻ പണിപ്പെട്ട് കണ്ടെത്തിയ, കൂട്ടിയോജിപ്പിച്ചെടുത്ത തെളിവുകളും വിജ്ഞാന ശകലങ്ങളും അങ്ങേയറ്റം വിലമതിക്കാൻ കഴിയണം. പരസ്പരം ബന്ധപ്പെടുത്തുവാനുള്ള സാധ്യതകൾ തുലോം പരിമിതമായിരുന്നിട്ടും അക്കാലത്ത് വിജ്ഞാനം ഭൂമുഖത്താകെ വിനിമയം ചെയ്യപ്പെട്ടിരുന്നു എന്ന കാര്യം ഭൂതകാലത്തെ വിലയിരുത്തുന്ന ആധുനിക മനുഷ്യൻ അംഗീകരിച്ചേ പറ്റൂ. ഏതെങ്കിലും ഒരു വ്യക്തിയെയോ ഗ്രന്ഥത്തെയോ രേഖയെയോ മാത്രം ആശ്രയിച്ചുകൊണ്ട് ശാസ്ത്രപരീക്ഷണങ്ങൾ നടത്താനോ വിജ്ഞാനം വിപുലപ്പെടുത്താനോ സാധ്യമല്ല തന്നെ. അനേകംപേരുടെ സംഭാവനകളിലൂടെ, കൂട്ടായ പരിശ്രമഫലമായാണ് മനുഷ്യരാശിക്ക് വിജ്ഞാനം സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞത്, ഇന്നും കഴിയുന്നതും. പരസ്പരമുള്ള ഈ കൊടുക്കൽവാങ്ങൽ വിജ്ഞാനത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ലോകത്തിന്റെ ഏതൊരു കോണിലുമുണ്ടാകുന്ന പുതിയ അറിവ്, കണ്ടുപിടുത്തം മനുഷ്യന്റെ വിജ്ഞാനഭണ്ഡാഗാരത്തിലേക്ക് മുതൽക്കൂട്ടാകുന്നു. ഒരു വിഷയത്തെ സംബന്ധിച്ച് പുതിയ അറിവുകൾ സംഭാവന ചെയ്യുന്നവരിൽ ഒരാൾ ഏറ്റവും ശരിയും സമഗ്രവുമായി ആ വിഷയം അവതരിപ്പിച്ചുവെന്നുവരാം. അയാൾ ആ കണ്ടുപിടുത്തം നടത്തിയ ആൾ എന്ന് അറിയപ്പെടുന്നു. ജൈവ പരിണാമം എന്ന ആശയം ഡാർവിനുമുമ്പ് പലരും മുന്നോട്ടുവച്ചിരുന്നു. വാലസ് എന്ന ഡാർവിന്റെ സമകാലീകനായ ശാസ്ത്രജ്ഞൻ ഡാർവിന്റേതിന് ഏതാണ്ട് സമാനമായ സിദ്ധാന്തം തന്നെ സ്വന്തം നിലയിൽ ആവിഷ്ക്കരിച്ചിരുന്നു എന്നറിയാമല്ലോ. . എന്നാൽ, ജൈവപരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത് ഡാർവിനാണ്. എന്തുകൊണ്ടെന്നാൽ, മൂർത്തമായ വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ സമഗ്രമായി ഈ സിദ്ധാന്തം അവതരിപ്പിച്ചത് അദ്ദേഹമായിരുന്നു. അതുപോലെ തന്നെ, ബി.സി. 570–495 കാലയളവിൽ ജീവിച്ചിരുന്ന പുരാതന ഗ്രീക്ക് ഗണിതജ്ഞനായ പൈതഗോറസിന്റെ പേരിലാണ് പൈതഗോറസ് തിയറം അറിയപ്പെടുന്നത്. എന്നാൽ ബി.സി 2000–1786 കാലത്ത് ഈജിപ്തിലും 1790–1750 കാലത്ത് മെസപ്പൊട്ടേമിയയിലും (മഹാനായ ഹമ്മുറാബിയുടെ ഭരണകാലം) ഈ സിദ്ധാന്തത്തെക്കുറിച്ച് അറിവുള്ളതായി തെളിവുകൾ കിട്ടിയിട്ടുണ്ട്. ഇന്ത്യയിൽ ബൗദ്ധായന്റെ സുൽബസൂത്രത്തിലും (ബി.സി 8–ാം നൂറ്റാണ്ടിനും 2–ാം നൂറ്റാണ്ടിനും ഇടയ്ക്കെന്നാണ് നിഗമനം) ഇതേക്കുറിച്ച് പറയുന്നുണ്ട്. അതുപോലെതന്നെ, ആർക്കമഡീസ് കോൺസ്റ്റന്റായ പൈ യുടെ വില കണ്ടുപിടിക്കുന്നത് ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനായ ആർക്കമഡീസ് ഏതാണ്ട് 250 ബി.സിയിലാണ് എന്നാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ബി.സി. 2589–2566 കാലത്ത് ഈജിപ്തിലെ ഗിസയിൽ നിർമ്മിക്കപ്പെട്ട പിരമിഡിൽ ഈ ആശയം പ്രയോഗിക്കപ്പെട്ടതായി കാണാം. 1900–1600 കാലത്ത് ബാബിലോണിലും 1650–ൽ ഈജിപ്തിലും ഏതാണ്ട് ബി.സി 600–ൽ സുൽബ സൂത്രത്തിലും ഈ ആശയം കണ്ടെത്താനാകും. പുരാതനഭാരതത്തിലെ ഗണിതജ്ഞർ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്നത് നിസ്സംശയമാണ്. അത്തരം പല വിലപ്പെട്ട അറിവുകളും അറേബ്യൻ വ്യാപാരികൾവഴി പാശ്ചാത്യനാടുകളിലേക്ക് എത്തപ്പെട്ടു എന്നതും തള്ളിക്കളയാനാവില്ല. "സിന്ധുനദിക്കിപ്പുറമുള്ള ഭൂപ്രദേശ"ത്തെ അവർ അവർ 'ഹിന്ദുസ്ഥാൻ' എന്നാണ് വിളിച്ചിരുന്നത് ഈ സംഭാവനകൾ ന്യായമായും ഹിന്ദുസ്ഥാന്റെ സംഭാവനകൾ എന്നാണ് അവർ വിശേഷിപ്പിച്ചിരുന്നതും. ഇതിന്റെ ചുവടുപിടിച്ച് ഇവയൊക്ക ആദ്യം കണ്ടെത്തിയവർ എന്ന അവകാശവാദമുന്നയിച്ചാൽ, ശാസ്ത്രലോകത്തിന് അസ്വീകാര്യമായ സങ്കുചിത ദേശീയവാദ വികാരം കുത്തിപ്പൊക്കാൻ മാത്രമേ അതുപകരിക്കൂ.

**പ്രാചീനഭാരതത്തിന്റെ ശാസ്ത്രനേട്ടങ്ങൾ എന്തുകൊണ്ട് നഷ്ടമായി?**

എന്നുമാത്രമല്ല വലിയ അവകാശവാദങ്ങൾ ഉന്നയിക്കുന്നവർ, പ്രാചീനഭാരതത്തിലെ ഈ ശാസ്ത്രനേട്ടങ്ങൾ അവശേഷിപ്പുകൾപോലുമില്ലാതെ എന്തുകൊണ്ട് നഷ്ടമായി എന്നതിനും സമാധാനം പറയണം. നമുക്ക് പ്രമുഖ ഇന്ത്യൻ ശാസ്ത്രജ്ഞനായ ആചാര്യ പ്രഫുല്ല ചന്ദ്ര റായിയുടെ വാക്കുകൾ അനുസ്മരിക്കാം. *ഹിസ്റ്ററി ഓഫ് ഹിന്ദു കെമിസ്ട്രി* എന്ന അദ്ദേഹത്തിന്റെ വിഖ്യാതഗ്രന്ഥത്തിൽ ഇതിന്റെ കാരണങ്ങൾ അദ്ദേഹം വെളിവാക്കുന്നുണ്ട്. ഒന്നാമത്തെ കാരണം ജാതി വ്യവസ്ഥ നിലവിൽവന്നതായിരുന്നു. മനുവിന്റെ നിയമ സംഹിതകളായിരുന്നു രണ്ടാമത്തേത്. ഇതുമൂലമാണ് വൈദ്യശാസ്ത്രരംഗത്തും ശസ്ത്രക്രിയകളിലും മറ്റുമുണ്ടായിരുന്ന സമ്പന്നമായ പാരമ്പര്യം (ചരകന്റെയും ശുശ്രുതന്റെയും പാരമ്പര്യം) തകർന്നുപോയത്. വിദ്യാഭ്യാസം സിദ്ധിച്ചവരുടെയിടയിൽ പ്രചാരത്തിൽവന്ന വേദാന്ത തത്വചിന്തയുടെ സ്വാധീനമാണ് മൂന്നാമത്തെ കാരണം. അദ്ദേഹം എഴുതി: "കലയുടെയും ശാസ്ത്രത്തിന്റെയും മേഖലകളിൽനിന്ന് ബുദ്ധിമാന്മാരുടെ പിൻവാങ്ങലിന് ഇതിടയാക്കി. കാര്യകാരണ ബന്ധം കണ്ടെത്താനുള്ള കഴിവുതന്നെ നഷ്ടപ്പെട്ടു. അന്വേഷണത്വര ക്രമേണ കെട്ടടങ്ങി. ജനതയാകെ സ്വാഭാവികമായിതന്നെ ഊഹാപോഹങ്ങളിൽ അഭിരമിക്കാൻ തുടങ്ങി. അന്വേഷണബുദ്ധിയോടും ശാസ്ത്രസപര്യയോടും അവർ എന്നന്നേയ്ക്കുമായി വിടപറഞ്ഞു. ബോയിലിനെയോ ഡെഡ്കാർട്ട്സിനെയോ ന്യൂട്ടണെയോ പോലുള്ളവർക്ക് ജന്മം നൽകാൻ പ്രാപ്തിയില്ലാത്ത ഒരു നാടായി നമ്മൾ അധഃപതിച്ചു. ശാസ്ത്ര ഭൂപടത്തിൽനിന്നുതന്നെ നമ്മുടെ നാട് നീക്കം ചെയ്യപ്പെട്ടു."

**മനുഷ്യഭാവന അനുഭവങ്ങളെ അതിജീവിക്കുന്നു**

മനുഷ്യചിന്തയുടെ വികാസചരിത്രത്തിൽ ശ്രദ്ധേയമായ മറ്റൊരു കാര്യംകൂടിയുണ്ട്. ചുറ്റുപാടുമുള്ള ഭൗതികലോകത്തെ അസ്പദമാക്കിയാണ് മനുഷ്യൻ എക്കാലവും ചിന്തിച്ചിരുന്നത് എന്നത് ശരിതന്നെ. എന്നാൽ ഭൗതികലോകത്തില്ലാത്തതും മാനസികലോകത്തിന്റെ സൃഷ്ടിയുമായ ചിലത് അവൻ ഭാവനയിൽ കണ്ടു. മനസ്സിന്റെയും മനോസൃഷ്ടിയുടെയും സാപേക്ഷികമായ ഈ സ്വതന്ത്രനിലനിൽപ് ശാസ്ത്രം അംഗീകരിക്കുന്നു. പക്ഷികൾ പറക്കുന്നത് അവനിൽ പറക്കാനുള്ള ആഗ്രഹമുണർത്തി. സ്വയം അതിന് കഴിയില്ല എന്ന് ബോധ്യമുള്ളതുകൊണ്ട് അതിന് ശേഷിയുള്ള കഥാപാത്രങ്ങളെ അവർ സൃഷ്ടിച്ചു. മനുഷ്യന്റേതിന് ഏതാണ്ട് സമാനമായ ശരീരത്തിൽ ചിറകുകൾ വച്ചുപിടിച്ചാണ് അവൻ ഈ അസാമാന്യകഥാപാത്രങ്ങൾക്ക് ജന്മം നൽകിയത്. ഇതിലൂടെ അവൻ സായൂജ്യ മടയുകയും പുരാണങ്ങൾ ജനിക്കുകയും ചെയ്തു. എന്നാൽ ഈ ആധുനിക യുഗത്തിൽ, ഈ കഥാപത്രങ്ങൾ യഥാർത്ഥത്തിൽ ജീവിച്ചിരുന്നുവെന്നും ആ കാലഘട്ടത്തിന്റെ 'ശാസ്ത്രവികാസത്തിന്റെ' തെളിവുകളാണിതെന്നുമൊക്കെ പറയുന്നത് ശരിയല്ല. സങ്കൽപ്പങ്ങളെ ശാസ്ത്രത്തോട് തുലനം ചെയ്യുന്നത് അജ്ഞതയോ കുതന്ത്രമോ മാത്രമേ ആകുന്നുള്ളൂ.

**സയൻസ് കോൺഗ്രസ്സിന് ശാസ്ത്രത്തിന്റെ അന്തഃസത്തയും നൈതികതയും കൈമോശം വന്നതെന്തുകൊണ്ട്?**

മഹാത്മ്യത്തെക്കുറിച്ചും ഇന്ത്യയുടെ ശാസ്ത്രങ്ങളെയും ശാസ്ത്രജ്ഞരെയുമൊക്കെക്കുറിച്ചുള്ള അത്യുക്തികളും പൊങ്ങച്ചം പറച്ചിലുമൊക്കെ നിറഞ്ഞതായിരുന്നു സയൻസ് കോൺഗ്രസ്സിലെ സംസ്കൃതത്തിലൂടെ പ്രാചീനശാസ്ത്രത്തിലേക്ക് എന്ന സിംപോസിയം. എന്നാൽ സയൻസിന്റെ അന്തഃസത്തയ്ക്കും നൈതികതയ്ക്കും നിരക്കുന്നതായിരുന്നില്ല അത്. ഭാരതീയ പാരമ്പര്യത്തെക്കുറിച്ചുള്ള പൊള്ളയായ അവകാശവാദങ്ങളും അർദ്ധസത്യങ്ങളുടെ വഞ്ചനാപരമായ അവതരണവുമാണ് അവിടെ കണ്ടത്. എല്ലാം കൃത്യമായ ലക്ഷ്യത്തോടെയായിരുന്നു താനും. ഇന്ത്യൻ ഭരണമുതലാളിവർഗ്ഗത്തിന്റെ കൃത്യമായ പദ്ധതിയാണിത്. നേരായ ചിന്തിക്കുന്നവർ, വിശേഷിച്ച്, അന്ധവിശ്വാസത്തിനടിപ്പെടാതെ, യുക്തിബോധമുള്ള ശാസ്ത്രസമൂഹം ഇതെല്ലാം തുറന്നുകാണിക്കണം. കാര്യകാരണബന്ധത്തെ അംഗീകരിക്കുന്ന വർക്കുമാത്രമേ സത്യം വളച്ചൊടിക്കുന്ന, വസ്തുതകൾ മുക്കിക്കളയുന്ന ഈ ശാസ്ത്രവിരുദ്ധ കസർത്തിന്റെ മുഖംമൂടി പിച്ചിച്ചീന്താനാകൂ. എന്നാൽ, എന്തുകൊണ്ടാണ് ഇങ്ങനെയൊരു ഗൂഢപദ്ധതി ആവിഷ്ക്കരിക്കുന്നത്? മുതലാളിത്തം ഉദയം ചെയ്തകാലത്ത് അതൊരു പുരോഗമന ശക്തിയായിരുന്നു. ജന്മിത്തത്തിന്റെ അന്ധതയ്ക്കെതിരെ ശാസ്ത്രീയ മനോഘടന വളർത്തിയെക്കാനും ശാസ്ത്രപുരോഗതിക്കുവേണ്ടിയും അത് നിലകൊണ്ടു. എന്നാൽ സാമൂഹ്യവികാസത്തിന്റെ അനിഷേധ്യ നിയമപ്രകാരം ഇന്നത് ജീർണ്ണവും മരണാസന്നവും പിന്തിരിപ്പനും സാമൂഹ്യപുരോഗതിക്ക് വിലങ്ങുതടിയുമാണ്. മുതലാളിത്തവിരുദ്ധ വിപ്ലവ ഭീതി ബാധിച്ച ഈ മുതലാളിത്തം അതിന്റെ ജീർണ്ണിച്ച വർഗ്ഗഭരണം നിലനിർത്താനായി എന്തും ചെയ്യാൻ തയ്യാറായിരിക്കുകയാണ്. നിർദ്ദയമായ ചൂഷണവും അടിച്ചമർത്തലും മുഖമുദ്രയാക്കിയ ഭരണമാണത്. മനോവികാസത്തെയും ചിന്താശേഷിയെയും അത് പിന്നോട്ടടിക്കുന്നു. സത്യം കണ്ടെത്തുന്ന ശാസ്ത്രീയ മനോഘടന വികസിപ്പിച്ചെടുക്കാൻ ശാസ്ത്രമെന്ന ഉപകരണം മാത്രമേ സഹായകമാകൂ. അതുകൊണ്ടാണ് ശാസ്ത്രത്തെയും കടന്നാക്രമിക്കുന്നതും തൽസ്ഥാനത്ത് കപടശാസ്ത്രചിന്തകളും അന്ധതയും സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നതും. ഇവിടെയാണ് അപകടം പതിയിരിക്കുന്നത്.

ഈ സാഹചര്യം ഉപയോഗപ്പെടുത്തിയാണ് ഫാസിസം വളരുന്നത്. നമ്മുടേതുൾപ്പെടെ എല്ലാ മുതലാളിത്ത രാജ്യങ്ങളുടെയും നിലനിൽപ്പിനുള്ള അന്തിമാശ്രയമാണ് ഫാസിസം. നമ്മുടെ പാർട്ടിയുടെ സ്ഥാപക ജനറൽസെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് തത്വചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇങ്ങനെ വിശദീകരിക്കുന്നു. "ഫാസിസം ആത്മീയതയുടെയും ശാസ്ത്രത്തിന്റെയും സവിശേഷമായൊരു സംയോജനമാണ്. ഫാസിസ്റ്റ് ഭരണകൂടം സമ്പദ്ഘടനയും സൈനികശക്തിയും കെട്ടിപ്പടുക്കാൻ സയൻസിന്റെ സാങ്കേതികവശം സ്വീകരിക്കുന്നു. ചൂഷണ മുതലാളിത്തവ്യവസ്ഥ അനിവാര്യമായി സൃഷ്ടിക്കുന്ന എല്ലാ വ്യാധികൾക്കുമുള്ള ഒറ്റമൂലി എന്ന നിലയിൽ ദേശീയ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയുമൊക്കെ പേരുപറഞ്ഞുകൊണ്ട് എല്ലാത്തരം ശാസ്ത്രവിരുദ്ധതയും മതാന്ധതയും വിളമ്പുകയും ചെയ്യുന്നു. ശാസ്ത്രീയവും മായികവുമായ ഘടകങ്ങൾ സംയോജിക്കുന്ന വിചിത്രമായ ഒരു സമിശ്രമായി ഫാസിസ്റ്റ് സംസ്കാരം ജന്മമെടുക്കുന്നു. പ്രകൃതി പ്രതിഭാസങ്ങളിൽ ശാസ്ത്രത്തിന്റെ ഘടകത്തിനായിരിക്കും മുൻതൂക്കം. എന്നാൽ സാമൂഹ്യപ്രതിഭാസങ്ങളിൽ അയഥാർത്ഥമായ, മായികമായ ഘടകങ്ങൾക്ക് മുൻതൂക്കം വരുന്നു. ജനങ്ങളുടെ മാനസികമായ പ്രക്രിയയെ കാര്യകാരണബന്ധത്തിന്റെ ശാസ്ത്രീയപാതയിൽനിന്ന് അന്ധവിശ്വാസത്തിന്റെയും മുൻവിധിയുടെയും മതാന്ധതയുടെയുമൊക്കെ ഭ്രാത്മകമായ പാതയിലേക്ക് തിരിച്ചുവിടുന്നതിലൂടെ അത്യന്തികമായി സാമൂഹ്യപ്രവർത്തനത്തോട് ഒരു അവജ്ഞ വളർത്തിയെടുക്കപ്പെടുന്നു(അടിയന്തിര കർത്തവ്യങ്ങൾ: തെരഞ്ഞെടുത്ത കൃതികൾ, വാള്യം–2). ഫാസിസത്തിന്റെ ഈ ലക്ഷണങ്ങളൊക്കെ സയൻസ് കോൺഗ്രസ്സിലെ സിംപോസിയത്തിൽ പ്രകടമായിരുന്നു.

**ബൂർഷാ വർഗ്ഗതാൽപ്പര്യം സംരക്ഷിക്കാനായി ശാസ്ത്രത്തെ വികൃതമാക്കാൻ ആർഎസ്എസ് -ബിജെപി പ്രതിജ്ഞാബദ്ധം.**

ഹിന്ദുവർഗ്ഗീയ ശക്തിയായ ആർഎസ്എസിന്റെയും സംഘപരിവാറിന്റെയും രാഷ്ട്രീയമുഖവും ഇന്ത്യൻ ഭരണമുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത കാര്യസ്ഥന്മാരുമായ ബിജെപി ഇപ്പോൾ ഇന്ത്യയിൽ അധികാരത്തിലെത്തിയിരിക്കുന്നു. ഭരണമുതലാളിവർഗ്ഗത്തിന്റെ പിന്തിരിപ്പനായ സാമൂഹ്യ-രാഷ്ട്രീയ താൽപ്പര്യങ്ങളെ സേവിക്കുകയും അതുവഴി ഫാസിസത്തിന്റെ അടിത്തറയൊരുക്കുന്നത് ത്വരിതപ്പെടുത്തുകയുമാണ് അവരിൽ അർപ്പിതമായ കടമകൾ. ചരിത്രത്തെ വളച്ചൊടിക്കാനും ശാസ്ത്രത്തെ തകിടംമറിക്കാനും പ്രാചീനഭാരതത്തിൽ എല്ലാമുണ്ടായിരുന്നു എന്ന് കെട്ടുകഥ പ്രചരിപ്പിക്കാനുമൊക്കെ അവർ കൊണ്ടുപിടിച്ച് ശ്രമിക്കുന്നത് അതിനാലാണ്. ഭ്രാന്തമായ ഹിന്ദുത്വ അജണ്ട മുറുകെപ്പിടിച്ചുകൊണ്ട് ജനങ്ങളെ പല തട്ടുകളിലാക്കുകയും തമ്മിലടിപ്പിക്കുകയും മുതലാളിത്ത വാഴ്ചയ്ക്കെതിരായ ജനങ്ങളുടെ യോജിച്ച മുന്നേറ്റത്തിന് തുരങ്കം വയ്ക്കുകയുമാണവർ ചെയ്യുന്നത്. ജനങ്ങൾ സത്യാന്വേഷണത്തിന്റെ പാതവെടിഞ്ഞ് ജീവിതത്തെയും ചരിത്രത്തെയും സംബന്ധിച്ച അസംബന്ധങ്ങളിൽ അഭിരമിക്കണമെങ്കിൽ അവർക്ക് ശാസ്ത്രത്തെ ആക്രമണലക്ഷ്യമാക്കേണ്ടതുണ്ട്. ഇത് ഭാരതത്തെ മഹത്വവൽക്കരിക്കല

(ശേഷം 8-ാം പേജിൽ)

## അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മേധാവി ഓബാമയുടെ സന്ദർശനത്തിനെതിരെ

# ജനകീയ കൺവൻഷൻ

**റി**പ്പബ്ലിക്ദിന വിശിഷ്ടാതിഥിയായി അമേരിക്കൻ പ്രസിഡന്റ് ഒബാമയ്ക്ക് മോദി സർക്കാർ നൽകിയ ക്ഷണം പിൻവലിക്കണമെന്നാവശ്യപ്പെട്ടും 'ഒബാമ ഗോ ബാക്ക്' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ടും ജനുവരി 16-ാം തീയതി വൈകുന്നേരം 3 മണിക്ക് ആലപ്പുഴ മുല്ലയ്ക്കൽ പുളിമൂട്ടിൽ ടവേഴ്സിൽ ജനകീയ കൺവൻഷൻ സംഘടിപ്പിച്ചു.




കൺവൻഷൻ പ്രൊഫ. കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു. സി.കെ.ലൂക്കോസ്, ഡോ. വി.വേണുഗോപാൽ, ആലാ വാസുദേവൻപിള്ള, അഡ്വ.മാത്യു വേളങ്ങാടൻ, ജി.എസ് പത്മകുമാർ, എസ്.സീതിലാൽ, അഡ്വ.നാസർ പൈങ്ങാമഠം, ടി.ബി വിശ്വനാഥൻ, ജി.ആർ.സുഭാഷ് തുടങ്ങിയവർ വേദിയിൽ.

യുദ്ധവിരുദ്ധ-സാമ്രാജ്യത്വ വിരുദ്ധ ജനകീയ പ്രസ്ഥാനങ്ങളെ സാർവ്വദേശീയ തലത്തിൽ ഏകോപിപ്പിച്ചു കൊണ്ടിരിക്കുന്ന ഇന്റർ നാഷണൽ ആന്റി ഇംപീരിയലിസ്റ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി (IACC) യുടെ ഇൻഡ്യൻ ഘടകമായ ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറമാണ് (AIAIF) സാമ്രാജ്യത്വവിരുദ്ധ ജനകീയ കൺവൻഷൻ സംഘടിപ്പിച്ചത്. പ്രൊഫ: കെ. അരവിന്ദാക്ഷൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ദശാബ്ദങ്ങളായി അമേരിക്ക ലോകത്തെ വിവിധരാജ്യങ്ങളുടെ പരമാധികാരത്തിലും സ്വാതന്ത്ര്യത്തിലും നഗ്നമായി കൈകടത്തികൊണ്ടിരിക്കുകയാണ്. രാജ്യങ്ങൾക്കിടയിൽ യുദ്ധം കുത്തിപ്പൊക്കുകയും മത മൗലികവാദവും വംശീയ സംഘർഷങ്ങളും വളർത്തുകയും ചെയ്യുന്നു. പിഞ്ചുകുഞ്ഞുങ്ങളും വൃദ്ധജനങ്ങളുമുൾപ്പെടെയുള്ള ലക്ഷോപലക്ഷം ജനങ്ങളെ കൊന്നൊടുക്കുന്നു, സ്ത്രീകളുടെ മാനം കവരുന്നു, നഗരങ്ങളെയും ഗ്രാമങ്ങളെയും ചുട്ടെരിക്കുന്നു. വിവിധ രാജ്യങ്ങളുടെ വിഭവങ്ങൾ കൊള്ളയടിക്കുന്നു. ഏറ്റവും വൻകിടക്കാരായ അമേരിക്കയിലെ ബഹുരാഷ്ട്രക്കുത്തകകളുടെ ദാസ്യത്തിലായിക്കഴിഞ്ഞ അമേരിക്കൻ ഭരണകൂടത്തിന്റെ മുഖ്യമേധാവിയെയാണ് നരേന്ദ്രമോഡി സർക്കാർ ആനയിക്കുന്നത്. ഈ നടപടിയിലൂടെ സർക്കാർ ഇൻഡ്യയുടെ ഉജ്ജ്വലമായ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തെ കളങ്കപ്പെടുത്തിയിരിക്കുന്നു. നേതാജി സുഭാഷ് ചന്ദ്രബോസിനെയും ഭഗത് സിംഗിനെയും പോലുള്ള സ്വാതന്ത്ര്യ സമരത്തിലെ മഹാന്മാരായ ധീരയോദ്ധാക്കളെ അപമാനിക്കുകയാണ്.-അദ്ദേഹം പറഞ്ഞു.




സാമ്രാജ്യത്വവിരുദ്ധ ജനകീയ കൺവൻഷനുശേഷം ആലപ്പുഴ നഗരത്തിൽ നടത്തിയ പ്രകടനത്തിൽ നിന്ന്

അഡ്വ.മാത്യു വേളങ്ങാടൻ, സി.കെ ലൂക്കോസ്, ഡോ.വി.വേണുഗോപാൽ, ടി.ബി വിശ്വനാഥൻ, ആലാ വാസുദേവൻ പിള്ള, അഡ്വ. നാസർ പൈങ്ങാമഠം, ജി.എസ് പത്മകുമാർ, എസ്.സീതിലാൽ തുടങ്ങിയവർ സമ്മേളനത്തിൽ പ്രസംഗിച്ചു.

കൺവൻഷനുശേഷം ആലപ്പുഴ നഗരത്തിൽ ആവേശകരമായ പ്രകടനവും നടന്നു. ●

## ഇടതുപക്ഷ ഐക്യമുന്നണി(എൽ.യു.എഫ്)യുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ പ്രതിഷേധ ധർണ്ണ

**റി**പ്പബ്ലിക് ദിനാഘോഷ ചടങ്ങിലേക്ക് അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയ്ക്ക് നൽകിയ ക്ഷണത്തിൽ പ്രതിഷേധിച്ച് ഇടതുപക്ഷ ഐക്യമുന്നണിയുടെ നേതൃത്വത്തിൽ ജനുവരി 24 ന് സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ്ണ നടന്നു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ. ലൂക്കോസ് ധർണ്ണ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ജനതയുടെ ഉജ്ജ്വലമായ സാമ്രാജ്യത്വ വിരുദ്ധ സമരപാരമ്പര്യത്തെ കളങ്കപ്പെടുത്തുന്നതാണ് ലോക സാമ്രാജ്യത്വ ശക്തികളുടെ മേധാവിയായ അമേരിക്കയുടെ മുഖ്യ കാര്യസ്ഥൻ ബറാക് ഒബാമയെ റിപബ്ലിക് ദിനാഘോഷത്തിന്റെ മുഖ്യാതിഥിയായി ക്ഷണിച്ചുവരുത്തുന്ന മോദി ഗവൺമെന്റിന്റെ നടപടിയെന്ന് സി.കെ. ലൂക്കോസ് പറഞ്ഞു.

എംസിപിഐ (യൂ) നേതാവ് സി. ശ്രീനിവാസദാസ്, എൽയൂ.എഫ് സംസ്ഥാന കൺവീനർ ഡോ. വി.വേണുഗോപാൽ, ആർഎംപി നേതാവ് പേരൂർക്കട മോഹനൻ, എസ്യുസിഐ (സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജി.എസ്. പത്മകുമാർ,ജയിസൺ ജോസഫ്, എസ്. രാജീവൻ, രാജേന്ദ്രൻ (എംസിപിഐ(യൂ)), അഡ്വ.വി. പ്രതാപ് സിംഗ്,മുകുന്ദേഷ് എന്നിവർ പ്രസംഗിച്ചു. ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ ചെയർമാൻ വി.കെ സുരേഷ് അദ്ധ്യക്ഷത വഹിച്ചു.

ബാരക് ഒബാമയെ റിപ്പബ്ലിക് ദിനവിശിഷ്ട അതിഥിയായി ക്ഷണിച്ചതിനെതിരെ ഇടതുപക്ഷ ഐക്യമുന്നണി കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചിന്നക്കടയിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. റെസ്റ്റ് ഹൗസിന് സമീപത്തുനിന്നും ആരംഭിച്ച പ്രകടനം താലൂക്ക് ഓഫീസ് ജംഗ്ഷനിൽ സമാപിച്ചു. തുടർന്നു നടന്ന യോഗത്തിൽ എസ്യുസിഐ കമ്യൂണിസ്റ്റ് കൊല്ലം ജില്ലാ സെക്രട്ടറി സഖാവ് ജ്യോതികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എംസിപിഐ യുണൈറ്റഡ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.എസ്.മോഹൻലാൽ ഉദ്ഘാടനം ചെയ്തു. സഖാക്കൾ വി.എസ്. രാജേന്ദ്രൻ, ഷൈല കെ.ജോൺ, എസ്.രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. ●



ബറാക് ഒബാമയ്ക്ക് നൽകിയ ക്ഷണത്തിൽ പ്രതിഷേധിച്ച് ഇടതുപക്ഷ ഐക്യമുന്നണി സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ ധർണ്ണ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ. ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

## ശാസ്ത്രകോൺഗ്രസ്സും മോദി അജണ്ടയും

(7-ാം പേജിൽ നിന്ന്)

ല്ല. നാഗരികതയെ കടന്നാക്രമിക്കലാണ്. ആർഎസ്എസ്-ബിജെപി ശക്തികളിൽനിന്ന് ഇത് പ്രതീക്ഷിച്ചതുതന്നെയാണ്. ഇതവരുടെ ജന്മനായുള്ള വൈകല്യമാണ്. ഗണിതം, ജ്യോതിശാസ്ത്രം, ലോഹസംസ്കരണശാസ്ത്രം, വാസ്തുവിദ്യ തുടങ്ങി പ്രാചീന ഭാരതത്തിൽ വലിയ മുന്നേറ്റം കൈവരിച്ച ശാസ്ത്ര, സാങ്കേതിക മേഖലകൾ ഉയർത്തിക്കാട്ടുന്നതിനു പകരം കപടവും വഞ്ചാനപരവുമായ ഒരു മാർഗ്ഗമാണവർ അവലംബിക്കുന്നത്. ആർഎസ്എസ് ആചാര്യനായ എം.എസ്.ഗോൾവാൾക്കർ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഇപ്പോഴും അവർ അവലംബിക്കുന്നത്. നമ്മുടെ രാഷ്ട്രവും നമ്മളും എന്ന തന്റെ വിഖ്യാതമായ കൃതിയിൽ അദ്ദേഹം ഇത് സമർത്ഥിക്കുന്നു.

ശാസ്ത്രം, കൃഷി, വ്യവസായം, സംസ്കാരം തുടങ്ങിയ രംഗങ്ങളിലാകെ ഹിന്ദുസ്ഥാന് സമ്പന്നമായ പാരമ്പര്യമുണ്ട്. "കഴിഞ്ഞ ആയിരത്തോളം വർഷങ്ങളായി നമ്മൾ കവർച്ചക്കാരുടെ ആക്രമണങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നു"(പേജ് 52), നാടിന്റെ യശസ്സ് വീണ്ടെടുക്കാനായി അദ്ദേഹം തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നു. ഇടയന്മാരുടെ ഒരു വർഗ്ഗമായ 'ആര്യന്മാർ' മദ്ധ്യേഷ്യയിൽ നിന്ന് ഇന്ത്യയുടെ വടക്ക് പടിഞ്ഞാറുഭാഗത്ത് പലപ്പോഴായി വന്നെത്തിയതും പ്രദേശവാസികളുമായി ലയിച്ചുചേർന്ന് താമസമാക്കിയതുമൊക്കെ ഏറെ തെളിവുകളുടെ പിൻബലമുള്ള വസ്തുതകളാണെങ്കിലും അദ്ദേഹം അതൊന്നും ഗൗരവമായെടുക്കുന്നില്ല. പകരം, ലോകമാന്യതിലകന്റ ആര്യന്മാരുടെ ആർട്ടിക് ഉത്ഭവം സംബന്ധിച്ച സിദ്ധാന്തം അൽപ്പം ഭേദഗതികളോടെ അവതരിപ്പിക്കുകയാണദ്ദേഹം ചെയ്യുന്നത്. അദ്ദേഹം എഴുതുന്നു: "ഉത്തരധ്രുവം സ്ഥിരമായി നിൽക്കുന്നില്ല. വളരെ മുമ്പ് ബീഹാറും ഒറീസ്സയും എന്ന് ഇപ്പോൾ നമ്മൾ വിളിക്കുന്ന സ്ഥലങ്ങൾ ആ മേഖലയിലായിരുന്നു. പിന്നീടത് നീങ്ങി ഇപ്പോഴത്തെ സ്ഥലത്തായി. അങ്ങനെയെങ്കിൽ നമ്മൽ ആർട്ടിക് മേഖല വിട്ട് ഹിന്ദുസ്ഥാനിലെത്തുകയായിരുന്നോ, അതോ നമ്മളെല്ലാവരും ഇവിടെ ഉണ്ടായിരിക്കുകയും ആർട്ടിക് മേഖല നമ്മളെവിട്ട് വടക്കോട്ട് നീങ്ങുകയുമാണോ ഉണ്ടായത്? ഹിന്ദുക്കൾ ഈ ഭൂപ്രദേശത്തേക്ക് കുടിയേറുകയല്ല ആർട്ടിക് മേഖല ഹിന്ദുസ്ഥാനിലെ ഹിന്ദുക്കളെ വിട്ടുപോകുകയാണ് ഉണ്ടായത്".(പേജ് 45). ശാസ്ത്രവിരുദ്ധത പ്രചരിപ്പിക്കുന്നതിന് ശാസ്ത്രത്തെ മനഃപൂർവ്വം വളച്ചൊടിക്കുന്നതാണിവിടെ കാണുന്നത്. ഭൂഖണ്ഡങ്ങളുടെ ഉത്ഭവവും വികാസവും സംബന്ധിച്ചുള്ള ശാസ്ത്രത്തിന്റെ ചില അനുമാനങ്ങളെ സ്വന്തം സിദ്ധാന്തങ്ങൾ ന്യായീകരിക്കാൻ വേണ്ടി ദുരുപയോഗപ്പെടുത്തുകയാണിവിടെ. അനേക വർഷങ്ങൾക്കുമുമ്പ് ഭൂമി ഇന്നു കാണുന്നതുപോലെയായിരുന്നില്ല എന്ന ഒരു സങ്കൽപ്പം ശാസ്ത്രം മുന്നോട്ടുവയ്ക്കുന്നുണ്ട്. ധ്രുവങ്ങളും അന്ന് ഇതേ സ്ഥാനത്തുന്നെയായിരുന്നില്ല. ദക്ഷിണധ്രുവം ഇന്നത്തെ ഇന്ത്യയിലായിരുന്നു അന്ന്. സമുദ്രവും ഉത്ഭവിക്കുകയും തിരോഭവിക്കുകയും ചെയ്തിട്ടുണ്ട്. ഭൂഖണ്ഡങ്ങൾ പിന്നീട് വളർന്ന് വിപുലമായി. ഭൂമിയുടെ ഉപരിതലത്തിൽ നടന്ന ഈ മാറ്റങ്ങളെല്ലാം ഭൗതികമായ ഭൗമ പ്രതിഭാസങ്ങളായിരുന്നു. ഭൂമുഖത്ത് മനുഷ്യവാസമില്ലാതിരുന്ന അനേകകോടി വർഷങ്ങൾക്കുമുമ്പാണ് ഈ കാര്യങ്ങളൊക്കെ സംഭവിച്ചത് എന്ന കാര്യം പ്രത്യേകം ഓർക്കണം. ഗോൾവാക്കർ പറയുന്ന 'ആക്രമണകാരി'കളായിരിക്കും ഈ നാശമെല്ലാം വരുത്തിവച്ചത്. അല്ലെങ്കിൽ ഇങ്ങനെയൊരു സംഘത്തലവന് അർദ്ധസത്യങ്ങൾ മെനഞ്ഞ് ഇങ്ങനെയൊരു വിചിത്ര സിദ്ധാന്തം സയൻസും അസംബന്ധവും കൂട്ടിക്കുഴച്ച് എങ്ങനെയാണ് അവതരിപ്പിക്കാൻ കഴിയുക? ശാസ്ത്രകോൺഗ്രസ്സിന്റെ ഉള്ളടക്കവും വിശദീകരണങ്ങളുമൊക്കെ ഈ വഴിക്കുണ്ടായതാണെന്നേ കരുതാനാകൂ. എന്തായാലും, സയൻസ് അല്ലായിരുന്നു ശാസ്ത്രകോൺഗ്രസ്സിന്റെ ലക്ഷ്യം. ശാസ്ത്രീയ മനോഭാവം സൃഷ്ടിക്കുക എന്ന ഉദ്ദേശവുമതിനുണ്ടായിരുന്നില്ല. ശാസ്ത്രീയ ഗവേഷണങ്ങളെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുക എന്നതും അജണ്ടയിലുണ്ടായിരുന്നില്ല. സയൻസിന്റെ മേലങ്കിയണിഞ്ഞ് സങ്കുചിത ദേശീയവാദവും അന്ധതയും ഊതിപ്പെരുപ്പിക്കുക എന്നതുമാത്രമായിരുന്നു ഉദ്ദേശം.

അസംബന്ധങ്ങളുടെയും വഞ്ചനയുടെയും മതഭ്രാന്തിന്റെയും അന്ധകാരം രാജ്യമാകെ പടരുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിതന്നെ നേതൃത്വം നൽകിയാണ് ഈ ഹീനപദ്ധതി അരങ്ങേറുന്നത്. വികസനത്തി

(ശേഷം 9-ാം പേജിൽ)

# സേവ് എജ്യൂക്കേഷൻ സംസ്ഥാന സമ്മേളനം

## കപട പാരമ്പര്യവാദവും അന്ധ വിശ്വാസവും പ്രചരിപ്പിക്കുന്നത് അവസാനിപ്പിക്കുക

**– ഡോ.എസ്. ബാലചന്ദ്രറാവു**

ഭാരതത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക സാമൂഹിക ബൗദ്ധിക രംഗങ്ങളാകമാനം അതിഭയങ്കരമായ വെല്ലുവിളികളെ നേരിടുന്ന കാലഘട്ടത്തിലാണ് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംഘടിപ്പിക്കുന്ന സംസ്ഥാന വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം ജനുവരി 10 ന് കോഴിക്കോട് ചേർന്നത്. നമ്മുടെ സ്വാതന്ത്ര്യ-നവോത്ഥാന നായകർ നടത്തിയ സുദീർഘമായ പോരാട്ടത്തിലൂടെ വളർത്തിയെടുത്ത ശാസ്ത്രീയ-മതേതര-ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ അവശേഷിക്കുന്ന നന്മകളെ കൂടി തകർക്കുന്ന വിധ്വംസക പരിഷ്കാരങ്ങൾ ഇതിനകം ഭയാനകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു. സാധാരണക്കാർക്ക് പഠിക്കാൻ സർക്കാർ സ്കൂളുകളും കോളെജുകളും നിലനിൽക്കണമെന്നും സർവ്വകലാശാലകൾ സ്വതന്ത്രമായി പ്രവർത്തിക്കണമെന്നും വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കാൻ സർക്കാർ നടത്തുന്ന എല്ലാത്തരം നീക്കങ്ങളും അപകടകരമാണെന്നുമുള്ള സന്ദേശം നൽകിക്കൊണ്ടാണ് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സമ്മേളനം സംഘടിപ്പിച്ചത്. 'ശാസ്ത്രീയ-മതേതര ജനാധിപത്യ വിദ്യാഭ്യാസത്തിന് വേണ്ടി' എന്ന തലക്കെട്ടിൽ നടന്ന സെഷനുകളിൽ പ്രമുഖരായ വിദ്യാഭ്യാസ ചിന്തകർ പങ്കെടുക്കുകയുണ്ടായി.

പ്രമുഖ ഗണിത ശാസ്ത്രജ്ഞൻ ഡോ. എസ്. ബാലചന്ദ്രറാവുവാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. വിദ്യാഭ്യാസത്തെ വർഗ്ഗീയവൽക്കരിയ്ക്കാൻ മോദി സർക്കാർ നടത്തുന്ന നീക്കങ്ങൾക്കെതിരെ ആഞ്ഞടിച്ച അദ്ദേഹം ആധുനിക ശാസ്ത്രങ്ങളുടെ നേട്ടങ്ങളെ പുരാതന ഭാരതത്തിന്റെ സംഭാവനയെന്ന് പ്രചരിപ്പിക്കുന്നത് അസംബന്ധമാണെന്ന് പറഞ്ഞു.

തന്റെ തൊണ്ണൂറാം വയസ്സിലാണ് വന്ദ്യവയോധികനായ ഡോ. എൻ. എ. കരീം കോഴിക്കോട് സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിയ്ക്കാൻ എത്തിച്ചേർന്നത്. വേദിയിലെയും സദസ്സിലെയും മുഴുവൻ പ്രതിനിധികളും സർവ്വാദരങ്ങളോടെയും എഴുന്നേറ്റ് നിന്ന് ഡോ. കരീമിനെ വേദിയിലേക്ക് ആനയിച്ചു. ഉജ്ജ്വലമായ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു "വിദ്യാഭ്യാസത്തെ രക്ഷിക്കണമെങ്കിൽ നമുക്ക് ആദ്യം രാജ്യത്തെ രക്ഷിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യമിന്ന് ഫാസിസ്റ്റ് ഭീഷണിയിലാണ്. സാമൂഹിക-രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളെല്ലാം പ്രതിസന്ധിയിലാണ്. സമഗ്രമായ പോരാട്ടത്തിലൂടെ രാജ്യരക്ഷാ മുന്നേറ്റം നടത്തിയാൽ മാത്രമേ സേവ് എഡ്യുക്കേഷൻ പ്രസ്ഥാനം വിജയിക്കൂ. ആയതിനാൽ, സേവ് ഇന്ത്യ എന്ന മുദ്രാവാക്യമാണ് നാം ഉയർത്തേണ്ടത്."

സമ്മേളനത്തിലെ മുഖ്യപ്രമേയം സംസ്ഥാന സെക്രട്ടറി എം. ഷാജർഖാൻ അവതരിപ്പിച്ചു. ഡോ.വി. വേണുഗോപാൽ പ്രസീഡിയം നിയന്ത്രിച്ചു. ഡോ.പി.പി. രാജീവ്, അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ പ്രസിഡന്റായിരുന്ന അന്തരിച്ച ജിസ്റ്റിസ് വി.ആർ. കൃഷ്ണയ്യരെയും മറ്റും സ്മരിക്കുന്ന അനുശോചന പ്രമേയം അവതരിപ്പിച്ചു. കർണ്ണാടകയിൽനിന്നുള്ള വിദ്യാഭ്യാസ പ്രവർത്തക കെ. ഉമ രാജൻ ചെറുകാട്. പ്രൊഫ. സി.വി. കുമാരൻ എന്നിവരും പ്രസംഗിച്ചു.

ഉച്ചയ്ക്ക് ശേഷം വിദ്യാഭ്യാസ മേഖലയിലെ സി.വി. വർഗ്ഗീയ വൽക്കരണത്തിനെതിരെയുള്ള സെഷൻ പ്രൊഫ. എം.എൻ. കാരശ്ശേരി ഉദ്ഘാടനം ചെയ്തു. പ്രൊ.എം. ജ്യോതിരാജ് സ്വാഗതം ആശംസിച്ചു. ഡോ. പി. ഗീത, ഡോ. അസീസ് തരുവണ എന്നിവർ പ്രഭാഷണങ്ങൾ നടത്തി. പ്രൊഫ. പി. എൻ. തങ്കച്ചൻ അദ്ധ്യക്ഷനായി. ഡോ.വി. വേണുഗോപാലിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ വിദ്യാഭ്യാസ രക്ഷാ കർമ്മ പദ്ധതിയ്ക്ക് രൂപം നൽകി. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ. എൻ.ശാന്തിരാജാണ് കർമ്മ പദ്ധത അവതരിപ്പിച്ചത്. അഡ്വ.ബി.കെ. രാജഗോപാൽ, മധു. എം.എസ്. പാർത്ഥസാരഥി വർമ്മ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ പുതിയ കമ്മിറ്റിയുടെ പാനൽ അവതരിപ്പിച്ചു. ഡോ.ഇ. ശ്രീകുമാരൻ നന്ദി പ്രകാശിപ്പിച്ചു. ഡോ. എൻ. എ. കരിം അദ്ധ്യക്ഷനായും പ്രൊഫ. എം.എൻ. കാരശ്ശേരി, പ്രൊഫ. കെ. അരവിന്ദാക്ഷൻ, അഡ്വ. മഞ്ചേരി സുന്ദർരാജ്, പ്രൊഫ. ശാർങ്ഗധരൻ, ഡോ. ദേശമംഗലം രാമകൃഷ്ണൻ, കൽപ്പറ്റ നാരായണൻ, ഡോ.വി. വേണുഗോപാൽ എന്നിവർ വൈസ് പ്രസിഡന്റുമാരായും എം. ഷാജർഖാൻ സെക്രട്ടറിയായുമുള്ള സേവ് എജ്യൂക്കേഷൻ സംസ്ഥാന കമ്മിറ്റിയെയും 67 അംഗ കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു. വിദ്യാഭ്യാസ സുരക്ഷാ പ്രസ്ഥാനം കേരളമെമ്പാടും വളർത്തിയെടുക്കാനുള്ള ആഹ്വാനത്തോടെയാണ് സമ്മേളനത്തിന് തിരശ്ശീല വീണത്. ●




ഡോ.എസ്. ബാലചന്ദ്രറാവു സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു ഡോ.എൻ. എ. കരീം, പ്രൊഫ. എം.എൻ.കാരശ്ശേരി, കെ.ഉമ, ഡോ.വി.വേണുഗോപാൽ, പ്രൊഫ. സി.വി.കുമാരൻ, ഡോ. പി. ഗീത, ഡോ. അസീസ് തരുവണ, രാജൻ ചെറുകാട് തുടങ്ങിയവർ വേദിയിൽ



സേവ് എജ്യൂക്കേഷൻ സമ്മേളനത്തിൽ പങ്കെടുക്കുന്ന സദസ്സ്

# ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരെ തീരദേശത്ത് ജനകീയപ്രക്ഷോഭം കരുത്താർജ്ജിക്കുന്നു




കരുനാഗപ്പള്ളിയിൽ നടന്ന ബഹുജനകൺവൻഷൻ കുമരകം കാർഷിക ഗവേഷണ കേന്ദ്രം മുൻ ഡയടറക്ടർ ഡോ.കെ.ജി.പദ്മകുമാർ ഉദ്ഘാടനം ചെയ്യുന്നു

## ബഹുജനകൺവൻഷൻ

മത്സ്യത്തൊഴിലാളികളെ തൊഴിലിൽനിന്നും പിഴുതെറിയുന്ന ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനകീയ പ്രതിരോധ സമിതി കരുനാഗപ്പള്ളി മേഖലാ സമിതിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളിയിൽ ബഹുജനകൺവൻഷൻ നടത്തി. വൈഎംസിഎ ഹാളിൽ നടന്ന കൺവൻഷൻ കുമരകം കാർഷിക ഗവേഷണ കേന്ദ്രം മുൻ ഡയറക്ടർ ഡോ.കെ.ജി.പദ്മകുമാർ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ല പ്രസിഡന്റ് എ.ജയിംസ് അദ്ധ്യക്ഷത വഹിച്ചു. മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി എസ്. സീതിലാൽ വിഷയാവതരണം നടത്തി. കെ.സി.ശ്രീകുമാർ, കെ.ചന്ദ്രദാസ്, ലാൽജി, സുരേഷ്, ഷൈല കെ.ജോൺ, ബി.വിനോദ്, ജിജേഷ് തുടങ്ങിയവർ പ്രസംഗിച്ചു.



ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിനെതിരെ വളമംഗലത്ത് റിപ്പോർട്ട് കത്തിച്ചുകൊണ്ടുനടന്ന പ്രതിഷേധം

## പ്രതിഷേധ സംഗമവും റിപ്പോർട്ട് കത്തിക്കലും

ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിനെതിരെ കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയന്റെയും കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെയും ആഭിമുഖ്യത്തിൽ പ്രതിഷേധ സംഗമവും റിപ്പോർട്ട് കത്തിക്കലും നടന്നു. ജനുവരി 28 ന് ആലപ്പുഴ ജില്ലയിലെ എഴുപുന്ന വല്ലേത്തോട്ടിലാണ് സംഗമം നടന്നത്.

മത്സ്യബന്ധന-സംസ്കരണ തൊഴിൽ മേഖലകളെ തകർക്കുന്ന റിപ്പോർട്ട് പിൻവലിക്കുന്നതുവരെ ശക്തമായപ്രക്ഷോഭണത്തിൽ അടിയുറച്ച് നിൽക്കുവാൻ യൂണിയൻ തീരുമാനിച്ചിരിക്കുകയാണെന്ന് പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്ത കെഎംഎസ്ടിയു ജില്ലാ സെക്രട്ടറി ആർ.അർജുനൻ പറഞ്ഞു. വളമംഗലത്തെ പ്രതിഷേധ സംഗമം അഡ്വ.എം.എ ബിന്ദു ഉദ്ഘാടനം ചെയ്തു. കെ.പി. സുബൈദ, കെ.ജെ.ഷീല, പി.പി വിജയകുമാർ, കെ.പ്രതാപൻ, കെ.കെ.വിക്രമൻ, ജീനാ ജോസഫ്, കെ.പി.മനോഹരൻ, രാജേശ്വരി കുഞ്ഞുമോൻ.റോസ്‌ലി സന്ധ്യാവ്, രേണുക, വിജയലക്ഷ്മി, സുനിതാ തമ്പി, ഷേർലി, സരസി രാജൻ, ഗീതാ ഷിബു, രാഗിണി, ജലജ, അജിതാ സന്തോഷ്, സിന്ധു മധു, ഹേമാസുരേഷ് എന്നിവർ വിവിധ മേഖലകളിലായി പ്രസംഗിച്ചു. ●



ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിനെതിരെ എഴുപുന്ന വല്ലേത്തോട്ടിൽ റിപ്പോർട്ട് കത്തിക്കുന്നു.

(8-ാം പേജിൽ നിന്ന്) ***ശാസ്ത്ര കോൺഗ്രസ്സും മോദി അജണ്ടയും...***

നുവേണ്ടി ഹിന്ദുത്വ അജണ്ട കൈവിടുന്നുവെന്ന് എത്രതന്നെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചാലും തൊട്ടടുത്ത സന്ദർഭത്തിൽത്തന്നെ മോദി അതുമായി മുന്നേറുന്നതു കാണാനാകും. ശാസ്ത്രത്തിന്റെ പേരിൽ സയൻസ് കോൺഗ്രസ്സിൽ മുഴങ്ങിക്കേട്ടതെല്ലാം പലപ്പോഴായി മോദി നടത്തിയ ജൽപ്പനങ്ങളുടെ ആകെത്തുകയായിരുന്നു. ഈ ഹീന പദ്ധതിയെ തുരത്താനായി യുക്തിബോധമുള്ള മുഴുവനാളുകളും ഏകസ്വരത്തിൽ പ്രതിഷേധമുയർത്തുകയും ഇതിനെ സർവ്വാംശങ്ങളിലും തുറന്നുകാട്ടുകയും അങ്ങേയറ്റം ശക്തവും സംഘടിതവുമായ ജനകീയ ചെറുത്തുനിൽപ്പ് രാജ്യത്തിന്റെ നാനാ കോണുകളിൽ വളർത്തിയെടുക്കുകയും വേണം. ●

**ഘർ വാപസി**

# കാവിപ്പടയുടെ നിന്ദ്യമായ അതിക്രമം

**ലോ**ക്‌സഭാ തെരഞ്ഞെടുപ്പിലെ വിജയത്തിനു ശേഷം, ആർഎസ്എസ്-ബിജെപി-വിഎച്ച്പി തുടങ്ങി ഹിന്ദു വർഗ്ഗീയ സംഘപരിവാരത്തിന്റെ ഘടകങ്ങളും അംഗങ്ങളും ചേർന്ന്, രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ സമ്പൂർണ്ണാധിപത്യം നേടിയെടുക്കുന്നതിനുള്ള വിപുലമായ പുതിയ തന്ത്രങ്ങൾക്ക് രൂപം നൽകുകയാണ്. നരേന്ദ്രമോദിയുടെ വമ്പിച്ച തെരഞ്ഞെടുപ്പു വിജയത്തിനു ശേഷമുള്ള ആദ്യ മൂന്നു മാസങ്ങളിൽത്തന്നെ, മുസ്ലിം ന്യൂനപക്ഷങ്ങൾക്കെതിരെ ആസൂത്രിതമായ വിദ്വേഷത്തിന്റെയും അവിശ്വാസത്തിന്റെയും തീക്കനലുകൾ രാജ്യത്തിന്റെ പല കോണുകളിലും പതുക്കെ നീറിപ്പുകയാൻ തുടങ്ങിയിരുന്നു. മുസ്ലിം വിരുദ്ധ പ്രചാരവേലകളെ ഊട്ടിവളർത്തുകയും, ഇത്തരം വികാരങ്ങളുടെ പരസ്യപ്രചരണത്താൽ ഉത്തേജിപ്പിക്കുകയും ചെയ്യേണ്ടത്, ഉത്തർപ്രദേശും ബീഹാറും, കൂടാതെ മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽപ്പോലും വോട്ടുകൾ ധ്രുവീകരിച്ച് നേടിയെടുക്കാൻ ബിജെപിക്ക് ആവശ്യമായിരുന്നു. വർഗ്ഗീയതയുടെ രാഷ്ട്രീയമല്ലാതെ മറ്റൊന്നും നൽകാനില്ലാത്ത ബിജെപിക്ക്, വർഗ്ഗീയ ധ്രുവീകരണത്തിലൂടെ തെരഞ്ഞെടുപ്പു നേട്ടങ്ങൾ ഉണ്ടാക്കുവാനായി അതിവേഗത്തിലും അത്യുച്ചത്തിലും വർഗ്ഗീയവികാരങ്ങൾ ഉണർത്തിവിടുകയാണ്.

**ബി**ജെപിയുടെ അധികാരലബ്ധിയിൽ നിന്നും ധൈര്യം ഉൾക്കൊണ്ട സംഘപരിവാർ ഘടകങ്ങൾ, ദേവാലയങ്ങളുടെയോ ശ്മശാനങ്ങളുടെയോ ഭൂമി സംബന്ധിച്ച തർക്കങ്ങൾ, അല്ലെങ്കിൽ ആരാധനാലയങ്ങളിലെ ഉച്ചഭാഷിണി, അതുമല്ലെങ്കിൽ ഘോഷയാത്രയിൽ പടക്കം പൊട്ടിച്ചത്, തുടങ്ങിയ നിസ്സാരമായ പ്രാദേശിക തർക്കങ്ങളെ ചുറ്റിപ്പറ്റിപ്പോലും വർഗ്ഗീയവികാരങ്ങൾ ആളിക്കത്തിക്കുകയാണ്. ലൗ ജിഹാദ് എന്ന ഭൂതത്തെ ഉയർത്തിക്കാട്ടുകയായിരുന്നു കാവിപ്പടയുടെ ഗൂഢപദ്ധതിയുടെ മറ്റൊരു ഭാഗം. ഹിന്ദു പെൺകുട്ടികളെ മുസ്ലിം യുവാക്കൾ പ്രണയം നടിച്ച് കെണിയിൽപ്പെടുത്തുകയും, പിന്നീട് നിർബന്ധിതമായി ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തുകയും ചെയ്യുമെന്ന് പ്രചരിപ്പിക്കപ്പെട്ടു. പ്രണയത്തിന്റെയും ഒളിച്ചോട്ടത്തിന്റെയും ഒറ്റപ്പെട്ട സംഭവങ്ങളെ തെരഞ്ഞുപിടിച്ച് അവയെ രാഷ്ട്രീയവും സാമൂഹികവുമായ വിവാദങ്ങളാക്കി മാറ്റാനും ആർഎസ്എസും വിഎച്ച്പിയും ശ്രമിച്ചു തുടങ്ങി. പക്ഷേ ഈ കുടിലതന്ത്രം പെട്ടെന്നുതന്നെ വെളിച്ചത്തു വന്നു. അതുകൊണ്ട്, അഹിന്ദുക്കളെ ഹിന്ദുമതത്തിലേക്ക് നിർബന്ധിച്ച് പരിവർത്തനം ചെയ്യിക്കാനുള്ള പദ്ധതിയുമായാണ് ഈ ഹിന്ദുമതഭ്രാന്തന്മാർ ഇപ്പോൾ തുനിഞ്ഞിറങ്ങിയിരിക്കുന്നത്. ഇത് കുറച്ചു കാലമായി നടന്നു വരികയായിരുന്നെങ്കിലും പൊതുശ്രദ്ധയിൽ സജീവമായത്, ആഗ്രയിൽ 300 മുസ്ലീങ്ങളെ ആർഎസ്എസ്സിനു കീഴിലുള്ള ഹിന്ദുത്വ സംഘടനകൾ നിർബന്ധിത പരിവർത്തനം നടത്തിയ വാർത്ത പുറത്തു വന്നതോടെയാണ്. ഇതിനവർ ലക്ഷ്യം വെച്ചതാകട്ടെ, ചവറും പാഴ്‌വസ്തുക്കളും ശേഖരിച്ച് വിറ്റ് ജീവിതം തള്ളിനീക്കേണ്ടി വരുന്ന പരമദരിദ്രരായവരേയും. മതം മാറിയാൽ, ബിപിഎൽ കാർഡും റേഷൻ കാർഡും വീടും കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസവും ഒക്കെ ലഭിക്കുമെന്നാണ് അവരോട് പറഞ്ഞിരുന്നത്. ഹിന്ദുക്കളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കുമെന്നും, ആർഎസ്എസ് പിന്തുണയുള്ള ഹിന്ദുത്വ സംഘടനകൾ അവരെ ഭീഷണിപ്പെടുത്തി. ആർഎസ്എസ്സുകാർ തങ്ങൾക്ക് താമസിക്കാൻ മെച്ചപ്പെട്ട സ്ഥലം, മെച്ചപ്പെട്ട ഭക്ഷണം, കുട്ടികൾക്ക് വിദ്യാഭ്യാസം എന്നിവയെല്ലാം ഉറപ്പു തന്നിരുന്നെന്നും, മതം കഴിക്കാൻ മതം ഭക്ഷണം തരില്ലല്ലോ, അതുകൊണ്ടു തന്നെ മാറുന്നത് താൻ കാര്യമാക്കുന്നില്ലെന്നുമാണ് ഇരയായ ഒരാൾ കുറ്റസമ്മതം നടത്തിയത്. ഈ പട്ടിണിയും ദാരിദ്ര്യവും തന്നെയാണ് തങ്ങളുടെ ഹീനപദ്ധതി നടപ്പാക്കാനായി ഹിന്ദുത്വ മതഭ്രാന്തന്മാർ ചൂഷണം ചെയ്യുന്നത്. ബജ്‌രംഗ്ദളിന്റെ ഉത്തർപ്രദേശ് കൺവീനർ ബൽരാജ് ദുംഗർ അവകാശപ്പെട്ടത്, മതംമാറ്റങ്ങളെല്ലാം സ്വമേധയാ ഉള്ളതായിരുന്നു എന്നാണ്. എന്നാൽ മതപരിവർത്തനം ചെയ്യപ്പെട്ടവർ ഇതിനെ എതിർത്തുകൊണ്ടു പറയുന്നത്, ആഗ്രയിലെ പരിവർത്തന ചടങ്ങിലേക്ക് തങ്ങളെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടുവരികയായിരുന്നുവെന്നാണ്. മാദ്ധ്യമങ്ങൾക്കു മുമ്പാകെ നിസ്സഹായരായ ഇരകളിലൊരാൾ നടത്തിയ ഏറ്റുപറച്ചിൽ തന്നെ എല്ലാം വെളിവാക്കുന്നതാണ്: ''ഞങ്ങൾ പാവപ്പെട്ടവരാണ്; ആർക്കും എന്തും ഞങ്ങളുടെ മേൽ ചെയ്യാം. മതത്തിന്റെയും പരിവർത്തനത്തിന്റെയും പേരിൽ ജീവൻ കളയാൻ ഞങ്ങൾക്കു കഴിയില്ല.'' പരിവർത്തനത്തിനിരയായ മറ്റൊരാൾ അവകാശപ്പെട്ടത് തങ്ങളെ പറ്റിക്കുകയായിരുന്നുവെന്നാണ്: ''ഞങ്ങളെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യാനുള്ള ചടങ്ങായിരുന്നുവെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. ഭദ്രകാളിയുടെ വിഗ്രഹത്തിനരികെ നിന്നു പടമെടുക്കാനായി നിന്നു കൊടുത്താൽ ഞങ്ങൾക്കു പലതും തരാമെന്നാണ് പറഞ്ഞിരുന്നത്. എന്നെ മതപരിവർത്തനം നടത്തുകയാണെന്ന് എനിക്ക് അറിയില്ലായിരുന്നു. ഞാനിപ്പോഴും അല്ലാഹുവിൽ വിശ്വസിക്കുന്നു. ഒരിക്കലും ഹിന്ദുക്കളുമായി ഞങ്ങൾക്ക് യാതൊരു ഭിന്നതയുമുണ്ടായിരുന്നില്ല, ചവറു പെറുക്കി ജീവിക്കേണ്ടിവരുന്ന ഹിന്ദുക്കളും ഞങ്ങളും തമ്മിൽ യാതൊരു വ്യത്യാസവും ഞങ്ങൾക്കു കാണാൻ കഴിഞ്ഞിട്ടുമില്ല.'' ഇതിലും വലിയ കൗശലമെന്തെന്നാൽ, ഇത്തരം ചടങ്ങുകളെ മതപരിവർത്തന കർമ്മങ്ങളെന്നല്ല, 'ഘർ വാപസി' (വീട്ടിലേക്കുള്ള മടങ്ങിവരവ്) എന്നു വിളിക്കണമെന്ന് സംഘപരിവാർ ശക്തികൾ നിഷ്കർഷിച്ചിതാണ്. അവരുടെ അഭിപ്രായത്തിൽ, ചരിത്രം പരിശോധിച്ചാൽ, മതപരിവർത്തനം ചെയ്യപ്പെട്ടവരുടെയൊക്കെ പൂർവ്വികർ ഹിന്ദുക്കളാണെന്നു കാണാൻ കഴിയുമത്രേ. അതു കൊണ്ടു ഇതു ''ഘർ വാപസി' തന്നെയാണ്. ഈ കൊടിയ വർഗ്ഗീയവാദികൾ ഏതു ചരിത്രത്തെക്കുറിച്ചാണ് പറയുന്നതെന്ന് നമുക്കറിയില്ല. ഇനി അതു സത്യമാണെങ്കിൽത്തന്നെ, ബലംപ്രയോഗിച്ചും വഞ്ചിച്ചുമൊക്കെയുള്ള മതപരിവർത്തനത്തെ അതു സാധൂകരിക്കുന്നുണ്ടോ? ദുംഗാർ പിന്നെ പറയുന്നു: ''തോക്കിൻമുനയിലുള്ള ഭീഷണിയുടെ പുറത്താണ് ഹിന്ദുക്കളെ പണ്ട് ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചത്. ഇപ്പോൾ ഞങ്ങളുടെ സഹോദരീസഹോദരന്മാർ തിരികെ വരാൻ ആഗ്രഹിക്കുന്നു... ഇസ്ലാം ഒരു തടവറ പോലെയാണ്; അവർക്ക് സ്വയം സ്വതന്ത്രരാകണമെന്നുണ്ട്. ഞങ്ങൾ *അതിഥി ദേവോ ഭവ* (അതിഥികൾ ദൈവതുല്യരാണ്) എന്നതിൽ വിശ്വസിക്കുന്നു, അതുകൊണ്ട് ഞങ്ങളവരെ സ്വാഗതം ചെയ്യുന്നു.'' ബിജെപിയും ആർഎസ്എസ്സും വിവേകാനന്ദന്റെ ചിത്രം പ്രദർശിപ്പിക്കുകയും, അദ്ദേഹത്തിന്റെ ആദർശങ്ങളെ പിന്തുടരുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. എന്താണ് വാസ്തവം? സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്: ''മുഹമ്മദീയമതം ജനങ്ങൾക്ക് ഒരു സന്ദേശമായാണ് വന്നത്. സമത്വമായിരുന്നു ആദ്യസന്ദേശം. ഒരൊറ്റ മതമേ ഉള്ളൂ – സ്നേഹം. വംശമോ, വർണ്ണമോ, മറ്റ് യാതൊന്നുമോ സംബന്ധിച്ച് യാതൊരു ചോദ്യങ്ങളുമില്ല.'' അദ്ദേഹം തുടർന്നു പറഞ്ഞു: ''സ്വന്തം മതത്തിന്റെ മാത്രം അതിജീവനവും മറ്റുള്ളവയുടെയൊക്കെ നാശവും സ്വപ്നം കാണുന്ന ഏതെങ്കിലുമൊരുവൻ ഉണ്ടെങ്കിൽ, എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും അവനോട് ഞാൻ സഹതപിക്കുന്നു. അവനോടെനിക്ക് ചൂണ്ടിക്കാട്ടാനുള്ളത്, എല്ലാ മതങ്ങളുടേയും കൊടിക്കൂറകളിലും, എതിർപ്പുകളെയൊക്കെ മറികടന്ന്, വരുംകാലത്ത് എഴുതപ്പെടും: ശണ്ഠയല്ല സഹായിക്കുക, നശീകരണമല്ല സ്വാംശീകരണം, കലഹമല്ല ഐക്യവും സമാധാനവും.'' അദ്ദേഹം തുടരുന്നു: ''ക്രിസ്ത്യാനികൾ ബുദ്ധമതക്കാരാകുകയോ, മുസ്ലീങ്ങൾ ഹിന്ദുക്കളാകുകയോ, ബുദ്ധമതക്കാർ ക്രിസ്ത്യാനികളാകുകയോ വേണ്ട. പക്ഷേ ഓരോരുത്തരും മറ്റു മതങ്ങളുടെ അന്തസത്ത സ്വാംശീകരിച്ച് പരിപോഷിപ്പിക്കപ്പെടുകയും തങ്ങളുടെ വ്യതിരിക്തമായ സ്വത്വത്തിനനുസരിച്ച് വികസിക്കുകയും ചെയ്യും... വേദവും ബൈബിളും ഖുറാനും ഒന്നുമില്ലാത്ത, എന്നാൽ വേദങ്ങളുടേയും ബൈബിളിന്റെയും ഖുറാന്റെയും ഏകീകരണത്തിലൂടെ എല്ലാ കർമ്മങ്ങളും നിർവ്വഹിക്കപ്പെടുന്നയിടത്തേക്ക് മനുഷ്യരാശിയെ കൊണ്ടെത്തിക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു... നമ്മൾ എല്ലാ മതങ്ങൾക്കും ഇടം കൊടുക്കുക മാത്രമല്ല, എല്ലാം ശരിയാണെന്നു വിശ്വസിക്കുകയും ചെയ്യുന്നു.'' അവസാനമായി, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ''മുസ്ലീങ്ങൾ ഇന്ത്യയെ കീഴടക്കിയപ്പോൾ വിമോചനത്തിന്റെ സ്വാദാണ് പാവപ്പെട്ടവനു നൽകിയത്. അതുകൊണ്ടാണ് ഈ രാജ്യത്തെ ജനസംഖ്യയുടെ അഞ്ചിലൊന്നും മുസ്ലീങ്ങളായത്. ഇത് വാളുകളുടെ കരുത്തു കൊണ്ട് സംഭവിച്ചതല്ല. ആയുധബലം കൊണ്ടോ നശീകരണ പ്രവൃത്തികൾ കൊണ്ടോ ആണിതു സംഭവിച്ചതെന്നു കരുതുന്നതു തന്നെ തികഞ്ഞ ഭ്രാന്താണ്. ജമീന്ദാർമാരുടേയും പുരോഹിതരുടെയും പിടിയിൽ നിന്നും മോചിതരാകാൻ പാവപ്പെട്ടവർ ആഗ്രഹിച്ചു.'' മതപരിവർത്തനം പോലെയുള്ള തങ്ങളുടെ വിഷം മുറ്റിയ പ്രവൃത്തികൾക്ക് സമ്മതി നേടിയെടുക്കണമെങ്കിൽ, ദുംഗറിനെ പോലെയുള്ള സംഘപരിവാർ വക്താക്കൾക്ക്, വിവേകാനന്ദൻ പറഞ്ഞതിനെ തങ്ങൾ പരസ്യമായി തള്ളിപ്പറയുകയും നിരാകരിക്കുകയും ചെയ്യുന്നുവെന്ന് പറയേണ്ടിവരും. വിവേകാനന്ദൻ ഒരു ഹിന്ദുവായിരുന്നില്ല എന്നു പരസ്യമായി പറയാൻ അവർ ധൈര്യം കാണിക്കുമോ? അതിനുള്ള ചങ്കൂറ്റം അവർക്കുണ്ടോ?

അപ്പോൾ ഈ സംഘപരിവാർ അനുകൂലികൾ ചെയ്യുന്നത് ഒരു കുറ്റകൃത്യത്തിൽ കുറഞ്ഞതൊന്നുമല്ല. മാത്രവുമല്ല, കുപ്രസിദ്ധരായ കുറ്റവാളികളെത്തന്നെയാണ് ഇതിനായി അവർ രംഗത്തിറക്കുന്നത്. കിഷോർ വാൽമീകി എന്ന യുപിയിലെ പുനഃപരിവർത്തന പ്രശ്നത്തിലെ മുഖ്യപ്രതിക്ക്, ഒരു ക്രിമിനൽ ചരിത്രമുണ്ട്. 2001–ൽ വ്യാജമദ്യ കള്ളക്കടത്തുമായി ബന്ധപ്പെട്ട് ഇയാൾ അറസ്റ്റു ചെയ്യപ്പെട്ടിരുന്നു. ആ കേസിൽ ശിക്ഷിക്കപ്പെട്ട് ഇയാൾ ജയിൽവാസം അനുഭവിക്കുകയും ചെയ്തിരുന്നു. സംഘപരിവാർ അഹിന്ദുക്കളെ മതപരിവർത്തനത്തിനു നിർബന്ധിക്കാൻ എല്ലാ വൃത്തികെട്ട മാർഗ്ഗങ്ങളും ഉപയോഗിക്കുകയാണ്. കഴിഞ്ഞ മേയിൽ, ഛത്തീസ്ഗഢിലെ സിർസിഗുഡ എന്ന ഗ്രാമത്തിലെ അമ്പതോളം ക്രിസ്ത്യൻ കുടുംബങ്ങൾക്ക്, അവരുടെ റേഷൻ കാർഡുകൾ വ്യാജമെന്ന് ആരോപിച്ച്, പിഡിഎസ് റേഷൻ നിഷേധിക്കുകയുണ്ടായി. ബാധിതരായ കുടുംബങ്ങൾ, ജില്ലാ ഭക്ഷ്യ–പൊതുവിതരണ ഉപഭോക്തൃ സംരക്ഷണ വകുപ്പു മുമ്പാകെ ജൂൺ 16–നു പരാതി നൽകുകയുണ്ടായി. ഈ പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കാൻ ബന്ധപ്പെട്ട അധികാരികൾ ഗ്രാമത്തിൽ എത്തിയപ്പോൾ, അവർക്കു മുമ്പാകെ മൊഴി കൊടുത്തവരെ, പ്രധാനമായും ക്രിസ്ത്യാനികളെ, പൊതുജനമദ്ധ്യത്തിൽ, അതും പോലീസുകാർ നിശ്ശബ്ദ സാക്ഷികളായി നിൽക്കേ, നൂറ്റമ്പതോളം വരുന്ന വിഎച്ച്പി പ്രവർത്തകർ തല്ലിച്ചതച്ചു. അടുത്ത ദിവസം തന്നെ അക്രമം നടത്തിയവരുടെ പേരു ചേർത്ത് എഫ്ഐആർ തയ്യാറാക്കിയെങ്കിലും ഇതുവരെ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. ഗ്രാമത്തിലെ കടകളിൽ നിന്നും ക്രിസ്ത്യൻ കുടുംബങ്ങൾക്ക് സാധനങ്ങൾ വിൽക്കുന്നത് തടയുകയാണ്. ഈ കുടുബങ്ങളോട്, ഒന്നുകിൽ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യുക അല്ലെങ്കിൽ നാടു വിട്ടു പോവുക, എന്ന് തുടർച്ചയായി വിഎച്ച്പിക്കാർ ഭീഷണിപ്പെടുത്തുകയാണ്. സിർസിഗുഡ ഗ്രാമപഞ്ചായത്ത് പുറത്തിറക്കിയ തീട്ടൂരമനുസരിച്ച്, ''ഗ്രാമത്തിന്റെ പരമ്പരാഗത സാംസ്കാരിക ഐക്യം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി, അഹിന്ദുക്കളായ മതവിശ്വാസികളെ (ഹിന്ദുമതമല്ലാതെ) മറ്റു മതങ്ങൾ ആചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ നിന്നും വിലക്കുന്നു. പ്രദേശത്ത് അഹിന്ദുക്കളുടെ പ്രവേശനം നിരോധിക്കുന്നു.'' അതുപോലെ, കുറച്ചു ദിവസങ്ങൾക്കു മുമ്പ്, ഗുജറാത്തിലെ വൽസാദ് ജില്ലയിൽ ക്രിസ്ത്യാനികളായ 500 ഗോത്രവർഗ്ഗക്കാരെ നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിച്ചു. മുസ്ലീങ്ങളുടേയും ക്രിസ്ത്യാനികളുടേയും നിർബന്ധിത മതപരിവർത്തനം മദ്ധ്യപ്രദേശിലും കേരളത്തിലും നടക്കുന്നു. ധരം ജാഗരൺ സമിതി എന്ന ആർഎസ്എസ്സിൽ നിന്നും മുള പൊട്ടിയ ഒരു സംഘം, ക്രിസ്ത്യാനികളേയും മുസ്ലീങ്ങളേയും ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ വേണ്ടി സംഭാവന ആവശ്യപ്പെട്ടുകൊണ്ട്, അലിഗഡിൽ ലഘുലേഖകൾ വിതരണം ചെയ്യുകയുണ്ടായി. ഈ ലഘുലേഖയിൽ പറഞ്ഞിരിക്കുന്നത്, ഒരു ക്രിസ്ത്യാനിയെ മതം മാറ്റാൻ രണ്ടു ലക്ഷം രൂപയും മുസ്ലീമിന് അഞ്ചു ലക്ഷം രൂപയും ചിലവു വരുമെന്നാണ്. ഇതിൽ, ഒരു പ്രധാന മതം മാറ്റ ചടങ്ങിന്റെ ദിവസമായി ഡിസംബർ 25നെ നിശ്ചയിക്കുകയും, വാർഷിക ലക്ഷ്യമായി രണ്ടു ലക്ഷം മതം മാറ്റങ്ങൾ – ഒരു ലക്ഷം ക്രിസ്ത്യാനികളേയും ഒരു ലക്ഷം മുസ്ലീങ്ങളേയും, കുറിക്കുകയും ചെയ്തിട്ടുണ്ട്. യുപിയിലെ ആർഎസ്എസ്സിന്റെ പ്രാദേശിക തലവനായ രാജേശ്വർ സിങ്ങ് ടൈംസ് ഓഫ് ഇന്ത്യയോട് പറഞ്ഞതനുസരിച്ച്, ഓരോ മാസവും ശരാശരി 1000 കുടുംബങ്ങളെ മതം മാറ്റുന്നതിനായി 50 ലക്ഷം രൂപയാണ് ആർഎസ്എസ് ചിലവിടുന്നത്. ''പടിഞ്ഞാറൻ യുപിയിൽ ഇന്ധനച്ചിലവിനു മാത്രം 8–10 ലക്ഷം രൂപ ഓരോ മാസവും ചിലവാകുന്നുണ്ട്,'' അദ്ദേഹം കൂട്ടിച്ചേർത്തു. സ്വാഭാവികമായും ഉയരുന്ന ചോദ്യം, ഇത്രയും വമ്പിച്ച മതപരിവർത്തനത്തിന് ആരാണ് ധനസഹായം ചെയ്യുന്നതെന്നാണ്. പ്രകടമായും, അടിച്ചമർത്തപ്പെട്ട ജനങ്ങളെ ഭിന്നിപ്പിച്ചു നിർത്തുക എന്ന ഗൂഢലക്ഷ്യമുള്ള വമ്പൻ പണച്ചാക്കുകളാണ് വഞ്ചക വർഗ്ഗീയ സംഘപരിവാറിന്റെ ഈ നിർബന്ധിത മതപരിവർത്തന പരിപാടിക്ക് സാമ്പത്തികപിന്തുണ നൽകുന്നത്.

മാത്രവുമല്ല, മതപരിവർത്തനത്തിന് എതിരാണെന്നു ഭാവിക്കുന്ന ബിജെപി സർക്കാർ എന്തു കൊണ്ടാണ് ഇത്തരം അക്രമങ്ങൾ ഒരു തടസ്സവുമില്ലാതെ മുന്നോട്ടു പോകാൻ അനുവദിക്കുന്നത്? ബിജെപിയുടെ സംഘടനയുമായി ചേർന്നു പ്രവർത്തിക്കുന്ന ഒരു ആർഎസ്എസ് പ്രചാരകൻ വലിയൊരളവു വരെ ഇതിന് ഉത്തരം നൽകുന്നു. ''ഹിന്ദുത്വ എന്നത് വികസന കർമ്മപരിപാടിയുടെ ഒരു അനുബന്ധമാണ്. രണ്ടിന്റെയും കൂട്ടിക്കലർത്തലിലൂടെ മാത്രമേ തെരഞ്ഞെടുപ്പു വിജയങ്ങൾ ഉറപ്പാക്കാൻ സാധിക്കൂ.'' പൂച്ച അങ്ങനെ ചാക്കിനു പുറത്തു ചാടിയിരിക്കുന്നു. ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ പിന്തുണയോടെ അധികാരത്തിൽ വന്ന ബിജെപി, അവരുടെ വർഗ്ഗതാൽപ്പര്യങ്ങൾക്ക് അടിപ്പെടുവാൻ പ്രതിജ്ഞാബദ്ധമാണ്. മർദ്ദക മുതലാളിത്ത വർഗ്ഗത്തിനെന്താണ് വേണ്ടത്? ജനങ്ങൾ, തങ്ങളുടെ എല്ലാ ദുരിതത്തിനും ദാരിദ്ര്യത്തിനും അധഃപതനത്തിനും കാരണം

(ശേഷം 11–ാം പേജിൽ)

# ലെനിൻ അനുസ്മരണ ദിനാചരണം




പത്തനംതിട്ട കൊടുമൺ കവലയിൽ നടന്ന ലെനിൻ അനുസ്മരണ സമ്മേളനത്തിൽ സഖാവ് ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ സഖാക്കൾ എസ്.രാജീവൻ, സി.ബി.മണിക്കുട്ടൻ, കെ.ജി.അനിൽകുമാർ, എസ്.രാധാമണി എന്നിവർ.

മഹത്തായ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശിൽപിയും മഹാനായ തൊഴിലാളി വർഗ്ഗ നേതാവുമായ സഖാവ് ലെനിന്റെ 91-ാമത് ചരമദിനം സംസ്ഥാനമെമ്പാടും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) വിവിധ ഘടകങ്ങളുടെ ആഭിമുഖ്യത്തിൽ ആചരിച്ചു.

പത്തനംതിട്ട ജില്ലയിൽ കൊടുമൺ കവലയിൽ നടന്ന യോഗത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ് പത്മകുമാർ അനുസ്മരണ പ്രഭാഷണം നടത്തി. സഖാവ് സി.ബി.മണിക്കുട്ടൻ അദ്ധ്യക്ഷത വഹിച്ചു. പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ, സഖാവ് കെ.ജി.അനിൽകുമാർ, സഖാവ് എസ്.രാധാമണി എന്നിവരും പ്രസംഗിച്ചു.

ആലപ്പുഴ ജില്ലയിൽ മംഗളാപുരത്ത് കൃഷ്ണപിള്ള സ്മാരകത്തിനു സമീപം നടന്ന ലെനിൽ അനുസ്മരണയോഗത്തിൽ എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗം സ.ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. പി.വി പുഷ്പാംഗദൻ അധ്യക്ഷത വഹിച്ച യോഗത്തൽ കെ.പി മനോഹരൻ, ഇ.എൻ ശാന്തിരാജ്, കെ.എ വിനോദ്, കെ.പ്രതാപൻ, ബി. ഭാഗ്യൻ, എം.ബി സന്തോഷ്കുമാർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിനു മുന്നോടിയായി പ്രകടനവും നടന്നു. ●

# സമൂഹത്തിന്റെ അന്ധവിശ്വാസ അപസ്മാര രോഗത്തിന് അടിയന്തിര ചികിത്സ വേണം

**–ഡോ. കെ.ജി പൗലോസ്**

ഇന്ത്യൻ സമൂഹത്തിന്റെ അന്ധവിശ്വാസ അപസ്മാര രോഗത്തിന് അടിയന്തിര ചികിത്സ വേണമെന്ന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.ജി.പൗലോസ് അഭിപ്രായപ്പെട്ടു.വർത്തമാനകാല ഇന്ത്യയിൽ 'PK' എന്ന സിനിമ ഉയർത്തുന്ന ചോദ്യങ്ങൾ എന്ന വിഷയത്തിൽ കോട്ടയത്ത് ദിശ സാംസ്ക്കാരിക വേദി സംഘടിപ്പിച്ച ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹത്തിൽ അന്ധവിശ്വാസങ്ങൾ പടർത്തുവാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തികൾക്കെതിരെ ഉയർത്തുന്ന ചോദ്യങ്ങളെ ഭയക്കുന്ന ഫാസിസ്റ്റ് ശക്തികളാണ് PK യ്ക്കെതിരെ രംഗത്തുവന്നത്. PK ഒറ്റപ്പെട്ട സംഭവമായി അവസാമിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു.

സംവിധായകൻ പ്രദീപ് നായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മദ്യവിരുദ്ധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ. സി. മാമച്ചൻ, ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ജയ്സൺജോസഫ്, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന സെക്രട്ടറി പ്രൊഫ. പി.എൻ. തങ്കച്ചൻ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു തുടങ്ങിയവർ പ്രസംഗിച്ചു. ദിശ സാംസ്ക്കാരിക വേദി സെക്രട്ടറി ഇ.വി.പ്രകാശ് സ്വാഗതവും, ഷഹസാദ് എം.കെ.നന്ദിയും പറഞ്ഞു.



ഡോ.കെ.ജി.പൗലോസ് ചർച്ച ഉദ്ഘാടനം ചെയ്യുന്നു. സംവിധായകൻ പ്രദീപ് നായർ, പ്രൊഫ. സി. മാമച്ചൻ, ജയ്സൺജോസഫ്, പ്രൊഫ. പി.എൻ. തങ്കച്ചൻ, എൻ.കെ.ബിജു തുടങ്ങിയവർ വേദിയിൽ. ●

**സൈദ്ധാന്തിക പാഠങ്ങൾ**

# ഫ്രെഡറിക് ഏംഗൽസിന്റെ ആന്റി ഡ്യൂറിംഗിൽനിന്ന്

*(5-ാം പേജിൽ നിന്ന്)*

ആശയങ്ങളുടെയും മുഴുവൻ ഉപരിഘടനയും വിശദീകരിക്കേണ്ടത്. ഹെഗൽ ഈ ചരിത്ര സങ്കൽപ്പനത്തെ അതിഭൗതികവാദത്തിൽ നിന്ന് മോചിപ്പിച്ചു. അദ്ദേഹം അതിനെ വൈരുദ്ധ്യാത്മകമാക്കി. പക്ഷേ അദ്ദേഹത്തിന്റെ ചരിത്രസങ്കല്പനം അടിസ്ഥാനപരമായി ആശയവാദപരമായിരുന്നു. എന്നാൽ, ഇപ്പോൾ ആശയവാദം അതിന്റെ അവസാന അഭയകേന്ദ്രത്തിൽ നിന്ന്, ചരിത്ര സങ്കല്പനത്തിൽ നിന്ന്, പുറത്താക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ചരിത്രത്തെ ഭൗതികവാദപരമായാണ് സമീപിക്കുന്നത്. മനുഷ്യബോധത്തെ അവന്റെ അസ്തിത്വത്തിൽനിന്നാണ് വിശദീകരിക്കുന്നത്. ഇതുവരെ ചെയ്തപോലെ അവന്റെ അസ്തിത്വത്തെ ബോധം കൊണ്ടല്ല വിശദീകരിക്കുന്നത്.

അന്നുമുതൽ സോഷ്യലിസം ഏതെങ്കിലും പ്രതിഭാശാലിയുടെ ആകസ്മികമായ കണ്ടുപിടുത്തമല്ലാതായി. മറിച്ച്, ചരിത്രം ഉല്പാദിപ്പിച്ച രണ്ട് വർഗ്ഗങ്ങളുടെ, തൊഴിലാളിവർഗ്ഗത്തിന്റെയും മുതലാളിവർഗ്ഗത്തിന്റെയും, സമരത്തിന്റെ അനിവാര്യഫലമായി. കഴിയുന്നത്ര പൂർണമായ ഒരു സാമൂഹ്യവ്യവസ്ഥിതി നിർമ്മിക്കുകയെന്നതല്ല ഇതിന്റെ കടമ. മറിച്ച്, ഈ വർഗ്ഗങ്ങളും അവയുടെ ശത്രുതയും അനിവാര്യമായും ഉയർന്നുവന്ന ചരിത്ര, സാമ്പത്തിക പ്രക്രിയ പരിശോധിക്കുകയും അങ്ങനെ സൃഷ്ടിക്കപ്പെട്ട സാമ്പത്തികാവസ്ഥയിൽ ഈ സംഘട്ടനം അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുകയെന്നതാണ്. വൈരുദ്ധ്യവാദവും ആധുനികപ്രകൃതിശാസ്ത്രവുമായി ഫ്രഞ്ച് ഭൗതികവാദികളുടെ പ്രകൃതി സങ്കൽപ്പനം പൊരുത്തപ്പെടാത്തപോലെ പഴയകാല സോഷ്യലിസവും ഈ ഭൗതികവാദ സങ്കൽപ്പനവുമായി പൊരുത്തപ്പെടുന്നതായിരുന്നില്ല. പഴയസോഷ്യലിസം നിലവിലുള്ള മുതലാളിത്ത ഉല്പാദന സമ്പ്രദായത്തെയും അതിന്റെ ഭവിഷ്യത്തുകളെയും തീർച്ചയായും വിമർശിച്ചിട്ടുണ്ട്. പക്ഷേ അതിന് ഈ ഉല്പാദനസമ്പ്രദായത്തെ വിശദീകരിക്കാൻ കഴിഞ്ഞില്ല. തന്മൂലം അതിന്റെ നിഗൂഢത മനസിലാക്കാനും കഴിഞ്ഞില്ല. തിന്മയായി അതിനെ തിരസ്കരിക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. മുതലാളിത്തത്തിന്റെ അവിഭാജ്യസ്വഭാവമായ തൊഴിലാളിവർഗ്ഗ ചൂഷണത്തെ എത്ര രൂക്ഷമായി അത് അധിക്ഷേപിച്ചുവോ അത്ര അവ്യക്തമായേ അതിന് ഈ ചൂഷണം എന്തെന്നും അതെങ്ങനെ ഉറവെടുത്തുവെന്നും വിശദീകരിക്കാനായുള്ളൂ. പക്ഷേ അതിനുവേണ്ടി ഒരു വശത്ത് മുതലാളിത്ത ഉല്പാദനസമ്പ്രദായത്തെ അതിന്റെ ചരിത്രപരമായ പരസ്പരബന്ധത്തിലും ഒരു സവിശേഷ ചരിത്രഘട്ടത്തിലുള്ള അതിന്റെ അനിവാര്യതയിലും അന്തിമമായ നാശമടയലിലും അവതരിപ്പിക്കേണ്ടതും ആവശ്യമായിരുന്നു. മറുവശത്ത്, അപ്പോഴും മറഞ്ഞുകിടന്നിരുന്ന അതിന്റെ അടിസ്ഥാന സ്വഭാവം വെളിവാക്കേണ്ടിയിരുന്നു. വിമർശകർ അതിന്റെ പ്രക്രിയയെ തന്നെ വിമർശിക്കുന്നതിന് പകരം ദൂഷ്യഫലങ്ങളെയാണ് പരിഹരിക്കാൻ ശ്രമിച്ചത്. മിച്ചമൂല്യത്തിന്റെ കണ്ടുപിടുത്തത്തോടെയാണ് മുതലാളിത്ത ഉല്പാദനപ്രക്രിയ തന്നെ വിമർശിക്കപ്പെടുന്നത്. മുതലാളിത്ത ഉല്പാദന സമ്പ്രദായത്തിന്റെയും അത് നടത്തുന്ന തൊഴിലാളി ചൂഷണത്തിന്റെയും അടിസ്ഥാന രൂപം കൂലി കൊടുക്കാതെയുള്ള അദ്ധ്വാനത്തിന്റെ അപഹരണമാണെന്ന് തെളിയിക്കപ്പെട്ടു. കമ്പോളത്തിൽ ചരക്കെന്ന നിലയിൽ പൂർണ മൂല്യത്തിലാണ് മുതലാളി അധ്വാനശക്തി വാങ്ങുന്നതെങ്കിലും അയാൾ കൊടുത്തതിലേറെ മൂല്യം കവർന്നെടുക്കുന്നു. ഉടമവർഗ്ഗങ്ങളുടെ കയ്യിൽ നിരന്തരം വർദ്ധിക്കുന്നതും മൂലധനം സമാഹരിക്കുന്നതുമായ മൂല്യത്തെയാണ് അന്തിമ വിശകലനത്തിൽ മിച്ചമൂല്യം എന്നു പറയുന്നത്. അങ്ങനെ മുതലാളിത്ത ഉല്പാദനത്തിന്റെയും മൂലധനത്തിന്റെ ഉല്പാദനത്തിന്റെയും പ്രക്രിയ വിശദീകരിക്കപ്പെട്ടു. ഈ രണ്ട് മഹത്തായ കണ്ടുപിടുത്തങ്ങൾക്കും — ചരിത്രത്തിന്റെ ഭൗതികവാദ സങ്കൽപ്പനത്തിനും മിച്ചമൂല്യത്തിലൂടെയുള്ള മുതലാളിത്ത ഉല്പാദനത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്നതിനും — നമ്മൾ മാർക്സിനോട് കടപ്പെട്ടിരിക്കുന്നു. ഇതോടെ സോഷ്യലിസം ശാസ്ത്രീയമായി. ഇനി അതിന്റെ വിശദാംശങ്ങളും പരസ്പരബന്ധങ്ങളും വിശദീകരിക്കുകയേ വേണ്ടിയിരുന്നുള്ളൂ. ●

# ദാരിദ്ര്യവും നിസ്സഹായതയും ചൂഷണം ചെയ്യുന്ന 'ഘർ വാപസി'

*(10-ാം പേജിൽ നിന്ന്)*

രാജ്യത്തിനു മേൽ മൃതഭാരം പോലെ കയറിക്കൂടിയ ചൂഷക മുതലാളിത്ത വ്യവസ്ഥയാണെന്ന സത്യത്തെക്കുറിച്ചു ബോധവാന്മാരാകാതെ, മയങ്ങിക്കിടക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. അതിനായി, അവരുടെ ചിന്താപ്രക്രിയയുടെ മുനയൊടിക്കുകയും, അവരുടെ ഐക്യത്തെ തകർക്കുകയും വേണം. ഒപ്പം, വഞ്ചനയും കബളിപ്പിക്കലും മൂക്കറ്റം നിറക്കുകയും വേണം. കൃത്യമായും ഇതു തന്നെയാണ് ബിജെപിയും അവരുടെ മാർഗ്ഗദർശിയായ ആർഎസ്എസ്-സംഘ പരിവാറും ലക്ഷ്യം വെക്കുന്നതും. കൃത്യമായ തന്ത്രമാണ് അവരുടേത്. ഒരു വശത്ത്, ബിജെപി പ്രധാനമന്ത്രി മോദി, വികസനത്തെപ്പറ്റിയുള്ള പൊള്ളയായ വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും, നിർബന്ധിത മതപരിവർത്തനത്തെ നിയമപരമായി നിരോധിക്കുമെന്ന് വാചകമടിച്ച് വഞ്ചിക്കുകയും ചെയ്യും. ആ സമയത്ത് തന്നെ, ആർഎസ്എസ്-സംഘപരിവാർ ശക്തികൾ തങ്ങളുടെ നങ്കൂരമുറപ്പിച്ച്, മതഭ്രാന്തിനെ ആളിക്കത്തിക്കുന്ന ഹിന്ദുത്വ അജണ്ടക്ക് ശക്തി പകരുകയും മതന്യൂനപക്ഷങ്ങൾക്കെതിരേ വിദ്വേഷം വളർത്തുകയും, വിവിധ രീതിയിൽ ന്യൂനപക്ഷങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയും, വർഗ്ഗീയ സംഘർഷങ്ങളും കലാപങ്ങളും രൂപകൽപ്പന ചെയ്യുകയും, ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യമുയർത്തി ജനത്തെ വർഗ്ഗീയമായി ധ്രുവീകരിച്ച് ഹിന്ദു വോട്ട് ബാങ്ക് സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യും. ഇതിലൂടെ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിലെ ഭിന്നതകളെ വളർത്തി വലുതാക്കി നിലനിർത്തി, ക്രൂരമായ മുതലാളിത്ത ചൂഷണത്തിനെതിരേ ഒരു സംഘടിതവും സചേതനവുമായ ജനകീയ മുന്നേറ്റത്തിനുള്ള സാദ്ധ്യതയെ തകിടം മറിക്കുക. ഈ തന്ത്രമാണ് ഇപ്പോൾ സർവ്വശക്തിയോടെയും നടപ്പാകുന്നത്. ഇതിന്റെ ഭാഗമായിട്ടാണ്, അഹിന്ദുക്കളെ ഹിന്ദുമതത്തിലേക്ക് ബലമായി പരിവർത്തനം ചെയ്യുന്ന പരിപാടിയുമായി വർഗ്ഗീയ കാവിപ്പട രംഗത്തിറങ്ങിയിരിക്കുന്നത്. മതപരിവർത്തനത്തോട് ബിജെപി നേതൃത്വം ഇപ്പോൾ പുറമേ കാണിക്കുന്ന എതിർപ്പു തന്നെ തട്ടിപ്പാണ്. കൈയടിക്കു വേണ്ടി മാത്രം എതിർപ്പ് കാട്ടി ജനത്തെ മണ്ടന്മാരാക്കുകയാണ്. ഇനി ജനത്തിന്റെ പേരിൽ, നിർബന്ധിത മതപരിവർത്തനം നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്ന എന്തെങ്കിലും നിയമനിർമ്മാണം ബിജെപി നേതൃത്വം കൊണ്ടുവന്നാലും ശരി, അതൊരിക്കലും സംഘപരിവാറിന് തടസ്സമാകില്ല. നിർബന്ധിത മതപരിവർത്തനമില്ല, ഘർവാപസി മാത്രമേയുള്ളു എന്നവർ ഉടനേ അവകാശപ്പെടും.ക്ഷുദ്രബുദ്ധികൾക്കാണോ ഉപായങ്ങൾക്കു ക്ഷാമം! ഈ നിന്ദ്യമായ ഗൂഢാലോചനയെ പരാജയപ്പെടുത്തേണ്ടതുണ്ട്. മതേതരവും ജനാധിപത്യബോധമുള്ളതുമായ എല്ലാ ജനങ്ങളുടേയും കടമയാണ്, മനുഷ്യരാശിക്കും സംസ്കാരത്തിനും എതിരേയുള്ള, ഈ ഭീരുത്വം നിറഞ്ഞ ആക്രമണത്തെ പ്രതിരോധിക്കുകയും എതിർക്കുകയും ചെയ്യുകയെന്നത്. ചിന്തിക്കുന്ന ജനങ്ങൾ മുന്നോട്ടു വരണം, ഒന്നിച്ചണിചേരണം. ഹിന്ദുത്വ എന്ന കുടിലപ്രബോധനത്തിനെതിരേ തീക്ഷ്ണമായ ആശയസമരം കെട്ടഴിച്ചുവിടണം. ഹിന്ദുത്വഭടന്മാർ വിളമ്പുന്ന എല്ലാത്തരം വൈകൃതങ്ങൾക്കും അസംബന്ധങ്ങൾക്കുമെതിരെ പോരാടണം. അതു വഴി, ജനകീയ ഐക്യത്തെ തകർക്കുവാനും സത്യത്തെ മൂടിവെക്കുവാനുമുള്ള നീചമായ ഗൂഢാലോചനയെ പരാജയപ്പെടുത്തണം. ●

# ആഗോളഭീകരതയുടെ മുഖമുദ്രയായ ഒബാമ മോദിസർക്കാരിന്റെ വിശിഷ്ടാതിഥി

**കശാപ്പുകാരായ ഒരു സാമ്രാജ്യത്വ രാഷ്ട്രത്തലവന് മോദി സർക്കാർ ചുവപ്പ് പരവതാനി വിരിച്ചു. നീച അധീശത്വതാല്പര്യങ്ങൾക്കായി അതിരറ്റ ക്രൗര്യത്തോടെ ദുഷ്ടവാഴ്ച നടത്തുന്ന ആഗോളത്തെമ്മാടി രാഷ്ട്രം, ഭീകരതയെ അമർത്താനെന്നപേരിൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്കും മറ്റും ബോംബർ വിമാനങ്ങളിലും ആളില്ലായുദ്ധവിമാനങ്ങളിലും ജനാധിപത്യത്തെ കയറ്റി വിടുന്നവർ, തോക്കിൻ കുഴലിലൂടെ പരിഷ്കാരം പഠിപ്പിക്കുന്നവർ, അണുവായുധമുൾപ്പെടെയുള്ള കൂട്ടനശീകരണായുധങ്ങളുപയോഗിച്ച് ലോകമാകെ ലക്ഷക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കിയ തീവ്രഭീകരരാഷ്ട്രം, സകല അന്തർദ്ദേശീയ നിയമങ്ങളെയും മര്യാദകളെയും ശിക്ഷാഭയമെന്യേ ലംഘിച്ചുകൊണ്ട് പരമാധികാര രാഷ്ട്രങ്ങളിൽ നഗ്നമായ സൈനിക അധിനിവേശം നടത്തി കൊലക്കളങ്ങൾ സൃഷ്ടിച്ചവർ, മനുഷ്യരാശിക്കെതിരായ യുദ്ധക്കുറ്റങ്ങൾ ചെയ്യുന്ന അത്തരമൊരു സാമ്രാജ്യത്വരാജ്യത്തിന്റെ തലവനെയാണ് രാജ്യത്തിന്റെ അറുപത്തിനാലാം റിപ്പബ്ലിക് ദിനാചരണത്തിന് മുഖ്യാതിഥിയായി മോദിയും ആർ.എസ്.എസും ബി.ജെ.പിയും കണ്ടെത്തിയത്.**

### അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കശാപ്പും കൊള്ളയടിയും

**ഭൂ**ഗോളമെമ്പാടും പ്രാദേശിക, ഭാഗിക യുദ്ധങ്ങൾ കുത്തിപ്പൊക്കുക, വംശീയ-വർഗ്ഗീയ കലാപങ്ങളും അട്ടിമറികളും പ്രോത്സാഹിപ്പിച്ചുകൊണ്ട് രാജ്യങ്ങളെ അസ്ഥിരമാക്കുക, മറ്റ് രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുക, ജനാധിപത്യത്തിന്റെ ചെറു നിർമ്മിതികളെ പോലും അട്ടിമറിക്കുക, ചാരപ്പണികൾ ചെയ്യുക തുടങ്ങിയവയിലൂടെ യു.എസ് സാമ്രാജ്യത്വത്തിന്റെ പതിറ്റാണ്ടുകളായുള്ള ചരിത്രം കൊള്ളയുടെയും കശാപ്പിന്റെയും രേഖപ്പെടുത്തലുകളാണ്. സ്വന്തം അധീശത്വം ഉറപ്പിക്കാനും അവിടങ്ങളിലെ സമ്പത്ത് യഥേഷ്ടം കൊള്ളയടിക്കാനും വേണ്ടി മാത്രം എത്രത്തോളം ഹീനമായ നടപടികൾ കൈക്കൊള്ളാനും യു.എസ് സാമ്രാജ്യത്വഭരണാധികാരികൾക്ക് മടിയില്ല. തങ്ങൾക്കെതിരെയുള്ള ആക്രമണത്തെ മുൻകൂട്ടി തടയാനെന്ന് പറഞ്ഞുള്ള ആക്രമണം (Pre-empitve strike) എന്ന വെറുക്കപ്പെട്ട സിദ്ധാന്തവും അവർ മുന്നോട്ടുവെച്ചു. ഇഷ്ടമില്ലാത്ത ഏതൊരു രാജ്യത്തെയും തകർക്കാൻ ഈ സിദ്ധാന്തം അവർ പ്രയോഗിക്കുന്നു.

ഗ്രീസ്, ഇറാൻ, ഇന്തോനേഷ്യ, ചിലി, ഡൊമനിക്കൻ റിപ്പബ്ലിക്, ഗ്രനാഡ, പനാമ, ഹെയ്ത്തി, നിക്കരാഗ്വ തുടങ്ങിയ രാജ്യങ്ങൾ യു.എസ്. സാമ്രാജ്യത്വത്തിന്റെ കുത്തിത്തിരുപ്പുകൾക്കും ആധിപത്യത്തിനും വിധേയമായി. 1950 ൽ വടക്കൻ കൊറിയക്കെതിരെയും 1961 ൽ ക്യൂബക്കെതിരെയും അവർ ആക്രമണമഴിച്ചുവിട്ടു. വിയറ്റ്നാമടക്കമുള്ള ഇന്തോ-ചൈനയിൽ ഭീകരനാശങ്ങൾ സൃഷ്ടിച്ച ദീർഘകാല യുദ്ധം നടത്തി. ഇവിടെയല്ലാം തദ്ദേശജനതയെ കൂട്ടക്കൊല ചെയ്തു. യു.എസ്.സാമ്രാജ്യത്വത്തിന്റെ സജീവ പിന്തുണയോടെ ഇസ്രായേൽ പാലസ്തീനിൽ കൂട്ടക്കൊലയും നിയമവിരുദ്ധഅധിനിവേശം തുടരുന്നു. ഭീകരനാശം സൃഷ്ടിച്ചുകൊണ്ട് ഇറാക്കിലും അഫ്ഗാനിസ്ഥാനിലും ലിബിയയിലും അവർ നടത്തുന്ന കൊടുംപാതകങ്ങൾ സമീപകാലചരിത്രമാണ്. രാഷ്ട്രീയ കുതന്ത്രങ്ങളും സാമ്പത്തികപരമായി ശ്വാസം മുട്ടിക്കലും തുടർന്ന് നേരിട്ടുള്ള സൈനികാക്രമണങ്ങളും നടത്തിക്കൊണ്ട് ഹെയ്ത്തിയിലും വംശീയകലാപങ്ങൾ നടത്തിക്കൊണ്ട് സുഡാനിലും അവർ നിലവിലുള്ള ഭരണസംവിധാനങ്ങളെ അട്ടിമറിച്ചു. മധ്യേഷ്യയിലെ എണ്ണ സമ്പത്ത് കൊള്ളയടിക്കാനുദ്ദേശിച്ചുള്ള പദ്ധതിയുടെ ഭാഗമായി അവർ സിറിയയിൽ അന്തഃഛിദ്രം സൃഷ്ടിച്ചു. ബാൾക്കൻ പ്രദേശങ്ങളിൽ യു.എസ് ആധിപത്യമുറപ്പിക്കാനായി ഭീകരമായ വംശീയ കലാപങ്ങളുണ്ടാക്കി ബോസ്നിയയെയും കൊസോവയെയും അടർത്തിമാറ്റിക്കൊണ്ട് യൂഗോസ്ലോവിയയെ തകർത്തു. ലാഭാർത്തി പൂണ്ട യു.എസ് സാമ്രാജ്യത്തമാണ് ഈ രാജ്യങ്ങളിലെ ജനതകളുടെ സമാധാനപരമായ ജീവിതങ്ങളെ കടപുഴക്കിയെറിഞ്ഞത്. സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുമെന്ന് ലെനിൻ സാമ്രാജ്യത്വത്തിന്റെ സ്വഭാവം വിശകലനം ചെയ്തുകൊണ്ട് വളരെക്കാലം മുമ്പ് പറഞ്ഞിരുന്നു. യുദ്ധമില്ലാതെ സാമ്രാജ്യത്വത്തിന് നിലനില്പില്ല. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും യുദ്ധാനന്തരലോക സാഹചര്യങ്ങളും ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. സാമ്രാജ്യത്വം നേരിടുന്ന നിരന്തരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറാനുദ്ദേശിച്ച് അവർ സമ്പദ്വ്യവസ്ഥയെ സൈനികവൽക്കരിക്കുന്നുവെന്ന് ലെനിന്റെ അർഹനായ പിൻഗാമിയായ സഖാവ് ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാട്ടി. ഒന്നിനുപിറകെ മറ്റൊന്നായി യുദ്ധങ്ങൾ കുത്തിപ്പൊക്കുന്നതിലേക്ക് അതവരെ നയിക്കുന്നു. അങ്ങനെയൊരു രാജ്യത്തെ പ്രസിഡന്റുമാർ കിരാതന്മാരായ മുതലാളിത്ത വർഗ്ഗത്തിന്റെ കാര്യസ്ഥന്മാർ മാത്രമാണ്.

### യു.എസ് സാമ്രാജ്യത്വം-മനുഷ്യരാശിയുടെ കൊടിയ ശത്രു

സർവ്വായുധങ്ങളുമണിഞ്ഞ്, സ്വന്തം താല്പര്യങ്ങൾക്ക് വഴങ്ങാത്ത ഏതൊരു രാജ്യത്തിന്റെയും സമാധാനം കെടുത്തുന്ന അന്തർദ്ദേശീയ ഗുണ്ടയായി യു.എസ് സാമ്രാജ്യത്വം മാറിക്കഴിഞ്ഞു. കോളനികളും സെമികോളനികളും സൃഷ്ടിച്ച് നേരിട്ടുള്ള രാഷ്ട്രീയ സാമ്പത്തിക ചൂഷണം തുടരുവാൻ ബുദ്ധിമുട്ടായതിനാൽ യു.എസ്.നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികൾ പുത്തൻ കൊളോണിയൽ ചൂഷണതന്ത്രങ്ങളെയാണ് ഇന്നിപ്പോൾ ആശ്രയിക്കുന്നത്. രാഷ്ട്രനേതാക്കളെ വകവരുത്തുക, ഗൂഢാലോചനയും ബ്ലാക്ക്മെയിലിംഗും നടത്തുക തെരഞ്ഞെടുപ്പുകളിൽ പണമൊഴുക്കുക, പട്ടാളഅട്ടിമറികൾ സംഘടിപ്പിക്കുക, ജനപ്രിയസർക്കാരുകളെ അട്ടിമറിച്ച് പാവസർക്കാരുകളെ അവരോധിക്കുക തുടങ്ങിയ കുതന്ത്രങ്ങൾ നടപ്പിലാക്കി സിഐഎയും യു.എസ് സാമ്രാജ്യത്വവും ലോകരാഷ്ട്രങ്ങളെ ശിഥിലമാക്കുകയാണ്. യുഎസ്എ ആണ് ലോകത്തെ ഏറ്റവും വലിയ തീവ്രവാദരാഷ്ട്രമെന്ന് നോംചോംസ്കിയെ കൊണ്ട് പറയിപ്പിച്ചത് ഇത്തരം നടപടികളാണ്.

### യു.എസ്. സാമ്രാജ്യത്വം മാനവനാഗരികതയെ നശിപ്പിക്കുന്നു

രണ്ടരലക്ഷം ജനങ്ങളെ നിമിഷനേരം കൊണ്ട് കൊന്നൊടുക്കുകയും രണ്ട് നഗരങ്ങളെ ചാരമാക്കുകയും ചെയ്തുകൊണ്ട് ലോകത്താദ്യമായി അണുവായുധം പ്രയോഗിച്ചത് യു.എസ് സാമ്രാജ്യത്വമാണ്. അതുപോലെ വിയറ്റ്നാമിൽ പതിനൊന്ന് വർഷം നിരന്തരമായി നടത്തിയ കൊടുംപാതകങ്ങളിലൂടെ 135 ലക്ഷം പേരെയാണ് കൊലപ്പെടുത്തിയത്. നാപ്പാം ബോംബും ഏജന്റ് ഓറഞ്ചും മറ്റ് ഭീകരമാരകായുധങ്ങളും ഉപയോഗിച്ച് ജനതയെയും പരിസ്ഥിതിയേയും നശിപ്പിച്ചത് കണ്ട് നടുങ്ങിയ ബർട്രാന്റ് റസ്സൽ *വിയറ്റ്നാമിലെ യുദ്ധക്കുറ്റങ്ങൾ* എന്ന പുസ്തകം തന്നെ എഴുതി. കൊറിയൻ യുദ്ധത്തിൽ നിരോധിത രാസായുധമുൾപ്പെടെ പ്രയോഗിച്ചുകൊണ്ട് വടക്കൻ കൊറിയയിലെ 12 ലക്ഷം പേരെ കൊന്നു. ജനങ്ങളെ കൊല്ലുവാനായി ജലസ്രോതസ്സുകളിൽ വിഷം കലക്കുകയും വിഷം കലർത്തിയ ഭക്ഷണം വിമാനമാർഗ്ഗം വിതരണം നടത്തുകയും ചെയ്തു. 51000 വ്യവസായസ്ഥാപനങ്ങളെയും 28000 സ്കൂളുകളെയും 4500 ആശുപത്രികളെയും 2.8 ലക്ഷം വീടുകളെയും നിലംപരിശാക്കി. അവിടെ ആറ്റംബോംബിടാൻ തയ്യാറെടുത്തു. അടുത്ത 120 വർഷത്തേക്ക് ജീവന്റെ അംശംപോലും കടന്നുവരാത്ത രീതിയിൽ റേഡിയേഷൻ പ്രസരിപ്പിക്കുമെന്ന് ജനറൽ മാർക് ആർതർ ഭീഷണിപ്പെടുത്തി. 5 ലക്ഷത്തിലധികം ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ട് ഇന്തോനേഷ്യയിൽ ജനറൽ സുഹാർത്തോ നടത്തിയ ചരിത്രത്തിലെ ഏറ്റവും ഭീകരമായ കൂട്ടക്കുരുതി യു.എസ്.പിന്തുണയോടെയായിരുന്നു. യു.എസ് പിന്തുണയോടെ അംഗോളയിൽ വലതുപക്ഷ യൂണിറ്റസേന നടത്തിയ ആഭ്യന്തര യുദ്ധത്തിൽ 7.5 ലക്ഷം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. യു.എസ് അധിനിവേശത്തിനുശേഷം പാവസർക്കാരിനെ അവരോധിച്ചതിനെ തുടർന്ന് ക്രമേണ ഇറാഖ് ജനത സംഘടിതമായ പ്രതിരോധം ആരംഭിക്കുകയും രാജ്യത്തെ വിമോചിപ്പിക്കാനായി ധീരന്മാരായ സ്വാതന്ത്ര്യസമരപോരാളികൾ ജീവൻ ബലിയർപ്പിച്ചുകൊണ്ട് മുന്നോട്ടുവരാനാരംഭിച്ചു. സ്വാതന്ത്ര്യകാംക്ഷികളായ ഇറാക്കിന്റെ വീരപുത്രരുടെ പ്രതിരോധത്തെ നിഷ്ഠൂരം അടിച്ചമർത്താനായി സിവിലിയൻ ജനതക്കെതിരെ യു.എസ്.സാമ്രാജ്യത്വം പൈശാചികാക്രമണങ്ങളാണ് നടത്തിയത്. സ്വാതന്ത്ര്യസമരത്തെ തകർക്കാനായി ഷിയ-സുന്നി വിഭജനം സൃഷ്ടിച്ചു. ഗ്രാമങ്ങളെ ഒന്നാകെ ഇല്ലാതാക്കുന്നവിധം കാർപ്പെറ്റ് ബോംബിംഗ് നടത്തി. വൈറ്റ് ഫോസ്ഫറസും ഡിപ്ലീറ്റഡ് യുറേനിയവും ഉപയോഗിച്ച് ദീർഘകാലം നടത്തിയ യുദ്ധം കൊണ്ട് ഹിരോഷിമ-നാഗസാക്കിക്ക് സമാനമായ കാൻസർ ബാധയാണ് -ചില പ്രദേശങ്ങളിലുണ്ടായിരിക്കുന്നത്. ജനിക്കുന്ന ആൺകുട്ടികളുടെ എണ്ണം ഭീമമായി കുറഞ്ഞിരിക്കുന്നു. ഹിരോഷിമയിലും അണുവായുധ പ്രയോഗത്തിനുശേഷം ഇതാണ് സംഭവിച്ചത്.

### യു.എസ്.സാമ്രാജ്യത്വം-ആഗോള ഭീകരവാദത്തിന്റെ പ്രയോക്താക്കൾ

ഇതരരാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഓരോ കാരണങ്ങൾ പറഞ്ഞ് കയറിയിടപ്പെടുന്നതിനെയും വിദേശമണ്ണിൽ സായുധ ആക്രമണം നടത്തുന്നതിനെയും യു.എസ്.സാമ്രാജ്യത്വം ന്യായീകരിക്കുന്നത് ഭീകരവാദത്തെ അമർച്ച ചെയ്യുന്നതിനെപ്പറ്റി പറഞ്ഞാണ്. പക്ഷേ ആഗോളഭീകരവാദത്തിന്റെ സൃഷ്ടാക്കളും സഹായികളും യു.എസ് സാമ്രാജ്യത്വമല്ലാതെ മറ്റാരാണ്? മുജാഹിദീനും അൽഖയ്ദയും താലിബാനികളും പോലുള്ള ഭീകരവാദപ്രസ്ഥാനങ്ങൾ ഉടലെടുത്തതെവിടെ നിന്നാണ്? അല്പം ചരിത്രം പരിശോധിക്കേണ്ടതുണ്ട്.

ഇന്ത്യയും പാകിസ്ഥാനും ഇന്നത്തെ രൂപത്തിൽ ആവിർഭവിച്ച 1947-ൽ തന്നെ അഫ്ഗാനിസ്ഥാനും പുതിയ തുടക്കംകുറിച്ചു. രാജ്യത്തിന്റെ ആധുനികവൽക്കരണത്തിനായി ആവശ്യപ്പെട്ട സഹായം യു.എസ്.എ.നിരസിച്ചതോടെ അവർ സോവിയറ്റ് യൂണിയനോട് ചാഞ്ഞു. ആരംഭകാലത്ത് സോവിയറ്റ് യൂണിയനുമായുള്ള ബന്ധം സൗഹാർദ്ദപരമായിരുന്നു. അതുവഴി ചില ജനാധിപത്യപരിഷ്ക്കാരങ്ങൾക്ക് ആദ്യമായി ആ മണ്ണിൽ ആരംഭം കുറിച്ചു. പക്ഷേ തിരുത്തൽവാദനേതൃത്വം സോവിയറ്റ് യൂണിയനിൽ അധികാരത്തിലേറിയതോടെ അഫ്ഗാനിസ്ഥാനിൽ മേധാവിത്വ മനോഭാവത്തോടെ പെരുമാറുകയും ക്രമേണ ജനങ്ങളിൽ ഒരു സോവിയറ്റ് വിരുദ്ധ മനോഭാവം ഉടലെടുക്കുകയും ചെയ്തു. ഇത് യു.എസ് സാമ്രാജ്യത്വത്തിന് അഫ്ഗാൻ വിഷയങ്ങളിലേക്ക് നുഴഞ്ഞ് കയറാനും സോവിയറ്റ് വിരുദ്ധ സോഷ്യലിസ്റ്റ് വിരുദ്ധ പ്രചരണങ്ങൾ കൊണ്ടുപിടിച്ചു നടത്താനും അവസരം നൽകി. സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ രാജ്യം താറുമാറായി. ജനാധിപത്യശക്തികൾ വേരുപിടിക്കാതായി. ദുർബലമായ കേന്ദ്രസർക്കാർ ഗ്രാമങ്ങളെ ക്രൂരന്മാരായയുദ്ധപ്രഭുക്കളുടെ ദയാവായ്പിന് വിട്ടുകൊടുത്തു. ഈ ഗതികെട്ട അവസ്ഥയെ മുതലെടുത്ത് നിലവിലുണ്ടായിരുന്ന മതമൗലികവാദശക്തികൾ തലപൊക്കുകയും കാര്യങ്ങൾ നിയന്ത്രിക്കുന്ന തലത്തിലെത്തുകയും ചെയ്തു. എഴുപതുകളുടെ അവസാനത്തോടെ സിഐഎയുടെയും യു.എസ് സാമ്രാജ്യത്വത്തിന്റെയും സമ്പൂർണ്ണ പിന്തുണയോടെ ഇസ്ലാമിക മൗലികവാദ ഗ്രൂപ്പുകളുടെ സഖ്യമായ മുജാഹിദ്ദീൻ ജന്മം കൊണ്ടു. 1979 മുതൽ സോവിയറ്റനുകൂല ഭരണത്തിനെതിരെയുള്ള ശക്തികൾക്ക് അമേരിക്ക രഹസ്യ സഹായങ്ങൾ നൽകിത്തുടങ്ങിയെന്ന് സി.ഐ.എ സ്വന്തം രേഖകളിലൂടെ വ്യക്തമാക്കുന്നു. അടുത്ത പത്ത് വർഷക്കാലം അഫ്ഗാൻ ജനതയെ കൊടുംക്രൂരമായ സോവിയറ്റ് വിരുദ്ധ യുദ്ധത്തിലേക്കും ഭീഭത്സമായ ഗോത്രസംഘർഷങ്ങളിലേക്കും തള്ളിവിട്ടു. ഈ യുദ്ധപ്രഭുക്കൾക്കും മുജാഹിദ്ദീനും യു.എസ്.സാമ്രാജ്യത്വം യഥേഷ്ടം പണവും ആയുധവും സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ സഹായവും രഹസ്യവിവരങ്ങളും നൽകുക മാത്രമല്ല, അഫ്ഗാൻ അഭയാർത്ഥികളിൽ നിന്ന് റിക്രൂട്ട്മെന്റ് നടത്തി പാകിസ്ഥാന്റെ സഹായത്തോടെ അവർക്ക് സൈനിക പരിശീലനവും നടത്തി.

മറ്റൊരു മുരച്ച ഇസ്ലാമിക മൗലികവാദ ശക്തിയായ അൽ ക്വൊയ്ദ 1988 ൽ സൃഷ്ടിക്കപ്പെട്ടു. മതത്തിന്റെ പേരിൽ എല്ലാത്തരം പുരോഗമന ചിന്താഗതികളെയും ചവിട്ടിയരക്കുകയും എതിർ ശക്തികളെ കശാപ്പുചെയ്യുകയും ചെയ്തവരാണവർ. ഒസാമബിൻലാദന്റെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിലേക്കത് വ്യാപിച്ചു. മുജാഹിദ്ദീന് നൽകിയതിനേക്കാൾ അധികം പിന്തുണ യു.എസ്.എയും സി.ഐ.എയും ഈ സംഘത്തിന് നൽകി. സൗദി അറേബ്യയുടെ സാമ്പത്തിക പിന്തുണയോടെ അത് പ്രവർത്തിച്ചു.

സോവിയറ്റ് യൂണിയനിലെ തിരുത്തൽവാദശക്തികളുടെ സാഹസിക നീക്കങ്ങൾ അമ്പേ പരാജയപ്പെട്ടതോടെ 1989 ൽ സൈന്യത്തെ പിൻവലിക്കാൻ അവർ നിർബന്ധിതമായി. മുജാഹിദീന്റെ പിന്തുണയോടെ ഒരു സർക്കാർ അവിടെ രൂപീകരിക്കപ്പെട്ടു. പക്ഷേ, കാര്യങ്ങൾക്കൊരു മാറ്റവുമുണ്ടായില്ല. മൂന്നു വർഷത്തെ ഭീകരമായ ഗോത്രസംഘർഷം കാബൂളിനെ തവിടുപൊടിയാക്കി. ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. ലക്ഷങ്ങൾ അഭയാർത്ഥികളായി. ഈയൊരു ദയനീയ സാഹചര്യങ്ങളിലാണ് 1994-ൽ താലിബാൻ ഉത്ഭവിച്ചത്. വീണ്ടും യു.എസ് സാമ്രാജ്യത്വത്തിന്റെയും പാകിസ്ഥാന്റെയും പിന്തുണയോടെ, സമാധാനമെന്തന്നറിയാത്ത, തൊഴിലില്ലാത്ത, അഭയാർത്ഥികളിൽ നിന്നും യുദ്ധം അനാഥരാക്കിയവരിൽ നിന്നും താലിബാൻ ആളെ സംഘടിപ്പിച്ചു. ഇടതുജനാധിപത്യശക്തികളുടെ അഭാവത്തോടെ താലിബാൻ വളരെ വേഗം ശക്തിയാർജ്ജിക്കുകയും പാകിസ്ഥാൻ സൈന്യത്തിന്റെ സഹായത്തോടെ 1996ൽ കാബൂൾ പിടിക്കുകയും ചെയ്തു. സിറിയയുടെയും ഇറാക്കിന്റെയും ഭൂപ്രദേശങ്ങൾ പിടിച്ചടക്കി ഇസ്ലാമിക് സ്റ്റേറ്റ് സ്ഥാപിച്ച കൊടും ഭീകരഗ്രൂപ്പായ ഐഎസ്ഐഎസ് പോലും ഈ അൽ ഖയ്ദയിൽ നിന്നും അമേരിക്കൻ രക്ഷകർതൃത്വത്തിൽ ഉടലെടുത്തതാണ്.

മറ്റ് സാമ്രാജ്യത്വശക്തികൾക്ക് ഒട്ടും പിന്നിലല്ലാതെയുള്ള ഒരു ആഗോളശക്തിയാകാൻ ദീർഘകാലമായി ഇന്ത്യൻ കുത്തക മുതലാളിവർഗ്ഗം അഭിലഷിക്കുകയാണ്. തങ്ങളെയും പരിഗണിക്കണമെന്ന ആഗ്രഹം ഒരു പാട് കാലമായി കൊണ്ടുനടക്കുന്നവരാണ് ഇന്ത്യൻ ഭരണകുത്തകവർഗ്ഗം. ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ യു.എസ് സാമ്രാജ്യത്വവുമായി കൂടുതൽ അടുക്കുന്നതും സാമ്പത്തിക രാഷ്ട്രീയ സൈനിക ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതും നല്ലതാണെന്നും അവർ മനസ്സിലാക്കിയിട്ടുണ്ട്. മറുവശത്ത്, സ്വന്തം സാമ്രാജ്യത്ത താല്പര്യങ്ങൾ സംരക്ഷിക്കാനും ചൈനയെ കഴിയുന്നത്ര ഒതുക്കാനും ഏഷ്യയിൽ ഒരു ശക്തനായ സഖ്യകക്ഷിയെ യു.എസ് സാമ്രാജ്യത്വത്തിനാവശ്യമുണ്ടുതാനും. പ്രത്യേകിച്ചും ദുർബലരാജ്യങ്ങൾക്കിടയിൽ തങ്ങളുടെ വിശ്വാസ്യതയും സ്വീകാര്യതയും വളരെ വേഗം നഷ്ടപ്പെടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യയുമായൊരു ചങ്ങാത്തം അവർ ആഗ്രഹിക്കുന്നു. നയതന്ത്ര, വാണിജ്യ, സൈനിക സഹകരണം ശക്തിപ്പെടുത്തിക്കൊണ്ട് ഏഷ്യാപസഫിക്കിൽ ഇന്ത്യയും ജപ്പാനും ആസ്ട്രേലിയയുമായി

*(ശേഷം 15-ാം പേജിൽ)*

## അയ്യൻകാളി നയിച്ച കർഷകതൊഴിലാളി പണിമുടക്ക് സമരത്തിന്റെ നൂറാം വാർഷികാചരണം:

# നവോത്ഥാന ശക്തി ചരിത്രപ്രദർശനം കണ്ണൂരിൽ

മഹാനായ അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളി പണിമുടക്ക് സമരത്തിന്റെ ജില്ലാതല ശതാബ്ദിയാചരണത്തിന്റെ ഭാഗമായി ജനുവരി 17 മുതൽ 19 വരെ കണ്ണൂർ ജവഹർ ലൈബ്രറി അങ്കണത്തിൽ വെച്ച് നവോത്ഥാന ശക്തി ചരിത്ര പ്രദർശനവും സെമിനാറുകളും നടന്നു. ചരിത്രം തമസ്കരിച്ച പ്രക്ഷോഭങ്ങളെപ്പറ്റിയും മഹാരഥൻമാരുടെ ജീവിതത്തെപ്പറ്റിയും അറിവു പകർന്നു കൊണ്ടും ജനങ്ങൾക്ക് നവോത്ഥാന സന്ദേശം പകർന്നു കൊണ്ടും നഗരത്തിന്റെ സാംസ്കാരിക മണ്ഡലത്തിനാകെ അക്ഷരാർത്ഥത്തിൽ ആവേശവും ഉണർവ്വുമേകിയ പ്രദർശനമായി മാറി കണ്ണൂരിലേത്. പ്രൊഫ. കെ.പി. സജി ചെയർമാനായും കെ.കെ. സുരേന്ദ്രൻ കൺവീനറായുമുള്ള അമ്പതംഗ ആചരണകമ്മിറ്റിയാണ് പരിപാടി സംഘടിപ്പിച്ചത്.

ജനുവരി 17 ന് രാവിലെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള പ്രദർശനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഡോ. ഡി. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. കണ്ണൂർ നഗരസഭ ഉപാധ്യക്ഷൻ ടി.ഒ. മോഹനൻ, പ്രൊഫ.കെ.പി. സജി, സത്യൻ ആരമ്പൻ, കെ. ബാബുരാജൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. ഇ. സനൂപ് സ്വാഗതവും, ഓമന മോഹൻദാസ് നന്ദിയും പറഞ്ഞു. വൈകിട്ട് "അയ്യൻകാളിയും കേരള നവോത്ഥാനവും"എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സെമിനാർ പ്രമുഖ എഴുത്തുകാരനും കവിയുമായ പി.എൻ.ഗോപീകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന സാംസ്കാരികവും സാമൂഹികവുമായ തിരിച്ചുപോക്കിനെ തടയേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആചരണകമ്മിറ്റി സംസ്ഥാനകൺവീനർ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. പ്രൊഫ. കെ.പി. സജി അധ്യക്ഷത വഹിച്ചു. അഡ്വ. സി.വി. നാരായണൻ, സുഭാഷ് അയ്യോത്ത്, ഉത്തമൻ ശ്രീകണ്ഠാപുരം എന്നിവർ പ്രസംഗിച്ചു. അഡ്വ. പി.സി. വിവേക് സ്വാഗതവും കെ. ജയശ്രീ നന്ദിയും പറഞ്ഞു.

ജനുവരി 18 ന് രാവിലെ "കേരള നവോത്ഥാനവും സ്ത്രീവിമോചനവും"എന്ന വിഷയത്തിലുള്ള സെമിനാർ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല.കെ.ജോൺ ഉദ്ഘാടനം ചെയ്തു. പി.മുരളീധരൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. മേരി എബ്രഹാം സ്വാഗതം പറഞ്ഞു. പ്രൊഫ. എം.ജി. മേരി, ടി.കെ. വിമല ടീച്ചർ, അഡ്വ: സി.പി. സുനിൽകുമാർ, എം.എ. പുഷ്പ എന്നിവർ പ്രസംഗിച്ചു. പി.സി.സുധ നന്ദിരേഖപ്പെടുത്തി.

"നവോത്ഥാനം മലബാറിൽ" എന്ന വിഷയത്തെ അധികരിച്ച് വൈകിട്ട് നവോത്ഥാന സദസ്സ് സംഘടിപ്പിച്ചു. പ്രമുഖ കവിയും സാംസ്കാരിക പ്രവർത്തകനുമായ കെ.സി. ഉമേഷ്ബാബു ഉദ്ഘാടനം ചെയ്തു. കണ്ണൂരിലും മലബാറിന്റെ മറ്റ് പ്രദേശങ്ങളിലും നടന്ന നവോത്ഥാന മുന്നേറ്റങ്ങളെപ്പറ്റിയും അതിന് നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്കർത്താക്കളെക്കുറിച്ചുമുള്ള ചർച്ച ഏവർക്കും ആവേശകരമായ അനുഭവമായി മാറി. ജില്ലാ ആചരണക്കമ്മിറ്റി വൈസ്ചെയർമാൻ പി.പി. മോഹനൻ അധ്യക്ഷത വഹിച്ചു. ജില്ലാ ആചരണക്കമ്മിറ്റി കൺവീനർ കെ.കെ. സുരേന്ദ്രൻ വിഷയാവതരണം നടത്തി. വസുമിത്രൻ എഞ്ചിനീയർ, അഡ്വ. ഇ.പി.ഹംസക്കുട്ടി, വി.കെ.സദാനന്ദൻ, ഷൈല കെ.ജോൺ, ടി.സി.ബാലകൃഷ്ണൻ, രമ്യൻ ഏച്ചൂർ, പപ്പൻ തായക്കര, സി.ടി.ബാബുരാജ്, യു.കെ.അഭിലാഷ്, കുഞ്ഞമ്പു കല്ല്യാശ്ശേരി, വി.രജിത്ത്കുമാർ, പി.വി.പ്രേമരാജൻ, സി.കെ.കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. എം.കെ. ജയരാജൻ സ്വാഗതവും അനൂപ് ഏരിമറ്റം നന്ദിയും പറഞ്ഞു.

'കേരള നവോത്ഥാനവും ഇന്നത്തെ കർത്തവ്യങ്ങളും'എന്ന വിഷയത്തെ അധികരിച്ച് ജനുവരി 19ന് വൈകിട്ട് നടന്ന സമാപന സെമിനാർ വിഖ്യാത ചരിത്രകാരൻ ഡോ.കെ.കെ.എൻ.കുറുപ്പ് ഉദ്ഘാടനം ചെയ്തു. "അധ:സ്ഥിത ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, സ്വന്തമായി ഭൂമി, അധ്വാനത്തിന്റെ കൂലി ഇവ എങ്ങനെ കരഗതമാക്കാം എന്ന ചിന്തയാണ് അയ്യൻകാളിയുടെ സമരത്തെ നയിച്ചത്. അതിന്നും പ്രസക്തമാണ്. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പ്രക്ഷോഭം കൊളോണിയൽ സമൂഹത്തിൽ ആരംഭിച്ചത് അയ്യൻകാളിയുടെ നേതൃത്വത്തിലാണ്. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള വർഗ്ഗ സമരത്തിനാണദ്ദേഹം നേതൃത്വം കൊടുത്തത്. അക്ഷരത്തെ നിഷേധിച്ച് അധ്വാന ശക്തിയെ ചൂഷണം ചെയ്യുന്നതിനെതിരെയുള്ള പ്രക്ഷോഭമാണ് അദ്ദേഹം നയിച്ചത്. ഇന്ന് വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ പണം കൊടുത്തു വാങ്ങേണ്ട അവസ്ഥയാണ്. ആഗോളീകരണം കൊളോണിയലിസത്തിന്റെ മറ്റൊരു രൂപമാണ്. അത് മനസ്സിലാക്കാതെ അക്കാഡമിക് സമൂഹം അവ കൈകാര്യം ചെയ്യുന്നത് അപകടകരമാണ്. അയ്യൻകാളിയുടെ സമരത്തുടർച്ചയാണ് 1940-50 കളിൽ ഇന്ത്യ മുഴുവൻ നടന്ന ഭൂസമരങ്ങൾ. ആ സമരങ്ങളാണ് ഭൂപരിഷ്കരണത്തിലേക്കും ഒരു വിദ്യാഭ്യാസനയത്തിലേക്കും കേരളത്തെ മാറ്റാൻ സഹായിച്ചത്. ഇന്ന് കച്ചവടവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസവും മാനവീക മൂല്യങ്ങളും തിരിച്ചുപിടിക്കണമെങ്കിൽ നാം അയ്യൻകാളിയുടെ പോരാട്ടപാത പിന്തുടരേണ്ടതുണ്ട്."അദ്ദേഹം പറഞ്ഞു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽസെക്രട്ടറി ഡോ.വി.വേണുഗോപാൽ അദ്ധ്യക്ഷനായി. സംസ്ഥാന ആചരണക്കമ്മിറ്റിയംഗം വി.കെ.സദാനന്ദൻ വിഷയാവതരണം നടത്തി. ഒ.എം.ദിവാകരൻ, എ.ശേഖർ, അഡ്വ.സി.വി.നാരായണൻ, ഡോ.ഡി.സുരേന്ദ്രനാഥ്, മുണ്ടേരി ബാലകൃഷ്ണൻ, സത്യൻ ആരമ്പൻ, പോൾ.റ്റി.സാമുവൽ എന്നിവർ പ്രസംഗിച്ചു. കെ.കെ.സുരേന്ദ്രൻ സ്വാഗതവും ടി.ചന്ദ്രൻ നന്ദിയും പറഞ്ഞു.



'കേരള നവോത്ഥാനവും ഇന്നത്തെ കർത്തവ്യങ്ങളും'എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാർ ഡോ.കെ.കെ.എൻ.കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു.

സമാപന സെമിനാറിന് മുന്നോടിയായി എൻ എച്ച് -17 ആക്ഷൻ കമ്മിറ്റിയുടെ സാംസ്കാരിക വിഭാഗം സി.കെ. ശിവദാസന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച തെരുവു നാടകം 'പെരുവഴിയുടെ കഥ' അരങ്ങേറുകയുണ്ടായി. പൊതുനിരത്തുകളിൽ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി അയ്യങ്കാളി നയിച്ച വില്ലുവണ്ടിയാത്രയെ അനുസ്മരിപ്പിച്ചുകൊണ്ട് റോഡ് സ്വകാര്യവൽക്കരണത്തിനെതിരെ സാധാരണക്കാരുടെ ഭാഷയിലും രീതിയിലും കഥ പറയുന്ന തെരുവുനാടകം കാണികൾ ആവേശപൂർവ്വം ആസ്വദിച്ചു. ●

# നവോത്ഥാനശക്തി ചരിത്രപ്രദർശനം പാലക്കാട്ട്

മഹാനായ അയ്യൻകാളി നയിച്ച കാർഷിക സമരത്തിന്റെ ശതാബ്ദിയാചരണത്തിന്റെ ഭാഗമായി 2015 ജനുവരി 13,14,15 തിയ്യതികളിൽ പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാന്റിൽ നവോത്ഥാനശക്തി ചരിത്രപ്രദർശനം നടന്നു. പ്രദർശനത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ ചർച്ചകളും സെമിനാറുകളും നടന്നു.

13-ന് രാവിലെ 11 മണിക്ക് നടന്ന ഉൽഘാടന സമ്മേളനത്തിൽ ഭാരതപ്പുഴ സംരക്ഷണ സമിതി ചെയർമാൻ ഇന്ത്യനൂർ ഗോപി അദ്ധ്യക്ഷത വഹിച്ചു. മഹാനായ അയ്യൻകാളി നയിച്ച കാർഷിക സമരത്തിന്റെ ശതാബ്ദിയാചരണ കമ്മിറ്റി പാലക്കാട് ജില്ലാപ്രസിഡന്റ് ഡോ.പി.എസ്.പണിക്കർ, വി.രമണിഭായി (മുൻ നഗരസഭാ ചെയർപേഴ്സൺ), മുതലാംതോട് മണി (ദേശീയ കർഷക സമാജം), മേജർ പി.എം.രവീന്ദ്രൻ (സേവ് ആർ.ടി.ഐ ക്യാംപയിൻ), പി.പരമേശ്വരൻ, വേലായുധൻ മാസ്റ്റർ പട്ടാമ്പി (സാധുജന പരിപാലന സംഘം), എൻ.വിനേഷ് (സർഗ ജനകീയ കൂട്ടായ്മ, കണ്ണനൂർ), ജി.എസ്.വിനോദ് (പാരലൽ കോളേജ് അസോസിയേഷൻ), സി.വി. പൊന്നുസ്വാമി (ഡോ.അംബേദ്കർ പഠനകേന്ദ്രം), ചന്ദ്രൻ തച്ചമ്പാറ (കേരള യുക്തിവാദി സംഘം), ദാസ് മാട്ടുമന്ത, ആറുച്ചാമി അമ്പലക്കാട് (കെ.പി.എം.എസ്) തുടങ്ങിയവർ സംസാരിച്ചു. ആചരണക്കമ്മിറ്റി സെക്രട്ടറി കെ.അബ്ദുൾ അസീസ് സ്വാഗതവും കെ.എം.ബീവി നന്ദിയും പറഞ്ഞു. വൈകിട്ട് 5 മണിക്ക് "അയ്യൻകാളിയും കേരളനവോത്ഥാനവും" എന്ന വിഷയത്തിൽ ചർച്ച നടന്നു. പ്രമുഖ സാംസ്കാരിക പ്രവർത്തകൻ അഡ്വ. പി.ജയപാലമേനോൻ അദ്ധ്യക്ഷത വഹിച്ചു. ആചരണകമ്മിറ്റി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. പ്രൊഫ.ടി.വി.ശശി, കെ.അബ്ദുൾ അസീസ്, കെ.പ്രദീപ് എന്നിവർ പങ്കെടുത്തു.



"കേരള നവോത്ഥാനവും മലയാള സാഹിത്യവും" എന്ന വിഷയത്തിൽ നടന്ന സെമിനാർ പ്രശസ്ത സാഹിത്യകാരൻ മുണ്ടൂർ സേതുമാധവൻ ഉൽഘാടനം ചെയ്യുന്നു

"കേരള നവോത്ഥാനവും മലയാള സാഹിത്യവും" എന്ന വിഷയത്തിൽ ജനുവരി 14 വൈകിട്ട് നടന്ന സെമിനാർ പ്രശസ്ത സാഹിത്യകാരൻ മുണ്ടൂർ സേതുമാധവൻ ഉൽഘാടനം ചെയ്തു. പ്രസിദ്ധ നാടക രചയിതാവ് കെ.പി.എസ്.പയ്യനെടം, രഘുനാഥൻ പറളി, ബാലു തൈക്കാട്ടുശ്ശേരി എന്നിവരും സംസാരിച്ചു. ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. പി.മണികണ്ഠൻ സ്വാഗതവും കെ.കേശവൻകുട്ടി കൃതജ്ഞതയും പറഞ്ഞു.

ജനുവരി 15 രാവിലെ 11 മണിക്ക് "അയ്യൻകാളി പ്രസ്ഥാനവും കേരളത്തിലെ സ്ത്രീമുന്നേറ്റവും" എന്ന വിഷയത്തിൽ ചർച്ച നടന്നു. കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ മഹിള സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല.കെ.ജോൺ വിഷയാവതരണം നടത്തി. കവയത്രി ജ്യോതിബായി പരിയാടത്ത്, അഡ്വ.എൻ.എൻ.പ്രസീദ (മുൻ സംസ്ഥാന വനിതാകമ്മീഷനംഗം), നിനിത കണിച്ചേരി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. എ.റജീന സ്വാഗതവും കെ.ആർ.രജിത നന്ദിയും പറഞ്ഞു.

വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ "കേരള നവോത്ഥാനത്തിന്റെ അവശേഷിക്കുന്ന കടമകൾ" ചർച്ച ചെയ്യപ്പെട്ടു. നേതാജി സാമൂഹ്യ- സാംസ്കാരിക പഠന കേന്ദ്രം ഡയറക്ടർ ഡോ.വി.വേണുഗോപാൽ അദ്ധ്യക്ഷനായി. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു വിഷയാവതരണം നടത്തി. ടി.എസ്.പീറ്റർ (പബ്ലിക് ലൈബ്രറി സെക്രട്ടറി), രാധാകൃഷ്ണൻ മണ്ണാർക്കാട്, പ്രസാദ് തൃപ്രയാർ (മദ്യ നിരോധനസമിതി), ടി.സി.ഭാസ്കരൻ മാസ്റ്റർ, മേജർ പി.എം.രവീന്ദ്രൻ, വി.കണ്ടച്ചാമി എന്നിവർ സംസാരിച്ചു. കെ.രാമനാഥൻ സ്വാഗതവും കെ.പ്രസാദ് കൃതജ്ഞതയും രേഖപ്പെടുത്തി.

ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ച കേരളത്തെ ആധുനിക സമൂഹമാക്കി മാറ്റിയ മഹത്തായ നവോത്ഥാനപ്രസ്ഥാനത്തിന്റെ നാഴികക്കല്ലുകളായ സംഭവങ്ങളെയും അതിന് നേതൃത്വം നൽകിയ മഹാന്മാരെയും പരിചയപ്പെടുത്തിയ നവോത്ഥാന ശക്തി ചരിത്രപ്രദർശനം പാലക്കാട് ടൗണിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾക്ക് പുതിയൊരനുഭവമായി. വിദ്യാർത്ഥികളെപ്പോലെ തന്നെ പല മുതിർന്ന വ്യക്തികളും പ്രദർശനത്തിലെ ഓരോ ഫ്രെയ്മും ശ്രദ്ധാപൂർവ്വം വായിച്ച് കുറിപ്പുകളെടുക്കുന്നതും കാണാമായിരുന്നു. ആചരണസമിതിയുമായി സഹകരിച്ച് അവരവരുടെ പ്രദേശങ്ങളിൽ നവോത്ഥാനശക്തി ചരിത്രപ്രദർശനമുൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കാൻ താല്പര്യപ്പെട്ട് നിരവധി പേർ സംഘാടകരുമായി ബന്ധപ്പെടുകയും ചെയ്തു. ●

# ഇടതുപക്ഷ പാർട്ടികളുടെ സംയുക്താഭിമുഖ്യത്തിൽ രാജ്യമെമ്പാടും ഒബാമ സന്ദർശനത്തിനെതിരെ പ്രതിഷേധപരിപാടികൾ

**സിപിഐ(എം), സിപിഐ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), സിപിഐ(എംഎൽ)–ലിബറേഷൻ, ഫോർവേർഡ് ബ്ലോക്ക്, ആർഎസ്‌പി എന്നീ ആറ് ഇടതുപക്ഷ പാർട്ടികളുടെ ആഹ്വാനപ്രകാരം ജനുവരി 24 രാജ്യമെമ്പാടും പ്രതിഷേധ ദിനമായി ആചരിച്ചു. ജനുവരി 3–ാം തീയതി ദില്ലിയിൽ യോഗം ചേർന്ന് ആറുപാർട്ടികളുടെ നേതാക്കൾ പുറപ്പെടുവിച്ച താഴെക്കൊടുക്കുന്ന സംയുക്ത പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് പ്രതിഷേധ ദിനാചരണം നടന്നത്. വിവിധ സംസ്ഥാനങ്ങളിൽ മറ്റ് ഇടതുപക്ഷ പാർട്ടികളും പ്രതിഷേധ ത്തിൽ പങ്കുചേർന്നു. ഡൽഹി, ഹരിയാന, പഞ്ചാബ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഝാർഖണ്ഡ്, ബീഹാർ, ഗുജറാത്ത്, പശ്ചിമബംഗാൾ, തമിഴ്‌നാട്, ആന്ധ്ര, തെലങ്കാന, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ വിവിധപ്രദേശങ്ങളിൽ ഒബാമ സന്ദർശനത്തിനെതിരെ പ്രതിഷേധ പരിപാടികൾ നടന്നു.**

**ജനുവരി 24 ന് ദില്ലിയിൽ സിപിഐ(എം), സിപിഐ, ആർഎസ്‌പി, ഫോർവേഡ് ബ്ലോക്ക്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), സിപിഐഎംഎൽ(ലിബറേഷൻ), കമ്മ്യൂണിസ്റ്റ് ഗദ്ദർപാർട്ടി ഓഫ് ഇന്ത്യ എന്നീ പാർട്ടികളുടെ നേതൃത്വത്തിലാണ് പ്രതിഷേധ പ്രകടനം നടന്നത്. രാവിലെ മാണ്ഡി ഹൗസിൽനിന്നും പാർലമെന്റിലേക്ക് നടന്ന പ്രകടനം ജന്തർമന്തറിൽ യോഗം ചേർന്ന് ഒബാമയുടെ കോലംകത്തിച്ചു. യോഗത്തെ സിപിഐ(എം) ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, സിപിഐ നേതാവ് ഡി.രാജ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഡൽഹി സംസ്ഥാന സെക്രട്ടറി പ്രതാപ് സാമൽ തുടങ്ങിയവർ അഭിസംബോധന ചെയ്തു.**




അലഹബാദ്, ഉത്തർപ്രദേശ്



ഹൈദരാബാദ്, ആന്ധ്രാപ്രദേശ്- തെലങ്കാന




ഗുവാഹതി, ആസ്സാം



കൊൽക്കത്ത, പശ്ചിമബംഗാൾ

പശ്ചിമബംഗാളിൽ സിപിഐ(എം), സിപിഐ, ആൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക്, ആർഎസ്‌പി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉൾപ്പെടെ 13 ഇടതുപക്ഷ പാർട്ടികളുടെ സംയുക്താഭിമുഖ്യത്തിൽ ഒബാമ സന്ദർശനത്തിനെതിരെ കൊൽക്കത്ത എസ്പ്ലനേഡിൽ നിന്ന് അമേരിക്കൻ സെന്ററിലേക്ക് ആയിരങ്ങൾ മാർച്ച് ചെയ്തു. പാർക്ക് സ്ട്രീറ്റ് ക്രോസിംഗിൽ പോലീസ് ജനകീയ മാർച്ച് തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധ യോഗത്തിൽ സിപിഐ(എം) സംസ്ഥാന സെക്രട്ടറി ബിമൻബോസ്, എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സൗമൻബോസ്, സിപിഐ നേതാവ് മഞ്ജുകുമാർ മജുംദാർ, സിപിഐഎംഎൽ(ലിബറേഷൻ) നേതാവ് പാർത്ഥ ഘോഷ്, ഫോർവേഡ്ബ്ലോക് നേതാവ് ഹാഫീസ് ആലം സൈറാനി, എസ്‌യുസിഐ(സി) നേതാവ് ഡോ.തരുൺമണ്ഡൽ തുടങ്ങിയവർ പ്രസംഗിച്ചു. ●

## സംയുക്ത പ്രസ്താവന

മോദി സർക്കാരും ബിജെപിയും, ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മതേതര ജനാധിപത്യ മൂല്യങ്ങൾക്ക് ഭീഷണിയായ ഹിന്ദുത്വശക്തികളെ കെട്ടഴിച്ചു വിട്ടിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിലാണ് അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ് ബാരക് ഒബാമയെ, ജനുവരി 26–ന്റെ റിപ്പബ്ലിക് ദിനത്തിലെ മുഖ്യാതിഥിയായി സർക്കാർ ക്ഷണിച്ചിരിക്കുന്നത്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും പ്രതീകമായ ഈ ദിനത്തിൽ, ലോകമെമ്പാടും ഏറ്റവുമധികം രാജ്യങ്ങളെ ആക്രമിച്ച് അവയുടെ പരമാധികാരത്തെ നശിപ്പിച്ച രാജ്യത്തിന്റെ തലവന്റെ സാന്നിദ്ധ്യം അങ്ങേയറ്റത്തെ വിരോധാഭാസമാണ്. പ്രസിഡന്റ് ഒബാമ തന്നെ, ലിബിയക്കു മേലുള്ള കൈയേറ്റത്തിനും, ഇറാഖിലേക്ക് വീണ്ടും സൈന്യത്തെ അയച്ച് ബോംബ് വർഷം പുനരാരംഭിച്ചതിനും ഉത്തരവാദിയാണ്. ഒരു രാഷ്ട്രമെന്ന നിലയിലുള്ള സിറിയയുടെ അസ്തിത്വം തകർക്കാൻ സർവ്വരീതിയിലും പ്രവർത്തിക്കുകയാണ് യുഎസ്.

ഇടതു പാർട്ടികൾ പ്രസിഡന്റ് ഒബാമയുടെ സന്ദർശനത്തിൽ പ്രതിഷേധിക്കുവാനുള്ള കാരണങ്ങൾ:

1. അമേരിക്ക, ഇറാഖിലും ലിബിയയിലും സിറിയയിലും ഒക്കെ നടത്തിക്കൊണ്ടിരിക്കുന്നതുപോലെ, സൈനിക ഇടപെടലിലൂടെ പശ്ചിമേഷ്യയിലെ രാജ്യങ്ങളെ ലക്ഷ്യം വെക്കുകയും സർക്കാരുകളെ അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.
2. പാലസ്തീന്റെ ഭൂമിയും അറബ് പ്രദേശങ്ങളും കൈയടക്കിവെക്കുകയും, പാലസ്തീൻ ജനതയെ കൊളോണിയൽ അടിച്ചമർത്തലിനു വിധേയമാക്കുകയും ചെയ്യുന്ന ഇസ്രായേലിന്, ഏറ്റവും ശക്തമായ പിന്തുണ നൽകുകയും രക്ഷാധികാരിയായി പ്രവർത്തിക്കുകയും ചെയ്യുന്നത് അമേരിക്കയാണ്.
3. അമേരിക്ക തങ്ങളുടെ നാവിക–സൈനിക ശക്തിയുടെ ഗണ്യമായ ഒരു ഭാഗത്തെ, ഏഷ്യയെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് അവിടേക്ക് നീക്കുകയും, ഏഷ്യാ പസഫിക് മേഖലയിൽ പുതിയ സൈനികത്താവളങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു.
4. അഫ്ഗാനിസ്ഥാനിലെ യുഎസ് ഇടപെടലും, അവർ പാക്കിസ്ഥാനിൽ നിർവ്വഹിച്ച പങ്കും, മൗലികവാദ ശക്തികളേയാണ് പരിപോഷിപ്പിച്ചത്. ഇതിന്റെ വിനാശകരമായ അനന്തരഫലങ്ങൾ ഇന്ത്യക്കു കൂടിയുള്ള മുന്നറിയിപ്പാണ്.
5. ജനാധിപത്യത്തെ സംരക്ഷിക്കാനെന്ന പേരിൽ യുദ്ധങ്ങൾ നടത്തുന്ന യുഎസ്, സ്വന്തം നാട്ടിൽ തങ്ങളുടെ പോലീസ് സേന നടത്തുന്ന വംശീയ ഹത്യകൾക്കെതിരെയുള്ള വമ്പിച്ച പ്രതിഷേധത്തെ നേരിട്ടു കൊണ്ടിരിക്കുകയാണ്. കൂടാതെ, യുഎസ് സർക്കാരിന്റെ അംഗീകാരത്തോടു കൂടി, സിഐഎ നടത്തിയ പീഢനങ്ങളുടേയും ഇസ്ലാം വിരുദ്ധ രൂപരേഖകളുടേയും ഞെട്ടിക്കുന്ന ചരിത്രം അടുത്തിടെ പുറത്തുവന്നതോടെ, ലോകത്ത് മനുഷ്യാവകാശങ്ങളും ജനാധിപത്യവും ഏറ്റവും നികൃഷ്ടമായി ലംഘിക്കുന്നത് യുഎസ് ആണെന്നത് വെളിവാക്കി.

സ്വതന്ത്രവും ചേരിചേരാത്തതുമായ വിദേശനയത്തിനു പകരം യുഎസ് അനുകൂല വിദേശനയമാണ് ബിജെപി സർക്കാർ പിന്തുടരുന്നത്. ഇത് ഇന്ത്യയിലേയും വിദേശത്തേയും കുത്തകമൂലധനത്തിന്റെ താൽപ്പര്യാർത്ഥമാണ് ചെയ്യുന്നത്.

താഴെ പറയുന്ന നീക്കങ്ങളോട് ഇടതുപക്ഷ പാർട്ടികൾ ശക്തമായി പ്രതിഷേധിക്കുന്നു:

1. ഇന്ത്യ–യുഎസ് പ്രതിരോധ ഘടന ഉടമ്പടി (ഡിഫൻസ് ഫ്രെയിംവർക്ക് എഗ്രിമെന്റ്) അടുത്ത പത്തു വർഷത്തേക്കു കൂടി പുതുക്കുന്നതിനുള്ള തീരുമാനം. ഏഷ്യയിലെ അമേരിക്കൻ പ്രതിരോധ തന്ത്രത്തിന്റെ നുകത്തിനു കീഴിലേക്ക് ഇന്ത്യയെ കണ്ണിചേർക്കുന്നതാണ് ഈ കരാർ.
2. പാലസ്തീൻ, ഇറാൻ, ഇസ്രായേൽ എന്നിവരുമായി ബന്ധപ്പെട്ട വിദേശകാര്യ നയസമീപനം, യുഎസ് താൽപ്പര്യങ്ങൾക്കനുസരിച്ചു മാറ്റാൻ ഇന്ത്യക്കു മേൽ സമ്മർദ്ദം ചെലുത്താനുള്ള നീക്കം.
3. ഇന്ത്യയുടെ സാമ്പത്തികമേഖല യുഎസ് മൂലധനത്തിനായി തുറന്നുകൊടുക്കുന്നതിനു വേണ്ടി ഒബാമാ ഭരണകൂടം നടത്തുന്ന നിരന്തരമായ സമ്മർദ്ദം. ഇൻഷുറൻസ് മേഖലയിൽ 49 ശതമാനം വിദേശനിക്ഷേപം അനുവദിച്ചുകൊണ്ട് മോദി സർക്കാർ ഓർഡിനൻസ് പുറത്തിറക്കിയത് ഇതിന്റെ ഫലമായിട്ടാണ്.
4. ഇന്ത്യയിൽ വളരെ ഉയർന്ന വിലയ്ക്ക് മരുന്നുകൾ വിൽക്കുവാൻ വേണ്ടി, യുഎസ് മരുന്നു കമ്പനികൾക്ക് ഗുണം കിട്ടുന്ന രീതിയിൽ, ഇന്ത്യയിലെ പേറ്റന്റ് നിയമങ്ങൾ ദുർബലപ്പെടുത്താനായി യുഎസ് ചെലുത്തുന്ന ശക്തമായ സമ്മർദ്ദം.
5. പൊതുസംഭരണത്തെയും പൊതുവിതരണസമ്പ്രദായത്തെയും അട്ടിമറിച്ച്, ഭക്ഷ്യസുരക്ഷാപദ്ധതി വേണ്ടെന്നുവെക്കാൻ ഇന്ത്യക്കു മേൽ അമേരിക്ക നടത്തുന്ന സമ്മർദ്ദം.
6. യുഎസ് കോർപ്പറേഷനുകൾക്ക് പ്രയോജനം ലഭിക്കാനായി, തൊഴിലവകാശങ്ങളേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്ന നിയമങ്ങളെ ദുർബലപ്പെടുത്താനായി യുഎസ് ഇന്ത്യക്കു മേൽ സമ്മർദ്ദം ചെലുത്തുന്നു.
7. യുഎസ് ആണവ കമ്പനികൾക്കനുകൂലമായി, സിവിൽ ആണവ ബാധ്യതാ നിയമത്തിൽ വെള്ളം ചേർക്കാനുള്ള ഒബാമയുടേയും മോദിയുടെയും ശ്രമം.

**പ്രസിഡന്റ് ഒബാമയുടെ സന്ദർശനത്തിനെതിരേ, ജനുവരി 24 പ്രതിഷേധദിനമായി ആചരിക്കുവാൻ ഇടതുപാർട്ടികൾ ആഹ്വാനം ചെയ്യുന്നു.**

*യുഎസ് ആക്രമണങ്ങൾ നിർത്തുക*

*ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നത് അവസാനിപ്പിക്കുക*

*യുഎസ്–ഇന്ത്യ പ്രതിരോധ സഹകരണം അവസാനിപ്പിക്കുക* ●

# ഇടതുപക്ഷ പാർട്ടികളുടെ സംയുക്താഭിമുഖ്യത്തിൽ രാജ്യമെമ്പാടും ഒബാമ സന്ദർശനത്തിനെതിരെ പ്രതിഷേധപരിപാടികൾ



ചെന്നൈ, തമിഴ്നാട്



ഭിവാനി, ഹരിയാന




മുംബൈ, മഹാരാഷ്ട്ര



ഡൽഹി



പാട്ന, ബീഹാർ



സൂറത്ത്, ഗുജറാത്ത്



പഞ്ചാബ്



റാഞ്ചി, ജാർഖണ്ഡ്

## യു.എസ് സാമ്രാജ്യത്വം – ആഗോളഭീകരതയുടെ സ്രഷ്ടാക്കൾ

**ആഗോള ഭീകരതയുടെ മുഖമുദ്ര**.....*(12–ാം പേജിൽ നിന്ന്)*

ചേർന്ന് ഒരു അച്ചുതണ്ട് രൂപീകരിക്കാനാണ് യു.എസ് സാമ്രാജ്യത്വം ശ്രമിക്കുന്നത്. യു.എസ് സൈന്യത്തിന്റെ സ്ഥിരമായ സാന്നിദ്ധ്യവും പെന്റഗണിന്റെ വർദ്ധിതമായ ആക്രമണങ്ങളും കാരണം പശ്ചിമേഷ്യൻ ജനതയിലാകെ വിദ്വേഷം വളർന്നുവരികയാണ്. ഈ പ്രതിഷേധത്തെ അടിച്ചമർത്തുന്നത് ഈ പ്രദേശത്തെ ഭരണാധികാരികൾക്ക് കൂടുതൽ കൂടുതൽ പ്രയാസകരമായി വരികയാണ്. യു.എസ്.എക്ക് അകത്തും ഈ സൈനിക ഇടപെടലുകൾക്കെതിരെ പ്രതിഷേധം ശക്തമായി വരികയാണ്. ജനങ്ങളുടെ പ്രതിഷേധങ്ങളുടെ സമ്മർദ്ദത്തെ തുടർന്ന് പല രാജ്യങ്ങളിൽ നിന്നും സൈന്യത്തെ പിൻവലിക്കാൻ നിർബന്ധിതമാവുകയാണ്. അതേ സമയം പശ്ചിമേഷ്യയിലെ എണ്ണസമ്പത്തിനെ കൈവിടാനുമാവില്ല. അക്കാരണത്താൽ ആ പ്രദേശത്ത് ചില സ്വാധീനങ്ങളൊക്കെയുള്ള ഇന്ത്യൻ കുത്തകകളുമായുള്ള ചങ്ങാത്തം ഗുണം ചെയ്യുമെന്നവർ പ്രതീക്ഷിക്കുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ കുത്തക മുതലാളിവർഗ്ഗം പരമാവധി വേഗത്തിലുള്ള വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് സോഷ്യലിസ്റ്റ് ചേരിയുമായും സാമ്രാജ്യത്വചേരിയുമായും ഒരേ സമയം വിലപേശുകയായിരുന്നു. അതേ സമയം സമാധാനത്തിന്റെ ചാമ്പ്യനായി നിന്നുകൊണ്ട് നവജാത മുതലാളിത്ത രാജ്യങ്ങളുടെ ഒരു ബ്ലോക്ക് ചേരിചേരാപ്രസ്ഥാനം എന്ന പേരിൽ ഒരു പ്രസ്ഥാനം രൂപീകരിക്കുകയും ചെയ്തു. പക്ഷേ സമ്പദ്വ്യവസ്ഥയിൽ വളർന്നുവരുന്ന സാമ്രാജ്യത്വ പ്രവണതകൾ കാരണം ഇന്ത്യയുടെ സാമ്രാജ്യത്വ വിരുദ്ധ നിലപാടുകൾ മറ്റുള്ളവരെ അപേക്ഷിച്ച് ദുർബലമായിരുന്നു. സാമ്രാജ്യത്വശക്തികളുടെ പിന്തുണയോടെയുള്ള തിരുത്തൽവാദ ഗൂഢാലോചനയെ തുടർന്ന് സോഷ്യലിസ്റ്റ് ചേരി നിലവിലില്ലാതായി. അതേപോലെ തന്നെ സേഷ്യലിസ്റ്റ് –സാമ്രാജ്യത്വ ചേരികളോടുള്ള നവജാതബൂർഷ്വാ രാജ്യങ്ങളുടെ ഇരട്ടവൈരുദ്ധ്യവും ഫലത്തിൽ ഇല്ലാതായി. ചേരിചേരാപ്രസ്ഥാനം പ്രവർത്തനരഹിതമായി. ഏകധ്രുവലോകത്ത് യു.എസ് സാമ്രാജ്യത്വം തേർവാഴ്ച നടത്തി. മറുവശത്ത് ഇന്ത്യൻ മുതലാളിത്വം സ്വന്തം സാമ്രാജ്യത്വ താല്പര്യങ്ങൾ സംരക്ഷിക്കാനായി യു.എസ്.സാമ്രാജ്യത്വത്തോട് ബാന്ധവത്തിലേർപ്പെട്ടു. ഇരു രാജ്യങ്ങളുടെയും സാമ്പത്തിക രാഷ്ട്രീയ താല്പര്യങ്ങളിലുള്ള സമാനതകൾ സുവ്യക്തമാണ്.

ലോകത്ത് ഏറ്റവും വെറുക്കപ്പെടുന്ന യു.എസ് സാമ്രാജ്യത്വവുമായി മുൻപ് ചങ്ങാത്തത്തിലായിരുന്ന ഇസ്രായേൽ, പാകിസ്ഥാൻ, തായ്‌വാൻ, ഫിലിപ്പൈൻസ്, തായ്‌ലന്റ്,തുർക്കി എന്തിന് യു.കെയും ആസ്ട്രേലിയയും പോലും അഭിശപ്തരായി കണക്കാക്കപ്പെട്ടു. യു.എസ് സാമ്രാജ്യത്വത്തിന്റെ കൂട്ടുകക്ഷിയാക്കാൻ ശ്രമിക്കുന്ന ഇന്ത്യൻ കുത്തകകൾ മഹത്തായ സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യമുണ്ടായിരുന്ന, കോളനികളിലെയും സെമികോളനികളിലെയും വിമോചന സമരങ്ങളുമായി ഐക്യദാർഢ്യമുണ്ടായിരുന്ന സുഭാഷ്ചന്ദ്രബോസിന്റെയും ഭഗത്സിംഗിന്റെയും അസ്ഫക്കുള്ളയുടെയും സൂര്യസെന്നിന്റെയും പ്രീതിലതയുടെയും യശസ് പേറുന്ന ഇന്ത്യയെയും അപമാനത്തിന്റെ പടുകുഴിയിലെത്തിക്കും. എന്നിട്ടും ഇന്ത്യൻ കുത്തകകളുടെ ഉത്തരവനുസരിച്ച് മോദിയെന്ന വിശ്വസ്തകാര്യസ്ഥൻ ഒബാമയെ താണുവീണ് സ്വീകരിച്ചിരിക്കുന്നു. യു.എസ് സാമ്രാജ്യത്വവുമായുള്ള ചങ്ങാത്തം അടിച്ചമർത്തപ്പെടുന്ന ഇന്ത്യക്കാരന്റെ താല്പര്യങ്ങളുമായി യാതൊരു ബന്ധമില്ലെന്ന കാര്യത്തിൽ തീർത്തും സംശയമില്ല. യുദ്ധവിരുദ്ധ സമാധാനകാംക്ഷികളായ ജനങ്ങളുടെ കടമ ശക്തമായ സാമ്രാജ്യത്വ വിരുദ്ധപ്രസ്ഥാനം സർവ്വശക്തിയുമെടുത്ത് കെട്ടിപ്പടുക്കുകയെന്നതാണ്. മാനവരാശിയുടെ കൊടിയശത്രുവായ യു.എസ് സാമ്രാജ്യത്വം തുലയട്ടെ എന്ന മുദ്രാവാക്യം ഉച്ചൈസ്തരം ഉയരട്ടെ. ●

ത്രിപുരയിലെ അഗർത്തലയിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ ഒബാമയുടെ ഇന്ത്യാ സന്ദർശനത്തിനെതിരെ നടത്തിയ പ്രതിഷേധ മാർച്ചിൽ നിന്ന്



Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/02/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 41 No.10
Price : Rs 5.00
February 2015

# കെഎസ്ഇബി കരാർ തൊഴിലാളി സംസ്ഥാന സമ്മേളനം




ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷന്റെ (എഐപിഎഫ്)ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ എക്സ്.ജോസഫ്, വി.കെ. സദാനന്ദൻ, എസ്.സീതിലാൽ, കെ.എ.ജോൺ, ജി.മധുസൂദനൻ പിള്ള, ഡി.സുന്ദരേശൻ, പി.എം.ദിനേശൻ, വി.പി.കൊച്ചുമോൻ തുടങ്ങിയവർ വേദിയിൽ

സംസ്ഥാന വൈദ്യുതി ബോർഡിലെ കരാർ തൊഴിലാളികളുടെ സംഘടനയായ കെഎസ്ഇബി പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ജനുവരി 24 നുനടന്നു. സമ്മേളനത്തിനു മുന്നോടിയായി തമ്പാനൂർ റെയിൽവേ സ്റ്റേഷനു മുൻപിൽ നിന്നും ആരംഭിച്ച പ്രകടനത്തിൽ നൂറുകണക്കിനു തൊഴിലാളികൾ അണിനിരന്നു. കിഴക്കേകോട്ടയിലുള്ള കോസലരാമദാസ് നഗറിൽ (പ്രിയദർശിനി ഹാൾ) സമ്മേളന നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് യൂണിയന്റെ സംസ്ഥാനപ്രസിഡന്റ് സഖാവ് എക്സ്.ജോസഫ് പതാക ഉയർത്തി. തുടർന്ന് രക്തസാക്ഷി മണ്ഡപത്തിൽ നേതാക്കൾ പുഷ്പാർച്ചന നടത്തി. സഖാവ് എക്സ്.ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ യൂണിയൻ ജനറൽ സെക്രട്ടറി സഖാവ് എസ്. സീതിലാൽ സ്വാഗതം ആശംസിച്ചു. അന്തരിച്ച നേതാക്കളായ സഖാക്കൾ കെ.പി. കോസലരാമദാസ്, പെരുങ്ങുഴി എം.തങ്കപ്പൻ, എ.ജലാലുദ്ദീൻ, സി.ജെ.മത്തായി എന്നിവർക്കും ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർക്കും അപകടത്തിൽപ്പെട്ടും അല്ലാതെയും മരണപ്പെട്ട തൊഴിലാളികൾക്കും സമ്മേളനം അനുശോചനം രേഖപ്പെടുത്തി.

കേന്ദ്ര ട്രേഡ് യൂണിയനായ എ.ഐ.യു.റ്റി.യു.സി.യുടെ നേതൃത്വത്തിൽ രൂപംകൊണ്ട ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷന്റെ (എഐപിഎഫ്)ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ സമ്മേളനം ഉദ്ഘാടനം ചെയ്തു. "വൈദ്യുതി നിയമം 2003 പിൻപറ്റി വൈദ്യുതി രംഗത്തെ തൊഴിലുകൾ മുഴുവൻ കരാർ തൊഴിലാക്കി മാറ്റുവാനും സ്വകാര്യവത്ക്കരിക്കുവാനും ഇന്ന് എല്ലാ സംസ്ഥാന സർക്കാരുകളും ശ്രമിച്ചുവരികയാണ്. തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിച്ച് കുത്തകകൾക്ക് കൊള്ള ലാഭം അടിക്കുവാനുള്ള അവസരം ഒരുക്കുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. അവശ്യസർവ്വീസായ വൈദ്യുതി രംഗം പൊതുമേഖലയിൽ തന്നെ നിലനിർത്തുവാൻ ആവശ്യമായ പ്രക്ഷോഭണം വളർത്തിയെടുക്കുവാൻ തൊഴിലാളികൾ മുന്നിട്ടിറങ്ങണം." സഖാവ് സമർ സിൻഹ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

എഐയുറ്റിയുസി സംസ്ഥാനസെക്രട്ടറി സഖാവ് വി.കെ. സദാനന്ദൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് കെ.എ.ജോൺ, കെ.എസ്.ആർ.ടി.സി. വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി സ:ജി. മധുസൂദനൻപിള്ള, എഐപിഎഫ് സംസ്ഥാന സെക്രട്ടറി സഖാവ് ഡി.സുന്ദരേശൻ, എച്ച്.എൻ.എൽ-സി.&സി വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സഖാവ് പി.എം.ദിനേശൻ, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജോയിന്റ് സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ എന്നിവർ ആശംസാപ്രസംഗം നടത്തി.

ജനറൽസെക്രട്ടറി അവതരിപ്പിച്ച സുദീർഘമായ സംഘടനാ റിപ്പോർട്ട് സമ്മേളനം ചർച്ച ചെയ്ത് അംഗീകരിച്ചു. കേന്ദ്രസർക്കാർ കുത്തകകൾക്കനുകൂലമായി തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനെതിരെയുള്ള പ്രമേയം തിരുവനന്തപുരം ജില്ലാ സെക്രട്ടറി ജെ.സുരേഷും വൈദ്യുതി ബോർഡിനെ സ്വകാര്യവത്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം ആലപ്പുഴ ജില്ലാ സെക്രട്ടറി ആർ. വേണുഗേപാലും അവതരിപ്പിച്ചു. അഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയ ഫൈനൽ ലിസ്റ്റിലുള്ള 1001 തൊഴിലാളികളെ ഉടൻ നിയമിക്കുക, പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ 25% തുടർന്നും കരാർ തൊഴിലാളികൾക്കായി മാറ്റിവെയ്ക്കുക, അപകടങ്ങളിൽപ്പെട്ട് മരണമടയുന്നതൊഴികളുടെ ആശ്രിതർക്ക് നിയമനം നൽകുക, ജോലിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് മതിയായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക തുടങ്ങിയ ആവശ്യങ്ങൾ അടങ്ങുന്ന ചാർട്ടർ ഓഫ് ഡിമാന്റ് വയനാട് ജില്ലാ സെക്രട്ടറി യു.എം.ബിനു അവതരിപ്പിച്ചു. പുതിയ ഭാരവാഹികൾ അടങ്ങുന്ന പാനൽ ഇടുക്കി ജില്ലാ പ്രസിഡന്റ് കെ.കെ. മോഹനൻ അവതരിപ്പിച്ചു.

അവതരിപ്പിച്ചു.എല്ലാ പ്രമേയങ്ങളും സമ്മേളനം ഐക്യകണ്ഠേന പാസ്സാക്കി. വളരെ ചിട്ടയോടുകൂടി നടന്ന സമ്മേളനത്തിന് അദ്ധ്യക്ഷൻ സഖാവ് എക്സ്.ജോസഫ് സമാപന സന്ദേശം നൽകി. സംഘടനയെ ശക്തിപ്പെടുത്തി മുന്നേറുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. സഖാവ് ഡി.ഹരികൃഷ്ണൻ കൃതജ്ഞത പറഞ്ഞു.

**പുതിയ ഭാരവാഹികൾ**

എക്സ്. ജോസഫ് (പ്രസിഡന്റ്), വി.കെ. സദാനന്ദൻ (വർക്കിംഗ്പ്രസിഡന്റ്), കെ.പി. വർഗ്ഗീസ്, എ.ബി.മുഹമ്മദ് അസ്‌ലം, പി.എം. ദിനേശൻ, കെ.കെ.മോഹനൻ, അബ്ദുൾ അസീസ് (വൈസ് പ്രസിഡന്റ്മാർ), എസ്. സീതിലാൽ (ജനറൽസെക്രട്ടറി), ടി.ജെ.സജിമോൻ, പി.കെ.സജി, സി.എൻ.പ്രഭഞ്ജനൻ, ജെ.സുരേഷ്(സെക്രട്ടറിമാർ), ആർ. വേണുഗോപാൽ (ട്രഷറർ), ഹരികൃഷ്ണൻ (ഓഫീസ് സെക്രട്ടറി), യു.എം.ബിനു (വയനാട്), കെ. ഷാജി (കോഴിക്കോട്), മൈക്കിൾ സ്വാമി (പാലക്കാട്), പി.റ്റി.സെയ്തലവി, വി.റ്റി.ശശി(മലപ്പുറം), പി.എൻ.നന്ദകുമാർ, കെ.എ.ശശീന്ദ്രൻ(തൃശൂർ), ആന്റണി ലീനസ്, അബ്ദുൾ ഖാദർ (എറണാകുളം), മാത്തുക്കുട്ടി, വി.പി. കൊച്ചുമോൻ(കോട്ടയം), ബേബി ജോർജ്ജ് (ഇടുക്കി), പി.ആർ.സതീശൻ, ഡി.സുദർശനൻ (ആലപ്പുഴ), ബി.വിനോദ് (കൊല്ലം), പി.കെ. ഷാജി, കെ.ജി.അനിൽകുമാർ(പത്തനംതിട്ട) (സെൻട്രൽ കമ്മിറ്റി അംഗങ്ങൾ) ●



കെഎസ്ഇബി പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളന പ്രതിനിധികൾ

# സ്ത്രീസുരക്ഷാ സമ്മേളനം കോട്ടയത്ത്

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കും സാംസ്കാരിക തകർച്ചയ്ക്കുമെതിരെ കോട്ടയത്ത് ജനുവരി 14 ന് ജില്ലാ സ്ത്രീസുരക്ഷ സമ്മേളനം നടന്നു.

സാഹിത്യപ്രവർത്തക സഹകരണ സംഘം ഹാളിൽ നടന്ന സമ്മേളനം പ്രമുഖ സാമൂഹ്യ പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്തു. അനീതികൾക്കും തിന്മകൾക്കും എതിരെ പ്രതികരിക്കുമ്പോൾ മാത്രമാണ് ഒരുവൻ ജിവിതവിജയം നേടുന്നത് എന്ന് ദയാബായി അഭിപ്രായപ്പെട്ടു. നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥ മനുഷ്യനുമേൽ അടിച്ചേൽപ്പിക്കുന്ന തെററായ ധാരണകളെ ചെറുത്തുപരാജയപ്പെടുന്നിടത്താണ് പുതിയ സമൂഹം സൃഷ്ടിക്കപ്പെടുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും മേൽ വർധിച്ചുവരുന്ന അതിക്രമങ്ങളുടെ ഒരു പ്രധാന കാരണം മദ്യത്തിന്റെ വ്യാപനമാണ്. അതിനാൽ കേരളത്തിലെ മുഴുവൻ മദ്യശാലകളും അടച്ചുപൂട്ടണമെന്നത് പൊതുസമൂഹത്തിന്റെ നിരുപാധികമായ ഡിമാന്റായി ഉയർന്നുവരണമെന്നും ദയാബായി പറഞ്ഞു.

പ്രൊഫ.സി.മാമ്മച്ചൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രശസ്തസാഹിത്യകാരിയും വയലാർ അവാർഡ് ജേതാവുമായ കെ.ആർ. മീര മുഖ്യപ്രഭാഷണം നടത്തി. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ, പ്രൊഫ.സി.എസ്.മേനോൻ, എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ആൻസമ്മ തോമസ്, അർച്ചന വിമൻസ് സെന്റർ ഡയറക്ടർ ത്രേസ്യാമ്മ മാത്യു, ഡോ. കൊച്ചുറാണി എബ്രഹാം, ലീഗൽ സർവ്വീസ് സെന്റർ സംസ്ഥാന കൺവീനർ അഡ്വ.എം.എ.ബിന്ദു, ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, പ്രൊഫ.പി.എൻ.തങ്കച്ചൻ, സലീമ ജോസഫ് എന്നിവർ പ്രസംഗിച്ചു. മിനി.കെ.ഫിലിപ്പ് സ്വാഗതവും കെ.എസ്.ശശികല നന്ദിയും പറഞ്ഞു.

അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത്, ജസ്റ്റിസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് 1971 ഭേദഗതി പിൻവലിക്കുക തുടങ്ങിയ വിഷയങ്ങളിൽ യഥാക്രമം ഷീജ മറീന മാർട്ടിൻ, ആലീസ് ജോസഫ്, ഗിരിജ കെ.കെ എന്നിവർ അവതരിപ്പിച്ച പ്രമേയങ്ങൾ സദസ്സ് ഐകകണ്ഠ്യേന പാസ്സാക്കി. പ്രൊഫ.സി.മാമ്മച്ചൻ പ്രസിഡന്റായും ഷീജ മറീന മാർട്ടിൻ സെക്രട്ടറിയായും 51 അംഗ ജില്ലാ സ്ത്രീസുരക്ഷാ സമിതിയെ സമ്മേളനം തെരഞ്ഞെടുത്തു.

വൈകുന്നേരം തിരുനക്കര പഴയ പോലീസ് സ്റ്റേഷൻ മൈതാനത്തിൽ പൊതുസമ്മേളനം നടന്നു. പൊതുസമ്മേളനത്തിലും ദയാബായി പ്രസംഗിച്ചു. ഷൈല കെ. ജോൺ, മിനി കെ. ഫിലിപ്പ്, കെ.എസ്.ശശികല, ആശാരാജ് യു.ജെ എന്നിവരും പ്രസംഗിച്ചു. ●






സമ്മേളനം ദയാബായി ഉദ്ഘാടനം ചെയ്യുന്നു. കെ.ആർ. മീര, ഷൈല കെ.ജോൺ, പ്രൊഫ.സി.എസ്.മേനോൻ, ആൻസമ്മ തോമസ്, ത്രേസ്യാമ്മ മാത്യു, ഡോ.കൊച്ചുറാണി എബ്രഹാം, മിനി.കെ.ഫിലിപ്പ് , അഡ്വ.എം.എ.ബിന്ദു, എൻ.കെ.ബിജു, പ്രൊഫ.പി.എൻ.തങ്കച്ചൻ, സലീമ ജോസഫ്, കെ.എസ്.ശശികല തുടങ്ങിയവർ വേദിയിൽ. (വലത്) സമ്മേളന സദസ്സ്.

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.